# സെൻറ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ

## കേളകം

# Academic Master Plan

# അക്കാദമിക മാസ്റ്റർ പ്ലാൻ

**(ഹൈസ്കൂൾതലം)**

**2022 – 2027**

**(A Plan For Five Years... and For Ever...)**

***'The Minimum to All***
***and***
***The Maximum to Maximum'***

Prepared and published by Mathew M V (Headmaster) on behalf of School Resource Group(SRG), St. Thomas High School, Kelakam.

# St.Thomas Higher Secondary School, Kelakam, Kannur – 670674.

**Phone: 04902413370, E-mail: stthomashsk@gmail.com. 9447689895(HM)**

## അക്കാദമിക മാസ്റ്റർ പ്ളാൻ 2022-2027

## Academic Master Plan 2022-2027

***'The Minimum to All and The Maximum to Maximum'***

## ആമുഖം

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി കേളകം സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളും മികവിന്റെ കേന്ദ്രമാകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡിന്റെ കാലത്തുപോലും വ്യത്യസ്തവും പുതുമയുള്ളതുമായ ധാരാളം പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. കോവിഡ് മാറി കുട്ടികളെല്ലാം ക്ലാസ്സ് റൂം പഠനത്തിലേക്ക് വന്നപ്പോൾ പഠനവും പഠനാന്തരീക്ഷവും ഏറ്റവും മികവുറ്റതാക്കാൻ ഞങ്ങൾ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി തയ്യാറാക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ കേളകം സെൻറ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാകുവാൻ സഹായിക്കും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. മാനേജ്മെൻറിൻെറയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയോടെ ഏറ്റവും മികവുറ്റതായി നടപ്പാക്കാൻ സാധിക്കും എന്ന പ്രതീക്ഷയിൽ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ നിങ്ങളുടെ മുമ്പിൽ സാദരം സമർപ്പിക്കട്ടെ.**

| | |
|---|---|
| **സി സി സന്തോഷ്,** | **മാത്യു എം വി,** |
| **പിടിഎ പ്രസിഡൻറ്** | **ഹെഡ്മാസ്റ്റർ** |

# ആശംസകൾ...

പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ പ്രവർത്തന മേഖലയിൽ പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. സാധാരണക്കാരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കണം എന്ന ആഗ്രഹത്തോടെയാണ് നമ്മുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. കേളകം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മമായാണ് ഞങ്ങൾ വിലയിരുത്തുന്നത്. സ്കൂളിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അടുത്ത അഞ്ചുവർഷക്കാലം നടപ്പാക്കണം എന്ന് ആഗ്രഹിച്ച് ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ എന്തുകൊണ്ടും അഭിനന്ദനാർഹമാണ്. നിരവധി നൂതന പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിൽ ആസൂത്രണം ചെയ്തിരിക്കുന്നതായി നാം മനസ്സിലാക്കുന്നു. സയൻസ് മ്യൂസിയം, സ്കൂൾ ആർട്ട് ഗാലറി, എല്ലാവർക്കും നീന്തൽ പരിശീലനം, വിദേശത്തും സ്വദേശത്തുമുള്ള സ്കൂൾ കുട്ടികളുമായി ഇംഗ്ളീഷിലും ഹിന്ദിയിലും നടത്തുന്ന ഇന്ററാക്ഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ തീർച്ചയായും ഈ വിദ്യാലയത്തിൽ പഠിക്കാനെത്തുന്ന മുഴുവൻ കുട്ടികൾക്കും പ്രയോജനപ്രദമാകും എന്ന് നാം കരുതുന്നു. പ്രവർത്തനങ്ങളുടെ ആസൂത്രണങ്ങളെല്ലാം നന്നായിരിക്കുന്നു. പിന്നണിയിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുന്നു. അതോടൊപ്പം, പ്ലാൻ ചെയ്തിരിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും ഉത്തരവാദിത്വപൂർവ്വം ഏറ്റെടുത്തു നടത്താൻ സ്കൂളിലെ അധ്യാപകർക്ക് സാധിക്കണം. ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണങ്ങളെല്ലാം വിജയകരമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു... എല്ലാവിധ ആശംസകളും നേരുന്നു.

മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത
പ്രസിഡൻറ്,
പൗരസ്ത്യ സുവിശേഷ സമാജം

# ആശംസകൾ...

കേളകം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇരിട്ടി മേഖലയിൽ എല്ലായിപ്പോഴും ശ്രദ്ധിക്കപ്പെട്ടിട്ടുള്ള വിദ്യാലയമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി പാഠ്യ-പാഠ്യേതര രംഗത്ത് മികവിന്റെ കേന്ദ്രമാകാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. 2022 - 27 എന്ന് പറയുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടമാണ്. വിദ്യാഭ്യാസമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കാനായി ധാരാളം നൂതന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ലോക ക്ലാസിക്കുകളിലേക്കുള്ള യാത്ര, വിവിധ പ്രോജക്ടുകൾ, കലാരൂപങ്ങൾ അവതരിപ്പിച്ചിട്ടുള്ള ചരിത്രപഠനം തുടങ്ങി 55 പ്രവർത്തനങ്ങളും കുട്ടികൾക്ക് ഗുണകരമാകും എന്ന് എനിക്ക് ഉറപ്പുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം ആത്മാർത്ഥമായി നടപ്പാക്കുകയാണെങ്കിൽ വരും വർഷങ്ങൾ ഈ സ്കൂളിന്റെ സുവർണ്ണ കാലമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഏറ്റവും ശ്രദ്ധേയമായി എനിക്ക് തോന്നിയത് എല്ലാത്തരം കുട്ടികളെയും പരിഗണിക്കുന്ന ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ആണ് ഇത് എന്നുള്ളതാണ്. ഇതിന്റെ ആപ്തവാക്യം എനിക്ക് ഒരുപാട് ഇഷ്ടപ്പെട്ടു. അത് പ്രവർത്തിപഥത്തിൽ എത്തുമ്പോൾ **The Maximum to All** എന്നായി മാറും എന്ന് ഞാൻ കരുതുകയാണ്. മാത്യു സാറിന്റെയും ഗീവർഗീസ് സാറിന്റെയും നേതൃത്വത്തിൽ ഇവിടെ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെല്ലാം ഏറ്റവും ഭംഗിയായി ന ടപ്പാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു,
വിജയാശംസകൾ നേരുന്നു.


അഡ്വ. സണ്ണി ജോസഫ്
എം എൽ എ
പേരാവൂർ നിയോജകമണ്ഡലം

# ആശംസകൾ...

കേളകം സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ കഴിഞ്ഞ നാളുകളിൽ വളരെ മികച്ച പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് പറയുന്നതിൽ സന്തോഷമേയുള്ളൂ. ഹയർ സെക്കൻഡറി വിഭാഗം ഗീവർഗീസ് സാറിന്റെ നേതൃത്വത്തിലും ഹൈസ്കൂൾ വിഭാഗം മാത്യു സാറിന്റെ നേതൃത്വത്തിലും വളരെ ഭംഗിയായി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചു കൊണ്ടിരിക്കുകയാണല്ലോ. ഇപ്പോഴിതാ, 5 വർഷത്തേക്കുള്ള അക്കാദമിക മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിരിക്കുകയാണ്. ഒരുപാട് നല്ല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അക്ഷരത്തെളിച്ചം മുതൽ ആർട്ട് ഗാലറി വരെയുള്ള എല്ലാ പ്രവർത്തനങ്ങളും മികച്ചതാണ്. കാലാവസ്ഥാനിരീക്ഷണകേന്ദ്രം പോലും ഇവിടെ പ്ളാൻ ചെയ്തിട്ടുണ്ട്. അതെല്ലാം നമ്മുടെ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചക്ക് സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല.

അക്കാദമിക രംഗത്ത് കേരളത്തിലെ ഒരു മികച്ച വിദ്യാലയമായി മാറുവാൻ കേളകം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന് സാധിക്കണം. അതിന് കഴിവുള്ള അധ്യാപകരാണ് ഇന്നിവിടെ ഉള്ളത്. മാനേജ്മെന്റിന്റെ എല്ലാ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും എപ്പോഴും നിങ്ങളുടെ കൂടെയുണ്ടാവും. ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ നിങ്ങൾ മുന്നോട്ടുവെച്ചിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഏറ്റവും മികച്ച രീതിയിൽ നടപ്പാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇത്തരമൊരു വലിയ വർക്ക് തയ്യാറാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. കുട്ടികൾക്കും സ്കൂളിനും പ്രയോജനപ്രദമാകുന്ന വിധത്തിൽ ഓരോ പ്രവർത്തനവും ഭംഗിയായി നിർവഹിക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നതോടൊപ്പം എല്ലാവിധ വിജയാശംസകളും നേരുന്നു.

ഫാ. തോമസ് മാളിയേക്കൽ
കോർപ്പറേറ്റ് മാനേജർ, ഇ എ ഇ സ്കൂൾസ്

# ആശംസകൾ...

കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനോടൊപ്പം ചേർന്ന് കേളകം സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി അടുത്ത അഞ്ചു വർഷത്തേക്കുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വേറിട്ട പ്രവർത്തനം മാതൃകാപരമാണ്. സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും ഗുണനിലവാരമുള്ള മികച്ച വിദ്യാഭ്യാസം നൽകുന്നതിനൊപ്പം കലാ കായിക മേഖലകളിലും വൈജ്ഞാനിക മേഖലയിലും സാമൂഹ്യ സേവന രംഗങ്ങളിലും അവരുടെ കഴിവുകളെ വളർത്തുന്ന നിരവധി പദ്ധതികൾ ഇതിലുണ്ട്. മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പു വരുത്തുവാനുമുള്ള പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ കാണാം. അതോടൊപ്പം, ഭാവി സാധ്യതകൾ മുന്നിൽ കണ്ട് ഇപ്പോൾ നൽകി വരുന്ന സിവിൽ സർവീസ് പരിശീലനമടക്കം കൂടുതൽ മികവോടെ നൽകാനുള്ള ശ്രമങ്ങളും ഉണ്ട്.

ഇത്തരത്തിൽ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, ഭൗതികസൗകര്യം, പഠന രീതികൾ, സാമൂഹ്യപ്രവർത്തനം തുടങ്ങിയ ഘടകങ്ങളെയെല്ലാം സർഗ്ഗാത്മകമായി കൂട്ടിച്ചേർത്ത് അഞ്ച് വർഷം കൊണ്ട് കേളകം സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ഏറ്റവും മികച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ സ്കൂൾ അധികൃതരെ അഭിനന്ദിക്കുന്നു. സ്കൂളിന്റ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

സി ടി അനീഷ്
പ്രസിഡൻറ്, കേളകം ഗ്രാമ പഞ്ചായത്ത്.

# സ്കൂളിനെക്കുറിച്ച്

| | | |
|---|---|---|
| സ്ഥാപിതം | : | 1964 |
| സ്കൂളിന്റെ പേര് | : | സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ |
| മേൽവിലാസം | : | കേളകം പി. ഒ.<br>കണ്ണൂർ ജില്ല, കേരളം.<br>പിൻ. 670674 |
| ഫോൺ(HS) | : | 04902413370 |
| ഫോൺ(HSS): | : | 04902416670 |
| സ്കൂൾ കോഡ് (HS) | : | 14038 |
| സ്കൂൾ കോഡ് (HSS) | : | 13058 |
| വിദ്യാഭ്യാസ ഉപജില്ല | : | ഇരിട്ടി |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ബി ആർ സി | : | ഇരിട്ടി |
| ഗ്രാമപഞ്ചായത്ത് | : | കേളകം |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാവൂർ |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| നിയോജകമണ്ഡലം | : | പേരാവൂർ |
| ലോകസഭാ മണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | ഇരിട്ടി |
| വില്ലേജ് | : | കേളകം |
| E-mail വിലാസം(HS) | : | stthomashsk@gmail.com |
| E-mail വിലാസം(HSS) | : | stthomashssklm@gmail.com |
| Youtube വിലാസം | : | ST THOMAS KELAKAM |
| Head Master | : | Mathew M V |
| Phone | : | 9447689895 |
| Principal | : | Geevarghese N I |
| Phone | : | 8281787592 |

# സ്കൂളിൻെറ ലഘുചരിത്രം

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പൗരസ്ത്യ സുവിശേഷ സമാജത്തിന് കീഴിൽ 1964 ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. ദിവംഗതനായ വന്ദ്യ ആത്തുങ്കൽ ഗീവർഗീസ് കോർ എപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ ഈ നാട്ടിലെ സുമനസ്സുകളുടെ സഹകരണത്തോടെ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. കണ്ണൂർ ജില്ലയുടെ മലയോരമേഖലയിൽ ഉൾപ്പെട്ട പഴയ കാപ്പാട് പഞ്ചായത്തിലെയും ഇന്നത്തെ കേളകം, കൊട്ടിയൂർ, കണിച്ചാർ പഞ്ചായത്തുകളിലെയും സാധാരണക്കാരായ കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള ഏക ആശ്രയമായിരുന്ന കേളകം സെന്റ് തോമസ് ഹൈസ്കൂൾ. ഈ വിദ്യാലയത്തിൽ നിന്നും വിദ്യാഭ്യാസം നേടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിതത്തിന്റെ വിവിധ പന്ഥാവുകളിൽ ജോലിചെയ്ത് ജീവിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. പിന്നീട് സമീപപ്രദേശങ്ങളായ കൊട്ടിയൂർ, അടയ്ക്കാത്തോട്, കൊളക്കാട് സ്ഥലങ്ങളിൽ ഹൈസ്കൂളുകൾ വന്നെങ്കിലും ഇന്നും ഈ വിദ്യാലത്തിൻെറ പ്രസക്തിയിലും പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിലും കുറവ് വന്നിട്ടില്ല. ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിച്ചിറങ്ങിയ വിദ്യാലയത്തിൽ ഇന്നും നൂറുകണക്കിന് വിദ്യാർത്ഥികൾ വിദ്യാഭ്യാസം നേടി വരുന്നു.

2010-ൽ ഈ വിദ്യാലയം ഹയർ സെക്കൻഡറിയായി ഉയർത്തപ്പെട്ടു. ബയോളജി സയൻസ്, കമ്പ്യൂട്ടർ സയൻസ്, കോമേഴ്സ് വിഷയങ്ങളിലായി മൂന്ന് ബാച്ചുകൾ ഹയർ സെക്കൻഡറിയിൽ പ്രവർത്തിക്കുന്നു.

കണ്ണൂർ ജില്ലയിലെ കിഴക്കൻ കുടിയേറ്റ മേഖലയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. കഴിഞ്ഞ ആറ് പതിറ്റാണ്ടുകാലം ഈ നാടിന്റെ വിദ്യാഭ്യാസ-സാംസ്കാരിക കേന്ദ്രമായിരുന്നു ഈ വിദ്യാലയം. കേളകം പട്ടണത്തോട് ചേർന്ന് ഒരു കുന്നിൻനെറുകയിൽ വിഹരിക്കുന്ന സുന്ദരമായ ഒരു ക്യാമ്പസ്. വിശാലമായ മൈതാനം. പഴയകാല പള്ളിക്കൂടത്തിന്റെ പ്രൗഡി ഒട്ടും നഷ്ടപ്പെടാത്ത കെട്ടിട സമുച്ചയം. നിരവധിയായ വൃക്ഷങ്ങളാൽ ഹരിതാഭയായി ശോഭിക്കുന്ന സരസ്വതീക്ഷേത്രം. പഠിച്ചു പോയവർക്കും പഠിക്കുന്നവർക്കും ഒരുപോലെ ഹൃദയഹാരിയായ വിദ്യാലയാങ്കണം. സാധാരണക്കാരുടെ മക്കൾക്ക് അന്നും ഇന്നും ആശ്രയമാണ് ഈ വിദ്യാലയം. അക്കാദമിക മികവുകൊണ്ട് ആരെയും അത്ഭുതപ്പെടുത്താൻ പാകത്തിന് വിജയക്കുതിപ്പിനായി കൊതിക്കുന്ന കേളകം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന്റെ അടുത്ത അഞ്ച് വർഷത്തേക്കുള്ള അക്കാദമിക മാസ്റ്റർ പ്ലാനാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ഹൈസ്കൂൾ വിഭാഗത്തിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ച് അവരുടെ അക്കാദമിക നിലവാരം മനസ്സിലാക്കി നടപ്പാക്കുന്നതിന് ആവശ്യമായ ആസൂത്രണമാണ് ഈ അക്കാദമിക് മാസ്റ്റർ പ്ളാനിലൂടെ ചെയ്തിരിക്കുന്നത്. ഹൈസ്കൂൾതലമായതിനാൽ അടിസ്ഥാനവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതുകൊണ്ട് കലാ കായിക മേഖലയ്ക്കും സർഗ്ഗശേഷിവികസനത്തിനും ഇവിടെ പ്രാധാന്യം നൽകുന്നുണ്ട്. സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പുവരുത്തി വിദ്യാലയത്തെ ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

## സ്കൂളിലെ പ്രധാനപ്പെട്ട കൂട്ടായ്മകൾ

| ഔദ്യോഗികം | ചുമതല |
|---|---|
| സ്റ്റുഡന്റ് പോലീസ് കേഡറ്റ് | :ജോബി ഏലിയാസ്, അശ്വതി കെ ഗോപിനാഥ് |
| ഭാരത് സ്കൗട്ട്സ് | :ടൈറ്റസ് പി സി, നൈസ് മോൻ |
| ഭാരത് ഗൈഡ്സ് | :റീന ഇരുപ്പക്കാട്ട്, സനില എൻ |
| ജൂനിയർ റെഡ് ക്രോസ് | :സീന ഇ എസ് |
| ലിറ്റിൽ കൈറ്റ്സ് | :അനൂപ് കുമാർ പി വി, ദിവ്യ തോമസ് |

| അനൗദ്യോഗികം | ചുമതല |
|---|---|
| ന്യൂസ് റീഡേഴ്സ് ക്ലബ് | :ഷൈന എം ജി |
| വായനക്കൂട്ടം | :ജോസഫ് കെ സി |
| വേദിക് ഐഎഎസ് അക്കാദമി | :സോണി ഫ്രാൻസിസ് |
| നാഷണൽ ഡിഫൻസ് അക്കാദമി | :ലിജി ജോർജ് |
| എൻഎംഎംഎസ്/എൻടിഎസ്ഇ | :കുസുമം പി എ |
| ലഹരി വിരുദ്ധ ക്ലബ്ബ് | :ഫാ. എൽദോ ജോൺ |
| പരിസ്ഥിതി ക്ലബ്ബ്/സീഡ് ക്ലബ്ബ് | :സനില എൻ |
| കരാട്ടെ ക്ലബ്ബ് | :ബിബിൻ ആൻറണി |
| മ്യൂസിക് ക്ലബ്ബ് | :അനൂപ് കുമാർ പി വി |
| സ്പോർട്സ് ക്ലബ്ബ് | :ബിബിൻ ആൻറണി |

## SSLC Result

| Year | No Students | Pass Percentage | No of Full A+ |
|---|---|---|---|
| 2020 | 186 | 99.5% | 21 |
| 2021 | 176 | 99.4% | 76 |
| 2022 | 183 | 100% | 22 |
| 2023 | 183 | 100% | 46 |
| 2024 | 183 | 100% | 49 |
| 2025 | 157 | 99.36 | 21 |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (ഹൈസ്കൂൾ വിഭാഗം)

ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലായി 15 ഡിവിഷനുകളാണുള്ളത്. കോവിഡിന്റെ പശ്ചാത്തലത്തിൽ രണ്ട് വർഷം അധ്യയനം നഷ്ടപ്പെട്ടതുകൊണ്ടുതന്നെ പഠനത്തോട് വേണ്ടത്ര താല്പര്യമില്ലാത്തവരും ഓൺലൈൻ പഠനം മൂലം പഠനത്തിൽ പിന്നാക്കം പോയവരും പഠനത്തിലും പാഠ്യേതര കാര്യങ്ങളിലും തൽപരരായവരും ഉൾക്കൊള്ളുന്നതാണ് ഇപ്പോഴത്തെ വിദ്യാർത്ഥികൾ. അവരിലെ മേന്മകളും കുറവുകളും തിരിച്ചറിഞ്ഞ് അവരുടെ നല്ല ഭാവിയെ ലക്ഷ്യം വെച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം അവർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

1964 ൽ സ്ഥാപിതമായതും 2010 ൽ ഹയർ സെക്കൻഡറിയായി ഉയർത്തപ്പെട്ടതുമായ കേളകം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഭൗതികവും വിദ്യാഭ്യാസപരവുമായ വികസനമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ട് വെക്കുന്നത്. കെട്ടിടം, വാഹനം, യൂണിഫോമിന്റെ നിറം തുടങ്ങിയ ഭൗതിക വസ്തുക്കളെ അടിസ്ഥാനമാക്കിയല്ല ഒരു വിദ്യാലയത്തിന്റെ വിദ്യാഭ്യാസ ഗുണത്തെ വിലയിരുത്തേണ്ടത് എന്ന കാര്യത്തിൽ തർക്കമില്ല. എങ്കിലും, ആറ് പതിറ്റാണ്ടിന്റെ പഴക്കം ഇപ്പോഴും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ കാണാൻ കഴിയും. മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ ഭൗതിക സാഹചര്യങ്ങളുടെ പിന്നാക്കാവസ്ഥ മാനേജ്മെന്റിന് ബോധ്യമുള്ളതാണ്. ഈ വർഷങ്ങളിൽ അവ പരിഹരിച്ച് തരും എന്ന പ്രതീക്ഷ എല്ലാവർക്കുമുണ്ട്. മാനേജ്മെന്റ് ഈ വിഷയത്തെ വളരെ ഗൗരവമായി എടുത്തിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതും.

സ്കൂളിന്റെ അക്കാദമിക നിലവാരം കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാന ശരാശരിയെക്കാൾ മുകളിലാണ്. എങ്കിലും, ശ്രദ്ധേയമോ അത്ഭുതാവഹമോ ആയ പ്രവർത്തനങ്ങൾ ഒന്നും തന്നെ  എടുത്തു പറയാനില്ല. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പ്രാദേശിക ഗവൺമെന്റുകളുടെയുമൊക്കെ സഹകരണവും താല്പര്യവും വരുംവർഷങ്ങളിൽ ഈ സ്കൂളിന്റെ  യശസ്സ് ഉയർത്തുന്നതിനും അതിന്റെ പ്രതിഫലനം വിദ്യാർത്ഥികളുടെ പഠനമികവിലും  സാമൂഹികമുന്നേറ്റത്തിലും പ്രകടമാകും എന്ന കാര്യത്തിലും സംശയമില്ല. എട്ടാം തരത്തിലേക്ക് പ്രവേശനം നേടിയെത്തുന്ന കുട്ടികളിൽ 20 ശതമാനമെങ്കിലും മാതൃഭാഷയിൽ എഴുത്തും വായനയും അറിയാത്തവരും 40 ശതമാനത്തോളം കുട്ടികൾ ആശയവിനിമയത്തിൽ വളരെ പിറകിൽ നിൽക്കുന്നവരുമാണ് എന്നത് ഒരു വസ്തുതയാണ്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകമായ മാതൃഭാഷാജ്ഞാനം  മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക എന്നത് മുതൽ പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് അതിന്റെ ഏറ്റവും ഉയർന്ന നിലവരെ എത്തുന്നതിന് സഹായിക്കുന്നതാവണം നമ്മൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

ഒരു വിദ്യാലയത്തിന്റെ ഗുണം ആ വിദ്യാലയം വിദ്യാഭ്യാസരംഗത്ത് നൽകുന്ന പഠനബോധന പ്രവർത്തനങ്ങളുടെ ഗുണത്തെ ആശ്രയിച്ചായിരിക്കും. ഓരോ കുട്ടിയും പഠനബോധന പ്രവർത്തനത്തിൽ പങ്കാളിയാകുന്നുണ്ടോ എന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. ഓരോ കുട്ടിക്കും പഠനാനുഭവം കിട്ടുന്നുണ്ടോ എന്നതാണ് ചോദ്യം. കുട്ടിക്ക് പഠനം അനായാസകരവും ആസ്വാദ്യകരവുമായിത്തീരുന്ന തരത്തിൽ പഠനപ്രക്രിയകൾ ആസൂത്രണം ചെയ്യാനും ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ക്ലാസ് മുറിയിൽ അവ ആവിഷ്കരിക്കാനും കുട്ടിയുടെ നിലവാരത്തെ വിലയിരുത്താനും മൂല്യനിർണയം ചെയ്യാനും പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നിടത്ത് മാത്രമേ

ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാവുകയുള്ളൂ. ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസത്തോട് നമ്മളിപ്പോഴും മുഖം തിരിഞ്ഞാണ് നിൽക്കുന്നത്. അത് മാറണം. പ്രക്രിയാബന്ധിതമായ സമീപനത്തിലൂടെ പഠനത്തിൽ കുട്ടിയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ നമുക്ക് സാധിക്കണം. അതിനാവശ്യമായ മനസ്സും ആസൂത്രണവും അധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാവുക എന്നതാണ് മർമ്മപ്രധാനം.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ഓരോ കുട്ടിക്കും കൃത്യമായ അക്ഷരജ്ഞാനം, വാക്യാവബോധം, ആശയവിനിമയശേഷി എന്നിവ ഉറപ്പാക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം, കുട്ടിക്ക് നല്ല പഠനാനുഭവവും വായനാനുഭവവും ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതുണ്ട്. വായനയിലൂടെ മാത്രമേ കുട്ടിയുടെ മനസ്സിൽ നല്ല ഭാവന രൂപപ്പെടുകയുള്ളൂ. നല്ല ഭാവനയുള്ള കുട്ടിക്ക് മാത്രമേ നല്ല നാളെയെ സ്വപ്നം കാണാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു തന്നെ, ഭാഷാശേഷി വികസനത്തിലും അവയുടെ ഏറ്റവും ഉയർന്ന ഉപയോഗത്തിലും ഓരോ കുട്ടിയെയും പ്രാപ്തരാക്കുക എന്നുള്ളത് സ്കൂളിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വമായി കരുതുന്നു. അതിനാവശ്യമായ പദ്ധതികൾ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിക്കുകയാണ്.

കേളകം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ, കേളകം പഞ്ചായത്തിന്റെ ഹൃദയഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. 1940 കളിലും 50 കളിലും 60 കളിലും ഇവിടേക്ക് കുടിയേറിപ്പാർത്ത നാനാജാതി മതസ്ഥരായ ആളുകളാണ് ഈ പ്രദേശത്ത് താമസിക്കുന്നത്. അവരുടെയൊക്കെ മക്കൾ ജനാധിപത്യം, മതനിരപേക്ഷത, സാമൂഹികനീതി, അവസരസമത്വം, തുല്യത എന്നിവയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ഈ സ്ഥാപനത്തിൽ നിന്നും നേടി വന്നിട്ടുണ്ട്, ഇന്നും നേടി വരുന്നു. ഇന്ത്യൻ ഭരണഘടനയിൽ അധിഷ്ഠിതമായ സാമൂഹിക കർത്തവ്യമാണ് ഇവിടെ നിർവഹിക്കപ്പെടുന്നത്. പാരിസ്ഥിതിക അവബോധവും പൗരബോധവും ദേശീയബോധവും അവകാശബോധവും ശാസ്ത്ര-സാങ്കേതിക അവബോധവും സാംസ്കാരികസ്വത്വവും ആർജ്ജിച്ചാണ് ഓരോ കുട്ടിയും ഈ വിദ്യാലയത്തിൽ നിന്ന് പടിയിറങ്ങുന്നത് എന്ന് ഉറപ്പുവരുത്തേണ്ടത് ഞങ്ങളുടെ കടമയാണ് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അറിവിന്റെ നിർമ്മാണ പ്രക്രിയയിലും വിമർശനാത്മക സമീപനത്തിലും ഊന്നിയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ലഭ്യമാകേണ്ടതുണ്ട്. അതിനുതകുന്ന തരത്തിലാണ് സമഗ്ര സ്കൂൾ വിദ്യാഭ്യാസ പദ്ധതിയായ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ തയ്യാറാക്കപ്പെടുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് വരുന്ന കുട്ടികളെയും മറ്റ് കുട്ടികളോടൊപ്പം തുല്യസ്ഥാനം നൽകിക്കൊണ്ട് പരിഗണിക്കുകയും അക്കാദമിക മികവിന് അപ്പുറത്ത് അവർക്ക് ആവശ്യമായതെല്ലാം നൽകി അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നതാണ് ഈ വിദ്യാലയത്തിന്റെ മേന്മയായി കാണേണ്ടത്. ചുരുക്കത്തിൽ, എല്ലാ കുട്ടികളെയും  അവരുടെ സാമൂഹികമോ സാമ്പത്തികമോ ആയ അവസ്ഥാവിശേഷങ്ങൾ ഒന്നും പരിഗണിക്കാതെ തുല്യമുഖത്തോടെ കാണുകയും മികച്ച വിദ്യാഭ്യാസവും സാമൂഹികനീതിയും ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 2022-27 വർഷത്തേക്കുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെട്ടിരിക്കുന്നത്.

# അവസ്ഥാപഠനം

കേളകം സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിനായി സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വിദഗ്ധസമിതി രൂപീകരിച്ചു. അധ്യാപകർ, പിടിഎ, എംപിടിഎ പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, എസ്ആർജി, എസ്എസ്ജി, എൽഎസ്ജി അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അക്കാദമിക വിദഗ്ധർ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത സമിതിക്ക് രൂപം നൽകിയത്. ഈ സമിതി ചേർന്ന് അവസ്ഥാപഠനത്തിന് ആവശ്യമായ ടൂളുകൾ തയ്യാറാക്കി. ഇത്തരത്തിൽ തയ്യാറാക്കിയ ടൂളുകൾ പ്രയോജനപ്പെടുത്തി നടത്തിയ അവസ്ഥാപഠനത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ സമിതിക്ക് മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

## 1. പാഠ്യപദ്ധതി വിനിമയം

പാഠ്യപദ്ധതി വ്യക്തമായും ശിശുസൗഹൃദപരമായും വിനിമയം ചെയ്യപ്പെടുന്നതിന് ആവശ്യമായ ആസൂത്രണം ആവശ്യമാണ് എന്ന് കണ്ടെത്തി. ഇതിന് പ്രക്രിയാബന്ധിതമായ ആസൂത്രണം ആവശ്യമാണ്. കുട്ടികൾ സ്വയം വിലയിരുത്തുകയും കുട്ടികൾ പരസ്പരം വിലയിരുത്തുകയും അധ്യാപിക വിലയിരുത്തുകയും ചെയ്യുന്ന രീതിയിൽ പാഠ്യപദ്ധതി ആസൂത്രണം ചെയ്ത് വിനിമയം ചെയ്യപ്പെടേണ്ടതാണ്. പ്രധാനാധ്യാപകന്റെ ക്ലാസ് റൂം ഒബ്സർവേഷനിലൂടെ  ഇവ ക്ലാസ് മുറിയിൽ നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. കായിക പ്രവർത്തനങ്ങൾ സ്കൂളിൽ നടക്കുന്നുണ്ടെങ്കിലും കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ, നീന്തൽ പരിശീലനം എന്നിവ പഠനത്തോടൊപ്പം കുട്ടികൾക്ക് ലഭ്യമാകേണ്ടതാണ് എന്ന് വിലയിരുത്തി.

## 2. പഠനാന്തരീക്ഷം

സ്കൂളിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കേണ്ടതുണ്ട്. സെക്കൻഡറി തല പഠനത്തിന് അനുയോജ്യമായ വിധത്തിൽ ക്ലാസ് മുറികൾ സജ്ജീകരിക്കണം. മുഴുവൻ ക്ലാസ് മുറികളിലും ലൈറ്റ്, ഫാൻ എന്നിയവ ഉറപ്പാക്കേണ്ടതുണ്ട്. ക്ലാസ് മുറികളിൽ വൃത്തിയായ നിലം(ടൈൽ ഇട്ടത്), തെളിച്ചമുള്ള ബ്ലാക്ക് ബോർഡ് അല്ലെങ്കിൽ വൈറ്റ് ബോർഡ് എന്നിവ നിർബന്ധമാണ്. മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആണെങ്കിലും അവയുടെ ഉപയോഗക്ഷമത ഉറപ്പാക്കേണ്ടതുണ്ട്. അധ്യാപക-വിദ്യാർത്ഥി ബന്ധം ആധുനിക ക്ലാസ് മുറികൾക്ക് ചേർന്നതായിരിക്കണം. ക്ലാസ് മുറികളിൽ ജനാധിപത്യ മൂല്യങ്ങൾ പാലിക്കപ്പെടണം. അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം  എന്നിവയ്ക്ക് പുറമെ എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷവും ക്ലാസ് മുറിയിൽ ഉണ്ടാകണം.

## 3. അധ്യാപകർ

പാഠ്യപദ്ധതി മുന്നോട്ടുവെക്കുന്ന പഠന ബോധന തന്ത്രങ്ങൾക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയേണ്ടതുണ്ട്. അതിന് കഴിയുന്നുണ്ടോ എന്ന് ഓരോരുത്തരും സ്വയം വിലയിരുത്തേണ്ടതാണ്. അധ്യാപകർക്ക് സ്വതന്ത്രവും നിർഭയവുമായി ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സ്കൂളിൽ ഉണ്ട്. ആവശ്യമായ പഠന സാമഗ്രികളും സ്കൂളിൽ ലഭ്യമാണ്. തങ്ങൾക്ക് ലഭിക്കുന്ന സാമൂഹിക പിന്തുണ, സ്വയം തയ്യാറാക്കുന്ന ദൈനംദിനാസൂത്രണം, അധ്യാപകർക്കിടയിലെ സൗഹൃദാന്തരീക്ഷം, അധ്യാപക-രക്ഷാകർതൃ ബന്ധം എന്നിവയെല്ലാം പരിഗണിച്ച് ഓരോ അധ്യാപകനും തന്റെ ഉത്തരവാദിത്വം എത്രമാത്രം ഭംഗിയായി നിർവ്വഹിക്കുന്നു എന്ന് ഓരോരുത്തരും വിലയിരുത്തേണ്ടതാണ്.

## 4. ഭൗതിക സാഹചര്യം

പരിസ്ഥിതി സൗഹൃദമാണ് നമ്മുടെ സ്കൂൾ ക്യാമ്പസ്. സ്കൂൾ അന്തരീക്ഷവും ക്ലാസ് റൂം അന്തരീക്ഷവും വിദ്യാർത്ഥി സൗഹൃദമാണ്. ആവശ്യമായ കളിസ്ഥലവും കളി ഉപകരണങ്ങളും നമുക്കുണ്ട്. മതിയായ എണ്ണം ശുചിമുറികൾ സ്കൂളിൽ ലഭ്യമാണ്. അവയിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളും ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകളും ഉൾപ്പെടുന്നുണ്ട്. ശുദ്ധജലം ബോർവെൽ വാട്ടർ ആണ്. ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ക്ലാസ് മുറികളിലെ ഫർണിച്ചറുകൾ പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദമല്ല. വിദ്യാർത്ഥി സൗഹൃദമായ ഡെസ്കുകളും ബെഞ്ചുകളും ലഭ്യമാക്കേണ്ടതുണ്ട്. ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും വിതരണം ചെയ്യുന്നതിനോ ഇരുന്ന് കഴിക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ കുറവാണ്. കുട്ടികൾക്കാവശ്യമായ ഗതാഗത സൗകര്യം ഉറപ്പാക്കുന്നതിന് ആവശ്യമായ സ്കൂൾ ബസ്സുകൾ ലഭ്യമാക്കേണ്ടതുണ്ട്. സ്കൂളിലേക്കുള്ള വഴിയുടെ വീതി കുറവ് പരിഹരിക്കേണ്ടതാണ്. അപകടരഹിതമായ ചുറ്റമതിൽ സ്കൂളിന് ആവശ്യമാണ്.

## ഒരുക്കം 'കവാത്ത്' ഫോർമേഷൻ ക്യാമ്പ്

2022 ഏപ്രിൽ മാസം ആദ്യവാരം സ്റ്റാഫ് കൗൺസിൽ ചേർന്ന് അടുത്ത വർഷത്തേക്കുള്ള സ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ച് ഗൗരവമായ ചർച്ച നടത്തി. കോവിഡ് കാലം വിദ്യാർത്ഥികളിൽ ഉണ്ടാക്കിയ മാനസിക-ശാരീരിക വെല്ലുവിളികളെ അഭിസംബോധന ചെയ്യാതെ അക്കാദമിക പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ഞങ്ങൾ ആശങ്കാകുലരായിരുന്നു. അതിനുള്ള പ്രതിവിധി എന്ന നിലയിൽ കുട്ടികളെ മാനസികവും ശാരീരികവും ബുദ്ധിപരവുമായി ഉണർത്തുക എന്ന ലക്ഷ്യത്തോടുകൂടി ബൃഹത്തായ പദ്ധതി ആസൂത്രണംചെയ്ത് നടപ്പാക്കാൻ തീരുമാനിച്ചു. കവാത്ത് എന്ന പേരിൽ 21 ദിവസം നീണ്ടുനിൽക്കുന്ന ഒരു ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കുക എന്നതായിരുന്നു ആശയം. അച്ചടക്കവും ആത്മവിശ്വാസവും കുട്ടികളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെ ഒരു ക്യാമ്പ് സംഘടിപ്പിക്കുക. ഈ വർഷം ഹൈസ്കൂൾ വിഭാഗത്തിലെ മുഴുവൻ കുട്ടികൾക്കും അടുത്ത വർഷങ്ങളിൽ എട്ടാം ക്ലാസിലേക്ക് പ്രവേശനം നേടുന്ന കുട്ടികൾക്കും ഇത്തരത്തിൽ ക്യാമ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## യോഗ പരിശീലനം

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും യോഗാപരിശീലനം നൽകുക. അതുവഴി അവരെ മാനസികമായി ഒരുക്കുക. പഠനത്തിൽ ശ്രദ്ധ വർദ്ധിപ്പിക്കാനും ജീവിതത്തിൽ അച്ചടക്കമുണ്ടാക്കാനും നല്ല ലക്ഷ്യബോധം സൃഷ്ടിക്കാനും യോഗാപരിശീലനം സഹായിക്കും.

## കായിക പരിശീലനം

രണ്ട് വർഷക്കാലമായി കുട്ടികൾ അധികസമയവും വീടുകളിലാണ് ചിലവഴിച്ചത്. ഭക്ഷണം, ഉറക്കം, ഓൺലൈൻ പഠനം എല്ലാം കുട്ടികളുടെ ആരോഗ്യത്തെ ബാധിച്ചിട്ടുണ്ട്. പലരും കോവിഡ് ബാധിച്ചവരുമായിരുന്നു. ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ കുട്ടികളെ ശാരീരികാരോഗ്യമുള്ളവരാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ആവശ്യമാണ്. ഇത് മുന്നിൽക്കണ്ട് സൂംബ ഡാൻസ്, എയറോബിക്സ് അടക്കമുള്ള കായികപരിശീലനം മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കാൻ തീരുമാനിച്ചു.

## മോട്ടിവേഷൻ ക്ലാസുകൾ

മൊബൈൽ ദുരുപയോഗം, രക്ഷിതാക്കളോടും മുതിർന്നവരോടും സ്നേഹവും ബഹുമാനവുമില്ലായ്മ, താൽക്കാലിക സുഖങ്ങളോട് അഭിവാഞ്ജ, ജീവിതലക്ഷ്യം ഇല്ലായ്മ, അറിവിനോട് അവജ്ഞ(എല്ലാം അറിയാം, അറിയാവുന്നത് മാത്രം ശരി എന്ന ചിന്ത) തുടങ്ങിയവയെല്ലാം ചേർന്ന് കുട്ടികളുടെ മനസ് അസ്വസ്ഥവും ചഞ്ചലവുമാണ്. രക്ഷിതാക്കളിൽ ഭൂരിപക്ഷവും മക്കളെയോർത്ത് ആശങ്കാകുലരും മക്കളെ ഭയപ്പെടുന്നവരുമാണ്. ഇതെല്ലാം പരിഹരിക്കുന്നതിന് വിവിധ വിഷയങ്ങളിൽ മോട്ടിവേഷൻ ക്ളാസുകൾ സംഘടിപ്പിക്കുന്നതാണ്. എങ്ങനെ നന്നായി പഠിക്കാം (Learn How to Learn), കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്താം (Life Skill Achievement), കൗമാരപ്രായം; ആശങ്കകൾ - അറുതികൾ, ധാർമ്മികാവബോധം, മൊബൈലിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെ ക്ളാസുകൾ സംഘടിപ്പിക്കുന്നതാണ്.

## പഠനകളരികൾ

ഭാഷാജ്ഞാനം, ഭാഷാപ്രയോഗം, ഉയർന്ന ആശയവിനിമയശേഷി എന്നിവ മാതൃഭാഷയിലും ദേശീയഭാഷയിലും ലോകഭാഷയിലും ഓരോ കുട്ടിക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കവാത്ത് ക്യാമ്പിൽ പഠനകളരികൾ ആസൂത്രണംചെയ്ത നടപ്പാക്കുക. ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വളർത്തുന്ന തരത്തിൽ ശാസ്ത്രാനുഭവങ്ങൾ കുട്ടികൾക്ക് കിട്ടാൻ പാകത്തിനുള്ള പദ്ധതികൾ ക്യാമ്പിൽ നടപ്പാക്കുക.

# സ്കൂൾ ഏറ്റെടുത്ത് നടത്തിവരുന്ന പൊതു പ്രവർത്തനങ്ങൾ

## 1. ന്യൂസ് റീഡേഴ്സ് ക്ലബ്ബ്

സ്കൂളിൽ പ്രവർത്തിക്കുന്ന ന്യൂസ് റീഡേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും മൂന്ന് മിനിറ്റിൽ കുറയാത്ത വാർത്താ അവതരണം തയ്യാറാക്കി വാട്സ്ആപ് ഗ്രൂപ്പുകൾ വഴി കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കുന്നു. സ്കൂളിൽ നടക്കുന്ന പ്രധാന പരിപാടികൾ ഷൂട്ട് ചെയ്യുകയും അവയെ വാർത്തയാക്കി അവതരിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കുകയും ചെയ്യുന്നു. സ്കൂളിലെ കുട്ടികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വാർത്തകൾ റിപ്പോർട്ടുകളായി തയ്യാറാക്കി അവതരിപ്പിക്കുന്നു. വാർത്താവതരണത്തിന്റെ പുത്തൻ സാധ്യതകൾ വരും വർഷങ്ങളിൽ തേടാവുന്നതാണ്.

## 2. ലൈബ്രേറിയൻ ഇല്ലാത്ത ലൈബ്രറി

സ്കൂൾ ലൈബ്രറിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയാണ് വായനക്കൂട്ടം. അധിക വായന ആഗ്രഹിക്കുന്ന കുട്ടികൾക്ക് സ്കൂൾ ലൈബ്രറിയിൽ പ്രത്യേക അംഗത്വം നൽകി അവർക്ക് ഇഷ്ടപ്പെട്ട പുസ്തകം തിരഞ്ഞെടുത്ത് വീട്ടിൽ കൊണ്ടുപോയി വായിക്കുന്നതിനുള്ള സൗകര്യമാണ് ഇതുവഴി ഒരുക്കിയിട്ടുള്ളത്. ഇങ്ങനെ അംഗത്വം എടുക്കുന്ന കുട്ടികൾക്ക് ലൈബ്രേറിയൻെറ സഹായം ഇല്ലാതെ ലൈബ്രറിയിൽ നിന്നും പുസ്തകം എടുക്കുന്നതിനുള്ള സൗകര്യം ലൈബ്രറിയിൽ ഒരുക്കിയിട്ടുണ്ട്. സെൽഫ് ലൈബ്രേറിയൻ സിസ്റ്റം എന്നാണ് ഇത് അറിയപ്പെടുന്നത്. അതിനായി, ആയിരത്തോളം പുസ്തകങ്ങൾ പ്രത്യേക അലമാരകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഈ പുസ്തകങ്ങൾക്ക് പ്രത്യേക തരം കാർഡ് സിസ്റ്റമാണ് ഉപയോഗിക്കുന്നത്. ലൈബ്രേറിയൻെറ അനുമതിയോ സഹായമോ ഇല്ലാതെ കുട്ടിക്ക് പുസ്തകം എടുത്ത് കൊണ്ടുപോയി വായിക്കുന്നതിനും തിരികെ ഏൽപ്പിക്കുന്നതിനും സൗകര്യം ഉണ്ട്. വായനാഭിരുചിയുള്ള കുട്ടികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ പുസ്തകങ്ങൾ ഈ ഗണത്തിലേക്ക് ഉൾപ്പെടുത്തുന്നതും നന്നായിരിക്കും.

## 3. സിവിൽ സർവീസ് കോച്ചിംഗ്

വേദിക് ഐഎഎസ് അക്കാദമിയുമായി ചേർന്ന് സ്കൂളിലെ നാൽപതിലധികം കുട്ടികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകി വരുന്നു. എട്ടാം ക്ലാസ് മുതൽ ആരംഭിക്കുന്ന ഈ പരിശീലനം ഓൺലൈൻ വഴിയാണ് നൽകപ്പെടുന്നത്. എല്ലാ ശനിയാഴ്ചയും സ്കൂൾ സ്വന്തം നിലയിൽ ഒരു മണിക്കൂർ കറണ്ട് അഫയേഴ്സ് ക്ലാസ് ഈ കുട്ടികൾക്കായി ക്രമീകരിച്ചിട്ടുണ്ട്. സിവിൽ സർവീസിനോട് ആഭിമുഖ്യമുള്ള കുട്ടികൾക്കും അവരെ പിന്തുണയ്ക്കുന്ന രക്ഷിതാക്കൾക്കും ഇത് ഏറെ പ്രയോജനപ്രദമാണ്.

## 4. നാഷണൽ ഡിഫൻസ് അക്കാദമി പരിശീലനം

പ്ലസ് ടു പഠനത്തിനുശേഷം നാഷണൽ ഡിഫൻസ് അക്കാദമിയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് എട്ടാം ക്ലാസ് മുതൽ നൽകിവരുന്ന പരിശീലനമാണ് ഡിഫൻസ് അക്കാഡമി പരിശീലനം. സൗജന്യമായി ലഭിക്കുന്ന ഈ പരിശീലനം ഓൺലൈൻ വഴിയാണ് നൽകപ്പെടുന്നത്. ഇപ്പോൾ സ്കൂളിലെ 40 ലധികം കുട്ടികൾ ഈ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്. ഈ വർഷം ആരംഭിച്ച ഈ പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ കൂട്ടായ്മ രൂപീകരിക്കുകയും ഇടയ്ക്കിടയ്ക്ക് അവരുടെ സംഗമങ്ങൾ നടത്തുകയും കൂടുതൽ ക്ലാസുകൾ അവർക്ക് ലഭ്യമാക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

## 5. എൻഎംഎംഎസ്/എൻടിഎസ്ഇ പരിശീലനങ്ങൾ

ദേശീയതലത്തിൽ നടത്തപ്പെടുന്ന പരീക്ഷയിലൂടെ കണ്ടെത്തുന്ന മിടുക്കരും സാമ്പത്തിക പിന്നാക്കാവസ്ഥ നേരിടുന്നവരുമായ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പാണ് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്. എട്ടാം ക്ലാസിൽ നടത്തുന്ന മത്സര പരീക്ഷയിലൂടെയാണ് വിജയികളെ തെരഞ്ഞെടുക്കുന്നത്. ഈ സ്കോളർഷിപ്പിന് അർഹത നേടിയാൽ ഒരു വർഷം 12,000 രൂപ വിതം 4 വർഷത്തേക്കാണ് സ്കോളർഷിപ്പ് തുക ലഭിക്കുക. മൂന്നുവർഷങ്ങളായി നമ്മുടെ സ്കൂളിൽ ഈ സ്കോളർഷിപ്പിന് അർഹതയുള്ള കുട്ടികൾക്ക് പരിശീലനം നൽകി അവരെ പരീക്ഷ എഴുതിച്ചു വരുന്നു. കഴിഞ്ഞവർഷം നമ്മുടെ സ്കൂളിലെ നാല് കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് ലഭിച്ചിരുന്നു. ഈ വർഷവും കുട്ടികളെ തിരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി വരുന്നുണ്ട്.

പത്താംതരം കുട്ടികൾക്കായി നടത്തുന്ന മത്സരപരീക്ഷയാണ് നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ. ഈ പരീക്ഷയിൽ വിജയികളാകുന്ന കുട്ടികൾക്ക് നാല് ലക്ഷം രൂപ വരെ സ്കോളർഷിപ്പായി ലഭിക്കും. കഴിഞ്ഞ രണ്ട് വർഷമായി ഇത്തരം കുട്ടികൾക്ക് പരിശീലനം നൽകി പരീക്ഷയിൽ പങ്കെടുപ്പിച്ച് വരുന്നുണ്ട്. ഇതുവരെ നമ്മുടെ ഒരു കുട്ടിക്ക് പോലും ഈ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എങ്കിലും, ഇന്ത്യയിൽ നടക്കുന്ന എല്ലാ മത്സര പരീക്ഷയുടെയും അടിസ്ഥാന പരീക്ഷയാണ് ഇത് എന്നുള്ളതുകൊണ്ട് പരിശീലനത്തിലും പരീക്ഷയിലും പങ്കാളികളാകുന്ന കുട്ടികൾക്ക് അവരുടെ വ്യക്തിജീവിതത്തിൽ വലിയ പ്രയോജനം ലഭിക്കും എന്ന കാര്യത്തിൽ തർക്കമില്ല. വിദഗ്ധരായ അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി വരും നാളുകളിൽ ഇത്തരം സ്കോളർഷിപ്പുകൾക്ക് വേണ്ടിയുള്ള പരിശീലനം കൂടുതൽ മികച്ച രീതിയിൽ നൽകാൻ നമുക്ക് സാധിക്കണം.

## 6. പരിസ്ഥിതി ക്ലബ്ബ്

വളരെ എക്കോ ഫ്രണ്ട്ലി ആണ് നമ്മുടെ സ്കൂൾ ക്യാമ്പസ്. ക്യാമ്പസിൽ മിഠായി കടലാസ് അടക്കമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ധാരാളം വൃക്ഷങ്ങളും ചെടികളും നിലവിൽ ഉണ്ട് എങ്കിലും, പുതിയവ ഓരോ വർഷവും വച്ചുപിടിപ്പിച്ച് വരുന്നു. മാതൃഭൂമി നടപ്പാക്കുന്ന സീഡ് ഇതുവരെ നമ്മുടെ സ്കൂളിൽ നടപ്പാക്കിയിട്ടില്ല. ഈ വർഷം മുതൽ അത് നടപ്പാക്കുന്നതിന് ആവശ്യമായ ക്രമീകരണം നടത്തിയിട്ടുണ്ട്. വരുംവർഷങ്ങളിൽ സീഡിന്റെ നല്ല പ്രവർത്തകരാകാൻ നമുക്ക് സാധിക്കുമെന്നാണ് പ്രതീക്ഷ. ആവശ്യമായ പ്രവർത്തനങ്ങൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്.

## 7. കരാട്ടെ ക്ലബ്ബ്

കരാട്ടെ പഠിക്കാൻ താല്പര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം നൽകുന്നതിനായി ഒരു കരാട്ടെ ക്ലബ്ബ് സ്കൂളിൽ രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം ആരംഭിച്ച ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കേണ്ടതുണ്ട്. സ്വയം പ്രതിരോധ കായികയിനം എന്ന നിലയിലും മത്സരയിനം എന്ന നിലയിലും കരാട്ടെ പരിശീലനം കുട്ടികൾക്കും സ്കൂളിനും ഏറെ പ്രയോജനം ചെയ്യും. ആവശ്യമായ ബോധവൽക്കരണം രക്ഷിതാക്കൾക്ക് നൽകി കുട്ടികൾക്ക് പരിശീലനം നൽകുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

## 8. മ്യൂസിക് ക്ലബ്

സ്കൂളിൽ പ്രവർത്തിച്ചുവരുന്ന മറ്റൊരു ക്ലബ്ബാണ് മ്യൂസിക് ക്ലബ്. സംഗീത അധ്യാപകന്റെ നേതൃത്വത്തിൽ സംഗീത അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണ് ഈ ക്ലബ്ബ് ചെയ്യുന്നത്. കൂടുതൽ കുട്ടികളെ കണ്ടെത്തുവാനും കൂടുതൽ മികച്ച പരിശീലനം നൽകുവാനും സാധിച്ചാൽ സംഗീതാഭിരുചിയുള്ള കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതിനും നല്ല സംഗീത പ്രതിഭകളെ വാർത്തെടുക്കുന്നതിനും നമുക്ക് സാധിക്കും. സംഗീതം ഒരു കല മാത്രമല്ല, ഒരു വരദാനം കൂടിയാണ് എന്നതിനാൽ സംഗീതത്തിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് നമ്മുടെ കടമയാണ് എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അതിനാവശ്യമായ ധാരാളം പ്രവർത്തനങ്ങൾ കലാ പരിശീലന ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

## 9. സ്പോർട്സ് ക്ലബ്

മലയോര മേഖലയിലെ ഒരു വിദ്യാലയമാണ് നമ്മുടേത്. ഭൂരിപക്ഷം കുട്ടികളും വീടുകളിൽ നിന്ന് നടന്നാണ് സ്കൂളിൽ എത്തുന്നതും മടങ്ങി പോകുന്നതും. അതുകൊണ്ടുതന്നെ, കായിക ക്ഷമതയുള്ളവരാണ് നമ്മുടെ കുട്ടികൾ. അവരിലെ കായികശേഷികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിനും സഹായിക്കുന്ന തരത്തിൽ ഒരു സ്പോർട്സ് ക്ലബ് നമ്മുടെ സ്കൂളിൽ രൂപം നൽകിയിട്ടുണ്ട്. കായികാധ്യാപകന്റെ നേതൃത്വത്തിൽ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സാമാന്യം നന്നായി നടന്നുവരുന്നു. ഫുട്ബോൾ പരിശീലന ക്യാമ്പുകൾ, വോളിബോൾ പരിശീലനം, ഷട്ടിൽ ബാഡ്മിന്റൺ പരിശീലനം എന്നിവ കുട്ടികൾക്ക് നൽകിവരുന്നുണ്ട്. ഇവയ്ക്ക് പുറമേ, ഹാൻഡ്ബോൾ, സോഫ്റ്റ് ബോൾ, ഹോക്കി മുതലായവയിലും അത് ലറ്റിക്സ് ഇനങ്ങളിലും മിടുക്കരായ കുട്ടികളെ കണ്ടെത്തി പരിശീലനം കൊടുക്കുവാൻ നമുക്ക് സാധിക്കണം. അതിനാവശ്യമായ പ്രവർത്തനങ്ങളും കായിക പരിശീലന രംഗത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്.

## 10. ലഹരി വിരുദ്ധ ക്ലബ്ബ്

പുതുതലമുറയ്ക്ക് ചുറ്റും വട്ടമിട്ടു പറക്കുന്ന ലഹരി മാഫിയയുടെ കൈകളിൽ നിന്നും നമ്മുടെ കുട്ടികളെ രക്ഷിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് സ്കൂളിൽ ഒരു ലഹരി വിരുദ്ധ ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ട്. മാറിയ സാഹചര്യത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെയും പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും സഹകരണത്തോടു കൂടി ലഹരി വിരുദ്ധ ക്ലബ്ബിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. 'യോദ്ധാവ്' പോലുള്ള ഗവൺമെന്റിന്റെ പദ്ധതികളിൽ നമ്മുടെ സ്കൂളും സജീവമാണ്. ഇടവഴികളിലും ഇടനാഴികളിലും പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് രക്ഷിതാക്കളെയും കുട്ടികളെയും ബോധവൽക്കരിക്കുന്നതിനും കുട്ടികളുടെ പെരുമാറ്റങ്ങളെ നിരീക്ഷിക്കുന്നതിനും ക്ലബ്ബിന് സാധിക്കേണ്ടതുണ്ട്. ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുവാൻ ലഹരി വിരുദ്ധ ക്ലബ്ബിന് സാധിക്കേണ്ടിയിരിക്കുന്നു.

## പഠനലക്ഷ്യങ്ങൾ

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, സാങ്കേതികവിദ്യ, പാഠ്യേതരശേഷികൾ എന്നിവയിൽ ഓരോന്നിലും ഓരോ കുട്ടിക്കും അർഹമായ പരിഗണന കൊടുത്ത് ഏറ്റവും മികച്ച ഫലം ഉൽപാദിപ്പിക്കാൻ പാകത്തിന് ഉചിതമായ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കേണ്ടതാണ്. അധ്യാപകരുടെ വിഷയാധിഷ്ഠിത സമിതികൾ ചേർന്ന് തയ്യാറാക്കുന്ന പദ്ധതികൾ അവരുടെതന്നെ നേതൃത്വത്തിൽ സമയബന്ധിതമായി നടപ്പാക്കുന്നതിന് എസ് ആർ ജി കൺവീനറും ഹെഡ്മാസ്റ്ററും നേതൃത്വം കൊടുക്കും. സബ്ജക്ട് കൗൺസിൽ ചേർന്ന് തയ്യാറാക്കിയ പദ്ധതികളും അവയുടെ വിശദമായ ആസൂത്രണരേഖയും താഴെ കൊടുക്കുന്നു.

# മലയാളം

## പഠനലക്ഷ്യങ്ങൾ

1. മാതൃഭാഷയായ മലയാളം ആശയ വ്യക്തതയോടെ വായിക്കുന്നതിനും എഴുതുന്നതിനും മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക.
2. ആശയവിനിമയത്തിന്റെ **(High order skills of Communication)** ഏറ്റവും ഉയർന്ന ശേഷി ഉറപ്പുവരുത്തുക.
3. കുട്ടികളിൽ വായനാശീലം വളർത്തുക.
4. സാഹിത്യാഭിരുചിയും സർഗ്ഗാത്മക ശേഷിയും വളർത്തുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക.

# പ്രവർത്തനങ്ങൾ(ആസൂത്രണം)

## 1. അക്ഷരത്തെളിച്ചം

**(A project on completeness of reading and writing in Mother Tongue )**
**(സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും അറിയാം എന്ന് ഉറപ്പാക്കുന്ന പദ്ധതി)**

**I. Case Study – പ്രശ്നപഠനം**

* **Test - കേട്ടെഴുത്ത്**
* **Observation – അക്ഷരമറിയില്ല**
  - ചിഹ്നമറിയില്ല
  - അർത്ഥമറിയില്ല

**II. Result**

1. I Q കുറവ്
2. ശേഷിക്കുറവ്/Skill(പ്രാവീണ്യം) കുറവ്
3. അലസത/അശ്രദ്ധ
4. പിന്നാക്കാവസ്ഥ
5. താൽപര്യക്കുറവ്

**III. പരിഹാരം**

* **I Q കുറവ് - department directions അനുസരിച്ച് മുന്നോട്ട് പോകുക.**
* **അധികസമയം(Additional Time) കണ്ടെത്തി പരിശീലനം(18 മണിക്കൂർ).**

**IV. Tools**

* അക്ഷരം
* ചിഹ്നം
* വാക്യം
* ഖണ്ഡിക
* ലേഖനം

**V. എങ്ങനെ നടപ്പാക്കും..?(Application)**

* **Ist Phase – അക്ഷരമുറപ്പിക്കൽ( രണ്ട് മണിക്കൂർ)**
* **IInd Phase – ചിഹ്നബോധം ഉറപ്പിക്കൽ( മൂന്ന് മണിക്കൂർ)**
* **IIIrd Phase – 5 വാക്ക് - തെറ്റ് തിരുത്തൽ(രണ്ട് മണിക്കൂർ)**
* **IVth Phase – ഒരു വാക്യം/2/3 വാക്യം(രണ്ട് മണിക്കൂർ)**
* **Vth Phase – 1/2/3/4 ഖണ്ഡിക(മൂന്ന് മണിക്കൂർ)**
* **VI. Phase - ലേഖനം(ആറ് മണിക്കൂർ)**

**VI. Faculty**

* **Two Resource Person for each 20 Students.**

മലയാളം

# Materials

## Ist Phase – അക്ഷരമുറപ്പിക്കൽ

അ – അമ്മ, ആ – ആന, ഇ – ഇല, ഈ – ഈച്ച,

ഉ - ഉല ഊ – ഊണ്, ഋ - ഋഷഭം, എ - എലി, ഏ – ഏണി,

ഐ – ഐരാവതം, ഒ – ഒന്ന്, ഓ – ഓട്ടം, ഔ – ഔഷധം,

അം - അംബുജം, അഃ - ദുഃഖം.

ക – കലം, ഖ – ഖനി, ഗ – ഗജം, ഘ – ഘടികാരം, ങ - മാങ്ങ

ച – ചക്ക, ഛ – ഛായ, ജ – ജനം, ഝ - ഝടിതി, ഞ - ഞണ്ട്

ട – കടം, ഠ – പാഠം, ഡ – ഗരുഡൻ, ഢ – പീഢനം, ണ - ഗുണം

ത – തടി, ഥ – രഥം, ദ – ദയ, ധ – ധനം, ന - നമ്മൾ

പ – പന, ഫ – ഫലം, ബ – ബലം, ഭ – ഭരണി, മ - മരം

യ – യജമാനൻ, ര – മരണം, ല – ലയം, വ - വലിയ, ശ – ശല്യം,

ഷ – കഷായം, സ – സമം, ഹ – ഹനുമാൻ, ള – പ്രളയം, ഴ – പഴം, റ – തറ.

## കൂട്ടക്ഷരങ്ങൾ

| | | | | |
|---|---|---|---|---|
| ക്ക | ച്ച | ട്ട | ത്ത | പ്പ |
| ഗ്ഗ | ജ്ജ | ഡ്ഡ | ദ്ദ | ബ്ബ |
| ങ്ങ | ഞ്ഞ | ണ്ണ | ന്ന | മ്മ |
| യ്യ | ല്ല | വ്വ | ശ്ശ | സ്സ |
| ള്ള | ക്ത | ക്ഷ | ച്ഛ | ത്ഥ |
| ത്ന | ത്മ | ഗ്ദ | ഗ്ന | ജ്ഞ |
| ഡ്ഢ | ദ്ധ | ങ്ക | ഞ്ച | ഞ്ഛ |
| ഞ്ജ | ണ്ട | ണ്ഠ | ണ്ഡ | ണ്മ |
| ന്ഥ | ന്ദ | ന്ധ | ന്റ | ന്പ |
| ന്ത | ശ്ച | സ്ഥ | സ്റ്റ | പ്ന |

| | | | | |
|---|---|---|---|---|
| സ്മ | | ഹ്ന | ന്ദ | റ്റ |
| ബ്ബ | യ്യ | ഷ്ഠ | ഷ്ക | ഷ്ണ |
| | ഘ്ന | സ്പ | ല്പ | ത്സ |
| ക്ര | ക്യ | ക്വ | | |

## ചില്ലക്ഷരങ്ങൾ

**ൺ, ൻ, ർ, ൽ, ൾ.**

**ൺ – കൺമണി, മൺകുന**

**ൻ – മാൻമിഴി,**

**ർ – കാർമേഘം, കർക്കിടകം**

**ൽ – കൽഭരണി, മിൽമ**

**ൾ – ഉൾഭയം**

## IInd Phase – ചിഹ്നബോധം ഉറപ്പിക്കൽ

**ക കാ കി കീ കു കെ കേ കൈ കൊ കോ കൗ കം**

**ച ചാ ചി ചീ ചു ചൂ ചെ ചേ ചൈ ചൊ ചോ ചൗ**

**ട ടാ ടി ടീ ടു ടൂ ടെ ടേ ടൈ ടൊ ടോ ടൗ**

**ത താ തി തീ തു തൂ തെ തേ തൈ തൊ തോ തൗ**

**പ പാ പി പീ പു പൂ പെ പേ പൈ പൊ പോ പൗ**

**ക - കനി, കണിച്ചാർ**

**കാ - കാലം, കാസർഗോഡ്**

**കി - കിരീടം, കിളിമാനൂർ**

**കീ - കീചകൻ, കീഴ്പ്പള്ളി**

**കു - കുറുക്കൻ, കുമരകം**

**കൂ - കൂട്, കൂത്തുപറമ്പ്**

**കെ - കെട്ടിടം,**

**കേ - കേശം, കേണിച്ചിറ**

**കൈ - കൈ, കൈരളി**

**കൊ - കൊട്ടുമുടി, കൊച്ചി**

**കോ - കോശി, കോഴിക്കോട്**

**കൗ - കൗമാരം**

**ച - ചകിരി, ചവിട്ടി**

**ചാ - ചാക്ക്, ചാരം**

**ചി - ചിത, ചില്ലറ**

**ചീ - ചീര, ചീവീട്**

**ചു - ചുമ, ചുക്ക്**

**ചൂ - ചൂല്, ചൂട്**

**ചെ - ചെടി, ചെണ്ട**

**ചേ - ചേന, ചേച്ചി**

**ചൊ - ചൊവ്വ, ചൊറി**

**ചോ - ചോറ്, ചോദ്യം**

മലയിളം

ട – ടയർ ടാ - ടാർപ്പായ
ടി - ടിപ്പർ ടീ - ടീച്ചർ
ടു - ടുട്ടുമോൻ ടൂ - ടൂർ
ടെ - ടെർമിനൽ ടേ - ടേബിൾ
ടൊ - ടൊമിനോ ടോ -ടോർച്ച്
ടൗ - ടൗവ്വൽ

ത – തവി താ - താറാവ്
തി - തിറ തീ - തീർത്ഥം
തു - തുണി തൂ - തൂവൽ
തെ - തെറ്റ് തേ - തേൻ
തൈ - തൈര്
തൊ - തൊടി തോ - തോർത്ത്

പ - പടം, പഠനം പാ - പാടം, പാലം
പി - പിതാവ്, പിശുക്കൻ പീ - പീലി, പീഢം
പു - പുതപ്പ്, പുല്ല് പൂ - പൂജ്യം, പൂവ്, പൂമരം
പെ - പെട്ടി, പെങ്ങൾ പേ - പേടി, പേന
പൊ - പൊടി, പൊളി പോ - പോക്കറ്റ്, പോകണം
പൗ -പൗരൻ

## IIIrd Phase – 5 വാക്ക് - തെറ്റ് തിരുത്തൽ(ഒരു മണിക്കൂർ)

1. വിദ്യാർത്ഥികൾ
2. അധ്യാപകർ
3. മാതാപിതാക്കൾ
4. സഹോദരങ്ങൾ
5. അയൽക്കാർ

## IVth Phase – ഒരു വാക്യം/2/3/4 വാക്യം(രണ്ട് മണിക്കൂർ)

1. അയാൾ നല്ല വായനക്കാരനാണ്.
2. ഇന്നലെയും മിനിഞ്ഞാന്നും റസാഖിനെ കണ്ടിട്ടില്ലെന്ന് അരവിന്ദാക്ഷൻ ഓർത്തു.
3. വണ്ടിയിലെ തിക്കും തിരക്കും കണ്ടപ്പോൾ താൻ എന്തിനാണ് എന്നും ഇങ്ങനെ രണ്ടാം ക്ളാസിൽ യാത്ര ചെയ്യുന്നത് എന്ന് വേലായുധൻ നായർ സ്വയം ചോദിച്ചു.

**Vth Phase – 1/2/3/4 ഖണ്ഡിക(മൂന്ന് മണിക്കൂർ)**

**1.** ആ ചെറുപ്പക്കാരൻ തിരിഞ്ഞുനിന്നപ്പോൾ വിമല മുഖം കണ്ടു. വെള്ളാരങ്കണ്ണുകൾ. നിൻെറ ജ്യേഷ്ഠന് ഈ വെള്ളാരങ്കണ്ണുകൾ എവിടുന്നു കിട്ടി എന്നു ചോദിക്കാൻ തോന്നിയതാണ്. മുഖത്തു നിഴലും വെളിച്ചവും കയറിയിറങ്ങി നിൽക്കുന്ന രശ്മിയുടെ കണ്ണുകളിൽ നോക്കിയപ്പോൾ, ദീനമായ ഒരു അഭ്യർത്ഥനയുണ്ടായിരുന്നു. (മഞ്ഞ് - എം ടി വാസുദേവൻ നായർ)

**2.** അമ്മ, അമ്മയായിരുന്നു എല്ലാം. ജീവിതബന്ധത്തിൻെറ പൊട്ടാത്ത ചരട്. ഇല്ലത്തിൻെറ പടിവാതിലിനു പുറത്തുകടക്കുമ്പോൾ അതിൻെറ ബലം അറിഞ്ഞിരുന്നു. വാത്സല്യത്തിൻെറ അദൃശ്യശക്തി പിടിവിട്ടുപോകാതെ സൂക്ഷിച്ചിരുന്നു. അതിരാവിലെ ഉണർന്ന് കുളിച്ച് കാവിൽ തിരിതെളിക്കും. അമ്മ കെട്ടിവച്ച പുഷ്പമാല്യം ദേവി വിഗ്രഹത്തിൽ ചാർത്തും. മടങ്ങുംവഴി കാവിനോട് ചേർന്നുള്ള കുരിശുപള്ളിയിലെ ദൈവമാതാവിൻെറ ചിത്രത്തിനു മുന്നിൽ തൊഴുതു നിൽക്കും. എല്ലാം അമ്മയാണ്; എല്ലാ അമ്മമാരുടെയും അമ്മ. (പ്രണയതീഷ്ടരയിലെ ദേവദാരു - ജോർജ് ഓണക്കൂർ)

**3.** തങ്ങളുടേതല്ലാത്ത ഒരു ഭാഷയിയൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണ് ചെയ്യുന്നത് എന്ന് എനിക്കുറപ്പുണ്ട്. അത് അവരുടെ ജന്മാവകാശത്തെ അപഹരിക്കലാണ്. ഒരു വൈദേശിക അധ്യനഭാഷ ചെറുപ്പക്കാരുടെ മേൽ അനർഹമായ ഭാരം ചുമത്തുന്നു. അത് അവരുടെ നൈസർഗിക സിദ്ധികളെ അപഹരിക്കുന്നു, വളർച്ച മുട്ടിക്കുന്നു, അവരെ സ്വന്തം വീട്ടിൽ നിന്നും ഒറ്റപ്പെടുത്തുന്നു. തന്മൂലം, ഞാൻ അത്തരം കാര്യങ്ങൾ സർവപ്രധാനമായ ഒരു ദേശീയദുരന്തമായി കണക്കാക്കുന്നു. (മഹാത്മാഗാന്ധി).

**4.** ഇന്ത്യയിൽ ഒരു മഹത്തായ ശാസ്ത്ര പാരമ്പര്യം ഉണ്ടായിരുന്നു എന്നതിൽ തർക്കമില്ല. എന്നാൽ, അത് ഒരു ന്യൂനപക്ഷത്തിൻെറ മാത്രം കയ്യിലായിരുന്നു. അതിനായി ഉപയോഗിച്ച ഭാഷയായ സംസ്കൃതവും അതുപോലെ തന്നെ ഒരു ന്യൂനപക്ഷ ഭാഷയായിരുന്നു. 'കാൽക്കുലസ്' പോലെ വളരെ സങ്കീർണമായ ഗണിതശാസ്ത്രം വരെ സംസ്കൃതശ്ലോകങ്ങളിൽ ഒതുക്കുകയും സംഖ്യകളെ 'കടപയാദി' എന്ന സങ്കേതം കൊണ്ട് ശ്ളോകങ്ങളിൽ അടക്കുകയും ചെയ്തു. അത് യഥാർത്ഥത്തിൽ തദ്ദേശീയ വിജ്ഞാനത്തിൻെറ വികസനത്തെ പരിമിതപ്പെടുത്തുന്നതിലാണ് കൊണ്ടെത്തിച്ചത്. അതിനു പുറമേയാണ് വൈദേശിക ആക്രമണങ്ങളും ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ സമ്പൂർണ്ണ മേധാവിത്വവും തദ്ദേശീയ ചിന്താസരണിയെ രണ്ടാം നിലയിലേക്ക് മാറ്റിയത്. കേരളത്തിലും ഗണിതശാസ്ത്രത്തിൻെറയും ജ്യോതിശാസ്ത്രത്തിൻെറയും പ്രൗഢമായ പാരമ്പര്യങ്ങൾ നിലനിന്നിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ ശങ്കരവർധൻെറ സംഭാവനകളോടെ അവയ്ക്ക് തിരശീലവീണു. അപ്പോഴേക്കും പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി. (ഡോ. അച്യുത്ശങ്കർ എസ് നായർ)

**VI. Phase – ലേഖനം 1.(മൂന്ന് മണിക്കൂർ)**

## വിദേശഭാഷ മാധ്യമമാകുന്നത് ഇന്ത്യയിൽ മാത്രം

അധ്യയനഭാഷ വിദ്യാർത്ഥിയുടെ ഭാഷയിൽ നിന്ന് വിഭിന്നമായിരിക്കുന്ന സ്ഥിതി ലോകത്ത് ഇന്ത്യ ഒഴിച്ച് വേറൊരു രാജ്യത്തും കാണാനാവില്ല. ജപ്പാൻ പാശ്ചാത്യ സംസ്കാരത്തിലേക്ക് ഉപനയിക്കപ്പെട്ടിട്ട് നൂറുകൊല്ലം ആയിട്ടില്ല. ആദ്യം അവർക്ക് വിദേശഭാഷകളിൽ എഴുതിയ പുസ്തകങ്ങൾ ഉപയോഗിക്കേണ്ടിവന്നു. എന്നാൽ, ആദ്യം മുതൽക്കേ അവരുടെ ലക്ഷ്യം രാജ്യത്തിൻെറ ഭാഷയിൽ പഠനവിഷയങ്ങൾ ലഭ്യമാകുന്ന സ്ഥിതി വരുത്തുകയായിരുന്നു. പൗരന്മാരിൽ ഒരു വരേണ്യവിഭാഗത്തിനുള്ള ആഭരണമായിട്ടല്ല, അവർക്കെല്ലാവർക്കും

ശക്തിയും സംസ്കാരവും പ്രധാനം ചെയ്യുന്നതിനാണ് വിദ്യാഭ്യാസമെന്ന് ജപ്പാൻ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ട് അതിനെ ജനങ്ങൾക്ക് സാർവത്രികമായി ലഭ്യമാക്കുന്നത് പരമപ്രധാനമായി അവർ കണക്കാക്കി. പാശ്ചാത്യ കലകളിലും ശാസ്ത്രങ്ങളിലും പ്രാവീണ്യം നേടുന്നതിനുള്ള യത്നത്തിൽ എന്ത് പ്രയാസമാണ്, എത്ര ചെലവാണ് വേണ്ടിവരിക എന്ന് ജപ്പാൻ നോക്കിയതേയില്ല. കാരണം, അവയിലുള്ള പ്രാവീണ്യമാണ് ജപ്പാന് വിദേശശക്തികളുടെ കടന്നാക്രമണ ശക്തികൾക്കെതിരെ സ്വയം പ്രതിരോധശേഷി ഉണ്ടാക്കിക്കൊടുത്തതും രാഷ്ട്ര സമുച്ചയത്തിൽ മാന്യമായ പദവി നേടിക്കൊടുത്തതും. വിദ്യാഭ്യാസത്തെ ഒരു വിദേശ ഭാഷയുടെ ചട്ടക്കൂടിനുള്ളിൽ ജനങ്ങൾക്ക് എളുപ്പം ലഭ്യമല്ലാത്തതാക്കിതീർക്കുക എന്ന വിഡ്ഢിത്തം അവർ കാണിച്ചില്ല.

ഒരു വിദേശമാധ്യമത്തിലൂടെയുള്ള പഠനം വിദ്യാർത്ഥിയെ പഠനവിഷയത്തിൽ അവഗാഹം നേടുന്നതിനുപകരം അത് കാണാപ്പാഠം പഠിക്കാൻ പ്രേരിപ്പിക്കുന്നു. മാത്രമല്ല, യുക്തിസഹമായ വിദ്യാഭ്യാസനയം അനുസരിച്ച് സ്കൂളിലെയും ഉന്നത വിദ്യാഭ്യാസത്തിൻ്റേയും മാധ്യമം ഒന്നായിരിക്കുന്നതാണ് നല്ലത്. 1937- ന് മുമ്പ് പരസ്പര പൊരുത്തമുള്ളതായിരുന്നു സ്ഥിതി. സ്കൂളിലെ ഉയർന്ന തലത്തിലും കോളേജിലും അധ്യയനമാധ്യമം ഇംഗ്ലീഷായിരുന്നു. സ്കൂൾ ഘട്ടത്തിൽ പ്രാദേശിക ഭാഷകളെ ശരിയായിത്തന്നെ വിദ്യാഭ്യാസ മാധ്യമമാക്കിയ സ്ഥിതിയിൽ നാമവയെ ഉന്നത ഘട്ടത്തിലും പടിപടിയായി നടപ്പാക്കേണ്ടതാണ്.

- രവീന്ദ്രനാഥ ടാഗോർ

<u>ലേഖനം 2.(മൂന്ന് മണിക്കൂർ)</u>

## അറിവും വിദ്യാഭ്യാസവും

മസ്തിഷ്കത്തിൽ കുറെ അറിവുകൾ കുത്തിച്ചെലുത്തലല്ല വിദ്യാഭ്യാസം. അത് നിങ്ങളുടെ ജീവിതകാലം മുഴുവനും അവിടെക്കിടന്ന് പാകപ്പെടാതെ അനർത്ഥങ്ങൾ ഉണ്ടാക്കിത്തീർക്കുകയേയുള്ളൂ. ജീവനെ പ്രദാനം ചെയ്യുന്നതും സ്വഭാവത്തെ രൂപീകരിക്കുന്നതും മനുഷ്യത്വത്തെ സൃഷ്ടിക്കുന്നതുമായ ആശയങ്ങളുടെ സ്വാംശീകരണമാണ് നമുക്കുവേണ്ടത്. നാലോ അഞ്ചോ ആശയങ്ങൾ മാത്രം സ്വാംശീകരിച്ച് അവയെ നിങ്ങളുടെ പ്രാണനും നിഷ്ഠയും ആക്കിത്തീർക്കാൻ നിങ്ങൾക്ക് കഴിഞ്ഞുവെങ്കിൽ ഒരു ഗ്രന്ഥാലയം മുഴുവൻ ഹൃദിസ്ഥമാക്കിയവനെക്കാൾ കൂടുതൽ വിദ്യാഭ്യാസം നിങ്ങൾക്ക് സിദ്ധിച്ചിട്ടുണ്ട്. അറിവും വിദ്യാഭ്യാസവും ഒന്നാണെന്നുവരികിൽ ഗ്രന്ഥാലയങ്ങൾ യതിവര്യന്മാരാണ്. സർവ്വവിജ്ഞാനകോശങ്ങൾ ഋഷീശ്വരന്മാരുമാണ്.

ഒരു വിദേശഭാഷയിൽക്കൂടി മറ്റുള്ളവരുടെ ചില ആശയങ്ങൾ ഹൃദിസ്ഥമാക്കി, കുറേ സർവകലാശാലാബിരുദങ്ങളും നേടിക്കഴിഞ്ഞാൽ നിങ്ങൾ വിചാരിക്കും, നിങ്ങൾ അഭ്യസ്തവിദ്യരാണെന്ന്. ഇതാണോ വിദ്യാഭ്യാസം? നിങ്ങളുടെ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്താണ് ? ഒരു ഗുമസ്തനോ ഒരഭിഭാഷകനോ കൂടിവന്നാൽ ഒരു ഡെപ്യൂട്ടി മജിസ്ട്രേട്ടോ - അതും ഒരുതരം ഗുമസ്തവൃത്തിതന്നെയാണ് - ഇത്രയല്ലേ ഉള്ളൂ ? ഇത് നിങ്ങൾക്കോ നിങ്ങളുടെ നാടിനോ എന്ത് ഗുണമാണ് ചെയ്യുവാൻ പോകുന്നത് ? കണ്ണുതുറന്നു നോക്കൂ! സമൃദ്ധിയുടെ നാടെന്ന് പ്രസിദ്ധിയാർജിച്ച ഭാരതത്തിൽനിന്നും പട്ടിണിക്കാരുടെ ദീനരോദനങ്ങളല്ലേ നിങ്ങൾ ഇന്നുകേൾക്കുന്നത്? നിങ്ങളുടെ വിദ്യാഭ്യാസം ഈ കുറവിനെ നികത്തുമോ? സാധാരണ ജനങ്ങൾക്ക് ജീവസന്ധാരണത്തിനുതകാത്ത വിദ്യാഭ്യാസം, സ്വഭാവദാർഢ്യത്തെ ഉണ്ടാക്കി തീർക്കാത്ത വിദ്യാഭ്യാസം, ജീവകാരുണ്യവും സിംഹതുല്യമായ വീര്യവും നമ്മിൽ വളർത്തിക്കൊണ്ടുവരാൻ കഴിയാതെ വിദ്യാഭ്യാസം - ആ പേരിന് അർഹമാണോ ?

സ്വഭാവത്തെ രൂപീകരിച്ച്, മനോബലം വളർത്തി, ബുദ്ധിശക്തിയെ വികസിപ്പിച്ച് മനുഷ്യനെ സ്വാശ്രയശീലനാക്കിത്തീർക്കുന്ന വിദ്യാഭ്യാസമാണ് നമുക്കാവശ്യം. വിദേശനിയന്ത്രണം കൂടാതെതന്നെ ഭാരതീയ വിജ്ഞാനസമ്പത്തിൻെറ ശാഖോപശാഖകളിൽ നാം പ്രവീണരാകണം. അതോടുകൂടി ഇംഗ്ലീഷ് ഭാഷയും

പാശ്ചാത്യ ശാസ്ത്രങ്ങളും നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. നമ്മുടെ വ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനുവേണ്ട സാങ്കേതികവിദ്യാഭ്യാസവും നമുക്കുണ്ടാകണം. എന്നാൽ മാത്രമേ, ഉദ്യോഗാർഥം അലഞ്ഞുതിരിയാതെ അന്നന്ന് സുഭിക്ഷമായിക്കഴിഞ്ഞ് നാളത്തെ ആവശ്യത്തിലേക്ക് കരുതിവയ്ക്കുവാൻ വേണ്ടിടത്തോളം സമ്പാദിക്കുന്നതിന് ആളുകൾക്ക് സാധിക്കൂ.

വിദ്യാഭ്യാസത്തിൻെറയും സാങ്കേതികപരിശീലനങ്ങളുടെയും എല്ലാം ലക്ഷ്യം മനുഷ്യനെ നിർമ്മിക്കലാകണം. എല്ലാ പഠിപ്പുകളുടെയും ഉന്നം മനുഷ്യനെ ഉയർത്തുക എന്നുള്ളതാണ്. ഇച്ഛാശക്തിയുടെ പ്രചോദനത്തെയും പ്രകടനത്തെയും നിയന്ത്രണംചെയ്ത് അതിനെ ഫലവത്താക്കിത്തീർക്കാൻ കഴിയുന്ന പരിശീലനമാണ് വിദ്യാഭ്യാസം. നമ്മുടെ രാജ്യത്തിന് ഇന്നാവശ്യം ഇരുമ്പുകൊണ്ടുള്ള മാംസപേശികളും ഉരുക്കുകൊണ്ടുള്ള ഞരമ്പുകളുമാണ്. ലോകത്തിൽ യാതൊന്നിനും തടയാൻ കഴിയാത്ത അതിമാനുഷമായ ഇച്ഛാശക്തി, വിശ്വമഹാരഹസ്യങ്ങളിലേക്ക് ആണ്ടിറങ്ങാൻ കഴിയുന്ന മഹത്തായ ഇച്ഛാശക്തി, ആഴിയുടെ അടിത്തട്ടോളം പോകേണ്ടിവന്നാലും മരണത്തെത്തന്നെ നേരിടേണ്ടിവന്നാലും ലക്ഷ്യം നിറവേറ്റാതെ പിന്തിരിയില്ലെന്ന ഇച്ഛാശക്തി - അതാണ് നമ്മുടെ ഇന്നത്തെ ആവശ്യം.

- സ്വാമി വിവേകാനന്ദൻ

## 2. വായനക്കൂട്ടം

വായന കുട്ടിയുടെ ഭാവനയെ വളർത്തുന്നതിന് വഹിക്കുന്ന പങ്ക് വലുതാണ്. ഭാവനാസമ്പന്നനായ ഒരു കുട്ടിക്ക് മാത്രമേ തൻെറ ജീവിതത്തെക്കുറിച്ച് സ്വപ്നം കാണാനും ആ സ്വപ്നസാക്ഷാൽക്കാരത്തിനായി പ്രയത്നിക്കാനും സാധിക്കുകയുള്ളൂ. ഇത് മനസിലാക്കി സ്കൂളിലെ പരമാവധി കുട്ടികളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വായനക്കൂട്ടം. ഇതുവഴി, വായനയിൽ താൽപര്യമുള്ള കുട്ടികൾക്ക് എപ്പോൾ വേണമെങ്കിലും ലൈബ്രറിയിൽ എത്തി ഇഷ്ടമുള്ള പുസ്തകം തിരഞ്ഞെടുത്ത് വീട്ടിൽ കൊണ്ടുപോയി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. അതിനായി, 'ലൈബ്രേറിയൻ ഇല്ലാത്ത ലൈബ്രറി' സ്കൂളിൽ നടപ്പാക്കിവരുന്നു. കൂടാതെ, ക്ലാസ് തലത്തിൽ മുഴുവൻ കുട്ടികൾക്കും പുസ്തകങ്ങൾ വിതരണം ചെയ്ത് കുട്ടികൾ പുസ്തകം വായിച്ചു എന്ന് ഉറപ്പുവരുത്തുകയും പുസ്തകക്കുറിപ്പ് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു.

## 3. ക്ലാസ് ലൈബ്രറി

ക്ലാസ് അധ്യാപികയുടെ നേതൃത്വത്തിൽ കുട്ടികളുടെ സഹകരണത്തോടെ ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സ്ഥാപിക്കുക. ക്ലാസിൽ കുട്ടി ലൈബ്രേറിയനെ നിയമിക്കുക. സ്കൂൾ ലൈബ്രറിയിൽനിന്ന് ക്ലാസിലേക്ക് അനുവദിക്കുന്ന പുസ്തകങ്ങളും കുട്ടികൾ സ്വന്തം നിലയിൽ സംഘടിപ്പിക്കുന്ന പുസ്തകങ്ങളും ചേർത്ത് ക്ലാസ് ലൈബ്രറി ഭംഗിയായി നടത്താവുന്നതാണ്. ഒരു ദിവസം ഒരു കുട്ടി എന്ന നിലയിൽ ക്ലാസ് ലൈബ്രറിയിലെ ഓരോ പുസ്തകത്തിൻേറയും വായനാനുഭവം ക്ലാസിൽ പങ്കുവെക്കാവുന്നതാണ്.

## 4. പ്രസംഗ പരിശീലനം

കുട്ടികളുടെ മാതൃഭാഷയിലുള്ള ആശയവിനിമയ ശേഷി വളർത്തുന്നതിന് പ്രസംഗത്തിന് താൽ പര്യമുള്ള മുഴുവൻ കുട്ടികൾക്കും പ്രസംഗ പരിശീലനം നൽകുക. അതിനായി ക്ലാസ് തലത്തിൽ പ്രസംഗമത്സരം നടത്തി അഭിരുചിയും താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വിദഗ്ധരുടെ സഹായത്തോടുകൂടി പരിശീലനം നൽകുക. വിവിധ വിഷയങ്ങളെ സംബന്ധിച്ച് കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കുന്നവയിൽ മികച്ചവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകാവുന്നതാണ്. കാലിക പ്രസക്തിയുള്ളതും വിജ്ഞാനപ്രദവുമായ വിഷയങ്ങൾ ആയിരിക്കണം തിരഞ്ഞെടുക്കേണ്ടത്. കുട്ടികളുടെ ഭാഷാശേഷി, ആവിഷ്കാരഭംഗി, അക്ഷരശുദ്ധി, ആശയം എന്നിവയെല്ലാം വിലയിരുത്തി വേണം മികച്ച പ്രസംഗകരെ കണ്ടെത്താൻ.

## 5. എഴുത്തുമൂല

ക്ലാസ് റൂം പ്രവർത്തനങ്ങളിലെ ഇടപെടലിലൂടെയും വിലയിരുത്തലിലൂടെയും ഭാഷ നന്നായി കൈകാര്യം ചെയ്യാൻകഴിയുന്ന(എഴുത്തിലും സംസാരത്തിലും) കുട്ടികളെ തിരിച്ചറിയുകയും അവരിലെ സർഗ്ഗശേഷിയെ അളക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം. ക്ലാസ്സിൽ കവിത, കഥ, യാത്രാവിവരണം, കുട്ടിയുടെ മനസ്സിൽ തോന്നുന്നതെന്തും എഴുതുന്നതിന് അവസരം ഒരുക്കണം. അവരിൽ നിന്നും മിടുക്കരായ കുട്ടികളെ കണ്ടെത്തി സ്കൂൾ തല സാഹിത്യ സമാജത്തിന് രൂപം നൽകണം. ആഴ്ചയിലൊരിക്കൽ അവർ ഒത്തുകൂടുകയും കുട്ടികളുടെ ചെറുതും വലുതുമായ രചനകൾ അവതരിപ്പിക്കുന്നതിന് അവസരം നൽകുകയും വേണം. വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി കവിതാ, കഥാ ശില്പശാലകൾ സംഘടിപ്പിക്കുകയും പഠനയാത്രകൾ സംഘടിപ്പിച്ച് യാത്രാനുഭവങ്ങൾ, യാത്രാവേളകളിൽ മനസ്സിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ എന്നിവ ആവിഷ്കാരിക്കുന്നതിന് അവസരം ഒരുക്കുകയും വേണം. സാഹിത്യ സമാജത്തിൽ അംഗങ്ങളായ കുട്ടികളുടെ രചനകൾ എഴുതി പ്രകാശിപ്പിക്കുന്നതിന് സർഗ്ഗമൂല ഒരുക്കണം. വായിച്ച് അവതരിപ്പിക്കുന്നവ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെയും യൂട്യൂബ് ചാനലിലൂടെയും സ്കൂളിലെ മുഴുവൻ കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കണം. സ്കൂളിന് പുറത്ത് നടക്കുന്ന സാഹിത്യ മത്സരങ്ങളിൽ സാഹിത്യ സമാജത്തിൽ അംഗങ്ങളായ മിടുക്കരായ കുട്ടികളെ പങ്കെടുപ്പിക്കണം. കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി മാസത്തിൽ ഒരു സ്കൂൾ മാഗസിൻ എന്ന രീതിയിൽ പ്രകാശനം ചെയ്യണം. അവ ഡിജിറ്റൽ രൂപത്തിലോ പ്രിന്റ് രൂപത്തിലോ പ്രസിദ്ധീകരിക്കാം. ഇത് സ്കൂൾതലത്തിൽ മികച്ച സർഗ്ഗധനരെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും സഹായിക്കും.

## 6. വീടൊരു വിജ്ഞാനകേന്ദ്രം(വീട്ടുപുസ്തകശാല)

നമ്മുടെ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ വീടിരിക്കുന്ന സ്ഥലങ്ങളെ 12 ബ്ലോക്കുകളായി തിരിക്കുന്നു. ഓരോ ബ്ലോക്കിലും ഉൾപ്പെട്ട കുട്ടികളുടെയും അവരുടെ വീടുകളുടെയും എണ്ണം തിട്ടപ്പെടുത്തി അതിൽ ഉൾപ്പെട്ട കുട്ടികളുടെ പേര്, വീട്ടുവിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നു. ഒരു ബ്ളോക്കിന് രണ്ട് അധ്യാപകർക്ക് ചാർജ് നൽകാം, ഒരു പിടിഎ അംഗത്തിനും. ഒരു ബ്ലോക്കിൽപ്പെട്ട കുട്ടികളെ ഒരു യൂണിറ്റായി പരിഗണിച്ച് അവിടെനിന്നും വായനയിൽ താല്പര്യമുള്ള കുട്ടിയേയും മാതാപിതാക്കളേയുംകൂട്ടി ഒരു വീട്, വീട്ടുപുസ്തകശാലയ്ക്കായി തിരഞ്ഞെടുക്കുന്നു. അത് ഒരു പ്രാദേശിക വിജ്ഞാനകേന്ദ്രമായിരിക്കും. അവിടെ ഒരു പുസ്തകശാലയും ആ പുസ്തകശാലയിൽ നിന്ന് ആ യൂണിറ്റിൽപ്പെട്ട കുട്ടികൾക്കും രക്ഷിതാക്കൾക്കും പുസ്തകം എടുത്ത് വായിക്കുന്നതിനുള്ള സൗകര്യവും ഒരുക്കുന്നു. പുസ്തകങ്ങൾ അവർക്ക് അവരുടെ വീടുകളിൽ കൊണ്ടുപോയി വായിക്കാം. പുസ്തകശേഖരം ഒരുക്കുന്നതിന് പല വഴികൾ സ്വീകരിക്കാം. സ്കൂൾ ലൈബ്രറിയിൽ നിന്നും ഒരു നിശ്ചിത എണ്ണം പുസ്തകം ആ വീട്ടിലെ കുട്ടിയെ ഉത്തരവാദിത്വത്തോടെ ഏൽപ്പിക്കാവുന്നതാണ്. പരമാവധി 15 എണ്ണം പുസ്തകങ്ങൾ. ആ യൂണിറ്റിൽപ്പെട്ട കുട്ടികൾ ഒരു വീട്ടിൽ നിന്ന് ഒരു പുസ്തകം എന്ന രീതിയിൽ പുസ്തകശാലയിലേക്ക് നൽകുന്നു. പുസ്തകം നൽകാൻ പറ്റാത്തവർക്ക് ഒരു പുസ്തകത്തിൻെറ പണം നൽകാം. ആ പണം ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങാം. കൂടുതൽ പുസ്തകങ്ങൾ ആവശ്യമുള്ള ബ്ലോക്കുകൾക്ക് ആ ബ്ലോക്കിൽ നിന്നും വരുന്ന കുട്ടികൾക്ക് 'വായനക്കൂട്ടം' പദ്ധതിയിലൂടെ അംഗത്വം നൽകി, സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകം എടുക്കാവുന്നതാണ്. അങ്ങനെ 50 നും 100 നും ഇടയിലുള്ള പുസ്തകശേഖരം ഉപയോഗപ്പെടുത്തിക്കൊണ്ട് 'വീട്ടുപുസ്തകശാല' പദ്ധതി വിജയകരമായി നടത്താവുന്നതാണ്. മാസത്തിലൊരിക്കൽ ഒരു ബ്ലോക്കിൽപ്പെട്ട കുട്ടികളുടെ രക്ഷിതാക്കളെ ഉൾപ്പെടുത്തിയുള്ള യോഗം ആ വീട്ടിൽ ചേരുകയും കുട്ടികളുടെയും മാതാപിതാക്കളുടെയും വായനാനുഭവങ്ങൾ, സർഗ്ഗസൃഷ്ടികൾ, ആശയങ്ങൾ എന്നിവ ആവിഷ്കരിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യുക. ബ്ലോക്കിന്റെ ചുമതലയുള്ള അധ്യാപകരുടെയും പിടിഎ എക്സിക്യൂട്ടീവ് അംഗത്തിന്റെയും മറ്റ് രക്ഷിതാക്കളുടെയും നേതൃത്വത്തിലും സഹകരണത്തോടെയും പദ്ധതികൾ വിജയകരമായി നടത്താവുന്നതാണ്.

# ഇംഗ്ലീഷ്
# പഠനലക്ഷ്യങ്ങൾ

1. ആധുനിക കാലത്തിന്റെ ലോകഭാഷ എന്ന നിലയിൽ ഇംഗ്ലീഷിലുള്ള എഴുത്തും വായനയും മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
2. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക.
3. ഇംഗ്ലീഷ് വൊക്കാബുലറി പഠനത്തിന്റെ ഭാഗമാക്കി മാറ്റുക.
4. സ്വതന്ത്രമായ എഴുത്തിനും വായനയ്ക്കും കുട്ടികളെ സജ്ജരാക്കുക.
5. ഭാഷാശേഷി വികസനത്തിനായി ലാംഗ്വേജ് ലാബ് പോലുള്ള ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
6. അന്താരാഷ്ട്ര നിലവാരമുള്ള സാഹിത്യകൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും സാഹിത്യ രചനകളിൽ ഏർപ്പെടുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുക.

English

# പ്രവർത്തനങ്ങൾ

## 1. LIGHT OF LETTERS

(A project on completeness of reading and writing in English Language.)

### 1. Case Study

a) Test

b) Observation

c) Don't know the symbols

d) Don't know the meaning

### 2. Result

a) Low I Q

b) Skill

c) Laziness / Carelessness

d) Backwardness

e) Lack of capacity

f) Lack of interest

### 3. Solution

a) Low IQ – proceed as per departmental directions

b) Find extra time and practice

### 4. Tools

a) The letter

b) Symbols

c) words

d) Sentence

e) Article, News, Editorial etc..

### 5. How to implement (Application)

| | | |
|---|---|---|
| 1st Phase | - | Confirmation of letter (1 hour) |
| 2nd Phase | - | Confirmation of symbols (1 hour) |
| 3rd Phase | - | Five words – Correction |
| 4th Phase | - | One Sentence |
| 5th Phase | - | Sight Words |
| 6th Phase | - | Paragraph |

### 6. Faculty

- Two Resource persons for each 20 students

## Materials – First Phase – Confirmation of Letters

**A – ant, apple, aeroplane, arrow**

**B – bat, boy, ball, basket**

**C – cat, car, case, cabin**

**D – dog, den, dark**

**E – elephant, ear, easy, earth**

**G – goat, goal, gas, gold, good**

**H – house, hen, hole, horse**

**I – ice cream, iron man, idea, image, island**

**J – joy, joke, join, job**

**K – kite, key, king, knife**

**L – lion, lamp, love, lord**

**M – monkey, marvel, music, mountain, milk**

**N – nose, noise, nail, neck, net**

**O – orange, old, ocean, open, onion**

**P – power, pen, pencil, paper**

**Q – queen, quick, quiz, question**

**R – rich, roll, right, rule, run**

**S – salt, snake, shop, silly, serious**

**T – tree, travel, truck, track, trend**

**U – umbrella, ugly, unifom, unity**

**V – van, violin, violet, vegetable, video**

**W – water, web, wolf, waterfall, weapon**

**X – x-ray, Xerox, x’mas tree**

**Y – yard, yield, yellow**

**Z – zoo, zebra, zoology**

## Phonetics – Second Phase – Confirmation of Symbols

| | | | | | | |
|---|---|---|---|---|---|---|
| Aa | Bb | Cc | Dd | Ee | Ff | Gg |
| [eɪ] | [bi:] | [si:] | [di:] | [i:] | [ɛf] | [dʒi:] |
| Hh | Ii | Jj | Kk | Ll | Mm | Nn |
| [eɪtʃ] | [aɪ] | [dʒeɪ] | [kʰeɪ] | [ɛl] | [ɛm] | [ɛn] |
| Oo | Pp | Qq | Rr | Ss | Tt | Uu |
| [oʊ] | [pʰi:] | [kʲu:] | [ɑɹ] | [ɛs] | [ti:] | [ju:] |
| Vv | Ww | Xx | Yy | Zz | | |
| [vi:] | ['dʌbəl ju:] | [ɛks] | [waɪ] | [zi:] | | |

## 3rd Phase - Correction of Words

1. Students
2. Teachers
3. Parents
4. Brothers
5. Neighbours

## 4th Phase – One Sentence - Sentences used in Daily Life

- **Go down!**
- **It doesn’t matter.**
- **Plucking flowers is prohibited.**
- **We both like each other.**
- **What’s your phone number?**
- **A set of books is on the table.**
- **May God bless you!**
- **This is not fair.**
- **I hate you!**
- **It’s for the best.**
- **I talked with him.**
- **What is your contact number?**
- **What do you want to do?**
- **Are you there?**
- **Write with an improved hand.**

- **What would you like to have?**
- **Forget it**
- **Who will co-operate with you?**
- **It was nice to talk with you.**
- **Can you please repeat that?**
- **As soon as possible!**
- **You are a glutton.**
- **When will you reach?**
- **Call me back.**
- **The terms were finalized.**
- **Improve your handwriting.**
- **What's your name?**
- **See you!**
- **The matter is clear.**
- **I appreciate it.**
- **What did you say?**

## 5th Phase - Sight Words

| | | | |
|---|---|---|---|
| The | He | At | But |
| Of | Was | Be | Hot |
| And | For | This | What |
| A | On | Have | All |
| To | Are | From | Where |
| In | As | Or | We |
| Is | With | One | When |
| You | His | Had | Your |
| That | They | By | Can |
| It | I | Words | Said |
| There | Will | Some | Two |
| Use | Up | Here | More |
| Which | Other | Would | With |
| She | About | Like | Go |
| Do | Out | Make | See |
| How | Many | Him | Number |
| They | Then | Into | No |
| If | These | Time | Why |
| Each | Them | Has | Come |
| Their | So | Look | People |

## 6th Phase – Paragraph

1. **Mother** is the most important woman in everyone's life. A mother sacrifices her happiness for her child. No one else can care for their kids the way a Mother does. A Mother is great and does not need anyone like me explaining that. This essay on Mother is a small attempt to discover the greatness of a mother.

## 2. The Lion and the Rabbit

Once there was a Lion in the jungle who used to kill 2-3 animals daily for his meal. All animals went to him to tell, that daily one of them will come to him for his meal. So, the Lion agreed and this started going for many days. One day, it was Rabbit's turn. When he was on his way he saw a well. Now he plans to kill the lion and save himself. He went to the lion and told him that, there is another lion who claims to be more powerful than him. Then the lion asks the rabbit to take him to that lion. The rabbit takes him to the well and said he lives here. When the lion looked in the well he saw his own reflection and jumped in the well and dies.

## 3. The Hunter and the Pigeons

One day a hunter sets a net to catch birds and placed grains and rice over the net. After some time a flock of pigeons comes by and start eating grains and get caught in the net. After some time they started losing hope, then their leader asks them to fly together up in the sky. They did as they were told and carried the net away. The hunter runs after them but they flew away to their friend's mouse hole. Then the mouse cuts the net and freed the pigeons.

## 7th Phase - Article

**Dr. APJ Abdul Kalam** is a famous name in the whole world. He is counted among the greatest scientists of the 21st century. Even more, he becomes the 11th president of India and served his country. He was the most valued person of the country as his contribution as a scientist and as a president is beyond compare. Apart from that, his contribution to the ISRO (Indian Space Research Organization) is remarkable. He headed many projects that contributed to the society also he was the one who helped in the development of Agni and Prithvi missiles. For his involvement in the Nuclear power in India, he was known as "Missile Man of India". And due to his contribution to the country, the government awarded him with the highest civilian award.

## Independence Day

Independence Day is celebrated on 15th August of every year. It is a national day off for every Indian. This day we remember the great struggle of freedom. This day we remember the sacrifices of our great freedom fighters. Every state and union territory of our country celebrates this day with great enthusiasm. In Red Fort, one of the major programs is hoisting the national flag by the prime minister. President gives a speech on these auspicious day.The chief ministers in their states raise the national flag. The patriotic songs and movies are broadcasted in all the tv channels. It is one of the biggest and grandest festivals in India.

## 2. വായനാനുഭവം പങ്കുവെക്കൽ

കുട്ടികൾക്ക് വായനാനുഭവം ലഭിക്കുന്നതിനും താല്പര്യത്തോടുകൂടി ഇംഗ്ലീഷ് വായിച്ച് ആശയങ്ങൾ ഗ്രഹിക്കുന്നതിനും ആശയങ്ങളെ സ്വന്തം ഭാഷയിൽ എഴുതി അവതരിപ്പിക്കുന്നതിനും അവസരം നൽകുക. ഇതിനായി, ഇംഗ്ലീഷ് പത്രം ക്ലാസ് മുറിയിൽ ലഭ്യമാക്കി കുട്ടികൾക്ക് ആശയങ്ങൾ ഗ്രഹിക്കുന്നതിന് അവസരം കൊടുക്കുക. കുട്ടികൾ മാറിമാറി പത്രത്തിലെ പ്രധാനപ്പെട്ട വാർത്തകൾ(ഒരു ദിവസം ഒരു വാർത്തയായാലും മതി) ഉറക്കെ വായിക്കുന്നു. കുട്ടികൾ മനസ്സിലാക്കിയ ആശയങ്ങൾ സ്വന്തം ഭാഷയിൽ എഴുതട്ടെ. അവയിൽ മികച്ചവ ക്ലാസ്സിൽ അവതരിപ്പിച്ച് ടീച്ചറുടെ സഹായത്തോടുകൂടി ഓരോരുത്തരും എഴുതിയത് സ്വയം തിരുത്തുന്നു. ഓരോ ദിവസത്തെയും ക്ലാസ് സമയത്തിന്റെ അഞ്ചോ പത്തോ മിനിറ്റ് ഈ പ്രവർത്തനത്തിനായി മാറ്റി വെക്കാവുന്നതാണ്. അതുവഴി കുട്ടികൾക്ക് പാഠപുസ്തകത്തിന് പുറത്തേക്ക് അവരുടെ വായനയും ചിന്തയും എഴുത്തും കൊണ്ടുപോകാൻ ടീച്ചർക്ക് സാധിക്കും.

## 3. സർവ്വേ സംഘടിപ്പിക്കുക

ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗത്തിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ തിരിച്ചറിയുന്നതിന് ആവശ്യമായ ഒരു പഠനം നടത്തുന്നു. സ്കൂളിനെ ഒരു യൂണിറ്റായിക്കണ്ടുകൊണ്ട് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഈ പഠനത്തിൽ പങ്കാളികളാകാം. പഠനത്തിനായി ഒരു സർവ്വേയാണ് നടത്തുന്നത്. സർവ്വേയ്ക്ക് ആവശ്യമായ ചോദ്യാവലി കുട്ടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തയ്യാറാക്കാവുന്നതാണ്. ക്ലാസ് സ്ഥലത്തിൽ ഇംഗ്ലീഷ് അധ്യാപകരുടെ സഹായത്തോടുകൂടി കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ആവശ്യമായ ചോദ്യാവലി തയ്യാറാക്കട്ടെ. ഗ്രൂപ്പുകൾ തയ്യാറാക്കുന്ന ചോദ്യങ്ങൾ ഒരേ ചോദ്യങ്ങൾ ആകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർന്ന്, ഗ്രൂപ്പ് തിരഞ്ഞെടുക്കുന്നതും മറ്റ് ക്ലാസുകളിൽ പഠിക്കുന്നതുമായ ഒന്നോ ഒന്നിലധികമോ കുട്ടികളെ ഗ്രൂപ്പ് ഒന്നായിട്ടോ ഒറ്റയ്ക്കൊറ്റയ്ക്കോ അഭിമുഖം(interview) നടത്തുന്നു. അഭിമുഖത്തിൽ കുട്ടികൾ ഗ്രൂപ്പ് തയ്യാറാക്കിയ ചോദ്യാവലി ചോദിക്കുകയും അവരുടെ ഉത്തരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഒരു കുട്ടി കുറഞ്ഞത് ഒരു കുട്ടിയെ എങ്കിലും സർവ്വേയ്ക്കായി അഭിമുഖം നടത്തേണ്ടതാണ്. തുടർന്ന്, ഗ്രൂപ്പ് അംഗങ്ങൾ ഒരുമിച്ചിരുന്ന് തങ്ങൾ നടത്തിയ അഭിമുഖത്തിലൂടെ മനസ്സിലായ കാര്യങ്ങൾ വിലയിരുത്തി ഒരു നിഗമനത്തിൽ എത്തിച്ചേരാനാകണം. അതുവഴി കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാപ്രയോഗത്തിൽ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അതിനായി നടത്തുന്ന ഈ സർവ്വേയിലൂടെ സ്വന്തം ഭാഷാശേഷിയെ വികസിപ്പിക്കുന്നതിനും സാധിക്കും.

## 4. ഡിക്ഷ്ണറി നിർമ്മാണം(Making a self Dictionary)

ഇതൊരു ഗ്രൂപ്പ് ആക്ടിവിറ്റിയാണ്. ടീച്ചർ ക്ലാസിലെ കുട്ടികളെ അഞ്ചോ ആറോ ഗ്രൂപ്പുകളായി തിരിച്ച് അവർക്ക് മൂന്നോ നാലോ അക്ഷരങ്ങൾ വീതം നൽകുന്നു. ഓരോ ഗ്രൂപ്പിനും ലഭിക്കുന്ന അക്ഷരങ്ങൾ ചേർന്നുവരുന്ന വാക്കുകൾ കണ്ടെത്തി അവയുടെ ഉച്ചാരണം, നാമമാണെങ്കിൽ നാമം, ക്രിയയാണെങ്കിൽ ക്രിയ, അർത്ഥം, ആ വാക്കിൽ നിന്നും ഉണ്ടാകുന്ന മറ്റ് വാക്കുകൾ എന്നിവ എഴുതി തയ്യാറാക്കുന്നു. മറ്റ് വാക്കുകളുടേയും അർത്ഥം എഴുതേണ്ടതാണ്. ഓരോ ഗ്രൂപ്പും തയ്യാറാക്കിയവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. അധ്യാപികയുടെ സഹായത്തോടുകൂടി ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തി മുഴുവൻ ഗ്രൂപ്പുകളുടെയും പ്രവർത്തനത്തെ ഏകോപിപ്പിച്ച് ക്ലാസ് തല ഡിക്ഷ്ണറി തയ്യാറാക്കുന്നു. ഈ പ്രവർത്തനം

സ്കൂളിലെ എല്ലാ ക്ലാസുകളിലും നടത്താവുന്നതാണ്. ഇതുവഴി കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കും.

## 5. ലോക ക്ലാസിക്കുകളിലേക്ക് ഒരു യാത്ര (A Journey To The World Classics)

ലോക പ്രശസ്ത എഴുത്തുകാരുടെ ക്ലാസിക് രചനകൾ പരിചയപ്പെടുന്നതിനുള്ള അവസരമാണ് ഇവിടെ ഒരുക്കുന്നത്. ഒരു ക്ലാസിലെ കുട്ടികളെ 5 അല്ലെങ്കിൽ 6 ഗ്രൂപ്പുകളായി തിരിച്ച് അവർക്ക് ഒരു പുസ്തകം നൽകുന്നു. അത് പ്രശസ്ത എഴുത്തുകാരുടെ ഏതെങ്കിലും ഒരു പ്രശസ്തമായ പുസ്തകം ആയിരിക്കണം. ഓരോ ഗ്രൂപ്പിനും ലഭിച്ച പുസ്തകങ്ങൾ അവർ നന്നായി വായിക്കുകയും അവയുടെ ആശയങ്ങൾ സ്വന്തം ഭാഷയിൽ ലഘു കുറിപ്പുകളായി മാറ്റുകയും ചെയ്യട്ടെ. തുടർന്ന്, ഏതെങ്കിലും ഒരു മാസം നിശ്ചയിച്ച് ആ മാസത്തെ എല്ലാ ശനിയാഴ്ചകളിലും കുട്ടികൾ സ്കൂളിൽ എത്തുകയും ഓരോ ഗ്രൂപ്പും അവർ വായിച്ച പുസ്തകത്തിലെ ആശയങ്ങളെ മറ്റ് ക്ലാസ് ഗ്രൂപ്പുകളുടെ അല്ലെങ്കിൽ ക്ളാസുകളുടെ മുമ്പിൽ അവതരിപ്പിക്കുകയും വേണം. ആശയങ്ങൾ അവതരിപ്പിക്കുമ്പോൾ കുട്ടികൾക്ക് വിവിധങ്ങളായ വ്യവഹാര രൂപങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഉദാഹരണത്തിന്, കുട്ടികൾക്ക് ആ പുസ്തകത്തെ നാടകമാക്കി അവതരിപ്പിക്കാം, റേഡിയോ നാടകമാക്കാം. ക്ലാസിന് പുറത്ത്, സ്റ്റേജ് എന്ന സങ്കൽപത്തിനപ്പുറം ക്യാമ്പസിനെ ആ സാഹിത്യകൃതിയിലെ ആശയത്തിന്റെ പശ്ചാത്തലമായി കണ്ടുകൊണ്ട് വിവിധ സ്റ്റിൽ മോഡലുകളായോ നാടകത്തിന്റെ വിവിധ സീനുകളായോ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ആശയത്തെ ആവിഷ്കരിക്കാവുന്നതാണ്. 8, 9, 10 ക്ലാസുകളിലെ കുട്ടികളെ മൂന്ന് വിശാല ഗ്രൂപ്പുകളായി കണ്ടുകൊണ്ട് ഒരു ക്ളാസിനെ(ഉദാ. ഒരു ശനിയാഴ്ച എട്ടാം ക്ളാസിലെ മുഴുവൻ കുട്ടികളും സ്കൂളിൽ വരുന്നു) ഒരുമിച്ച് ഒരു ശനിയാഴ്ച സ്കൂളിൽ വിളിച്ച് ഓരോ ശനിയാഴ്ചയും ഒന്നോ രണ്ടോ ക്ലാസ് ഗ്രൂപ്പിന്റെ അവതരണം എന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്. ഈ പ്രവർത്തനത്തിന് ഇംഗ്ലീഷ് അധ്യാപകർക്ക് പുറമേ ഓരോ ക്ലാസിലെയും ക്ലാസ് അധ്യാപകർ, അവിടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ, സ്കൂളിലെ കലാകായിക അധ്യാപകൻ, മറ്റ് ജീവനക്കാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതുവഴി കുട്ടികളുടെ അഭിനയശേഷി വർദ്ധിക്കും എന്ന് മാത്രമല്ല, സ്വന്തം ആശയത്തെ ആരുടെ മുമ്പിലും ഭയം കൂടാതെ അവതരിപ്പിക്കുന്നതിനുള്ള ശേഷിയും നേടും. കൂടാതെ, സ്കൂൾ ക്യാമ്പസിൽ കുട്ടികൾക്ക് വിശാലമായ ഒരു ലോകത്തെ സൃഷ്ടിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യും.

## 5. Communicate with Europe

കുട്ടികളുടെ ഇംഗ്ലീഷിലുള്ള കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്പ് ചെയ്യുന്നതിന് വേണ്ടി ആസൂത്രണം ചെയ്യുന്ന പദ്ധതിയാണ് ഇത്. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ, സുഹൃത്തുക്കൾ എന്നിങ്ങനെ പലരും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ചുരുക്കം ചിലരെങ്കിലും അവിടങ്ങളിലെ സ്കൂളുകളിൽ ജോലി ചെയ്യുന്നവരാണ്. അവരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ സ്കൂളിലെ കുട്ടികളും ഇംഗ്ലണ്ട്, അമേരിക്ക, അയർലൻഡ് പോലുള്ള രാജ്യങ്ങളിലെ സ്കൂൾ കുട്ടികളും തമ്മിൽ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുകയാണ് ഇതുവഴി ചെയ്യുന്നത്. ഇന്ത്യയിലെതന്നെ നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലെ സ്കൂൾകുട്ടികളുമായും ഇത് സാധ്യമാണ്. ഇത്തരം ഇൻട്രാക്ഷൻ നമ്മുടെ കുട്ടികളുടെ ഇംഗ്ലീഷിലുള്ള ആശയവിനിമയ ശേഷി വർദ്ധിപ്പിക്കും എന്ന് മാത്രമല്ല, അവരുടെ കുറവുകൾ തിരിച്ചറിയുന്നതിനും കുട്ടികളെ സഹായിക്കുകയും ചെയ്യും.. സ്കൂളിലെ ഇംഗ്ലീഷ് അധ്യാപകരുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

# ഹിന്ദി

## പഠനലക്ഷ്യങ്ങൾ

1. ദേശീയ ഭാഷയുടെ പ്രാധാന്യം ഉൾക്കൊണ്ട് ഹിന്ദിയിൽ അക്ഷരജ്ഞാനവും എഴുത്തും വായനയും മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
2. ഹിന്ദിയിലുള്ള ആശയവിനിമയത്തിന് അവസരമൊരുക്കുക.
3. ഹിന്ദി ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള മഹത്തായ കൃതികൾ പരിചയപ്പെടുന്നതിനും സാഹിത്യ രചനകളിൽ ഏർപ്പെടുന്നതിനും അവസരം കൊടുക്കുക.

ഹിന്ദി

# പ്രവർത്തനങ്ങൾ

# 1. सुरीली हिंदी

**(സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനും അറിയാം എന്ന് ഉറപ്പാക്കുന്ന പദ്ധതി)**

## 1. Case Study

***Test - കേട്ടെഴുത്ത്**

**(പരിചിതമായ 20 ഹിന്ദി വാക്കുകൾ എല്ലാ കുട്ടികൾക്കും കേട്ടെഴുത്തായി നൽകുക)**

**1.** हिंदी, **2.** माता, **3.** गुरु, **4.** कलम , **5.** किताब,

**6.** इधर, **7.** पेड़, **8.** घर, **9.** गगन, **10.** ज़मीन,

**11.** नाम, **12.** धरती, **13.** राष्ट्रपति, **14.** भारत, **15.** स्कूल,

**16.** आदमी, **17.** असत्य, **18.** गुलाब, **19.** किसान, **20.** जानवर.

***Observation**

1. അക്ഷരമറിയില്ല
2. ചിഹ്നമറിയില്ല
3. അർത്ഥം അറിയില്ല

## 2. Result

1. IQ കുറവ്
2. ശേഷിക്കുറവ്
3. അലസത/അശ്രദ്ധ
4. പിന്നോക്കാവസ്ഥ
5. താൽപര്യക്കുറവ്

## 3. പരിഹാരം

* IQ കുറവ് -ഡിപ്പാർട്ട്മെൻറ് നിർദ്ദേശങ്ങൾക്കനുസരിച്ച് മുന്നോട്ടുപോവുക

* മറ്റ് കുട്ടികൾക്ക് അധികസമയം കണ്ടെത്തി പരിശീലനം നൽക്കുക

## 4. Tools

* അക്ഷരം

* ചിഹ്നം

* വാക്യം

* ഖണ്ഡിക

* ലേഖനം

**5. എങ്ങനെ നടപ്പാക്കും?**

***1st Phase – അക്ഷരമുറപ്പിക്കൽ.**

***2nd Phase - ചിഹ്നബോധം ഉറപ്പിക്കൽ.**

***3rd Phase - നിരന്തരം ഉപയോഗം വരുന്ന 50 ഹിന്ദി വാക്കുകൾ പഠിക്കുന്നതോടൊപ്പം ആശയവിനിമയശേഷി ഉണ്ടാക്കിയെടുക്കാം.**

***4th Phase - ഹിന്ദി ചെറുകഥകളിലൂടെ വായിച്ച് മനസ്സിലാക്കാനുള്ള ശേഷി ഉണ്ടാക്കിയെടുക്കാം.**

***5th Phase - താല്പര്യമുള്ള ഏതെങ്കിലും വിഷയത്തെക്കുറിച്ച് ചെറുകഥകൾ/കവിതകൾ/ ലേഖനങ്ങൾ എന്നിവ എഴുതാനുള്ള ശേഷി ഉണ്ടാക്കിയെടുക്കുന്നു.**

**6. Faculty**

*** Two Resource Person for each 20 Students.**

# Materials

## 1st Phase – അക്ഷരമുറപ്പിക്കൽ

| | | |
|---|---|---|
| अ | अनार | **Pomegranate** |
| आ | आम | **Mango** |
| इ | इमली | **Tamarind** |
| ई | ईख | **Sugarcane** |
| उ | उल्लू | **owl** |
| ऊ | ऊन | **Wool** |
| ए | एक | **One** |
| ऐ | ऐनक **S** | **pecs** |
| ओ | ओखल | **okhal** |
| औ | औरत | **Woman/Lady** |
| अं | अंगूर | **Grapes** |
| अ: | प्रातः काल | **Morning** |
| ऋ | ऋषि | **Saint** |
| क | कबूतर | **Pigeon** |
| ख | खरगोश | **Rabbit** |
| ग | गमला | **Flowerpot** |
| घ | घड़ी | **Watch** |
| च | चम्मच | **Spoon** |
| छ | छतरी | **Umbrella** |
| ज | जहाज | **Ship** |
| झ | झरना | **Waterfall** |
| ट | टमाटर | **Tomatoes** |
| ठ | ठेला | **Trolley** |

| | | |
|---|---|---|
| ड | डमरू | **Damru** |
| ढ | ढक्कन | **Lid** |
| त | तवा | **Tawa** |
| थ | थैली | **Bag** |
| द | दवा | **Medicine** |
| ध | धनुष | **Bow** |
| न | नल | **Tap** |
| प | पतंग | **Kite** |
| फ | फल | **Fruit** |
| ब | बत्तख | **Duck** |
| भ | भालू | **Bear** |
| म | मकड़ी | **Spider** |
| य | यज्ञ | **Yajna** |
| र | रथ | **Chariot** |
| ल | लट्टू | **Laddu** |
| व | वन | **Forest** |
| श | शलजम | **Turnip** |
| ष | षट्कोण | **Hexagon** |
| स | साडी | **Saree** |
| ह | हल | **Plough** |
| क्ष | क्षत्रिय | **Kshatriya** |
| त्र | त्रिशूल | **Prong** |
| ज्ञ | ज्ञान | **Knowledge** |

## 2nd Phase - ചിഹ്നം ഉറപ്പിക്കൽ

| | | | | |
|---|---|---|---|---|
| अ | | क्+अ | क | कलम |
| आ | **(-T)** | क्+आ | का | काल |
| इ | ि | क्+इ | कि | किया |
| ई | ( ी ) | क्+ई | की | कील |
| उ | ( ु) | क्+उ | कु | अंकुश |
| ऊ | (ू) | क्+ऊ | कू | चाकू |
| ऋ | (ृ) | क्+ऋ | कृ | कृपा |
| ए | ( े) | क्+ए | के | केला |
| ऐ | (ै) | क्+ऐ | कै | डकैत |
| ओ | (ो) | क्+ओ | को | त्रिकोण |
| औ | (-ौ) | क्+औ | कौ | कौवा |
| अं | (ं) | क्+अं | कं | कंधा |
| अ: | ( : ) | क्+अ: | कः | |

**മറ്റ് അക്ഷരങ്ങൾ ഇതുപോലെ ഉപയോഗിച്ച് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് കൊടുക്കുന്നു.**

**3rd Phase - നിരന്തരമായി ഉപയോഗിക്കുന്ന ഹിന്ദി വാക്കുകൾ ഉപയോഗിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു.**

1. **Hello –** नमस्ते **(na-ma-sté)**

2. **Good Morning–** शुभ प्रभात **(Shubh-pra-bhaat)/**

3. नमस्कार **- (namaskaar)**

4. शुभ रात्रि **- (shubh-raa-tree)**

5. **How are you? –** आप कैसे हैं **(aap kaisé hain)**

6. **I am good. How are you? –** ठीक हनु। आप कैसे हैं**? ( thik hu. aap kaise hain?)**

7. **I am not well –** मैं ठीक नहीं हूँ **(main theek nahi hoon)**

8. **What is your name? –** आपका नाम क्या है**? (aapka naam kya hai?)**

9. **My name is __ –** मेरा नाम __ है। **(mera naam ___ hai.)**

10. **I am from city and country –** मैं **__ and __** से हूँ **(main ___ and __ se hoon)**

11. **Where are you from? –** आप कहाँ से हैं**? (aap kahan se hain?).**

12. **I am Indian/America/ English –** मैं भारतीय / अमेरिकी / अंग्रेजी हूं**(main bhaarateey / amerikee / angrejee hoon)**

13. **I am pleased to meet you –** आप से मिलकर खुशी हुई **(aap sé milkar khushee hooee)**

14. **Goodbye/ see you again –** अलविदा **(alavida)/** फिर मिलेंगे **(phir milenge)**

## Asking Basic Questions in Hindi

1. **What are you doing? –** तुम क्या कर रहे हो**? (tum kya kar rahe ho)**

2. **Where is _? –** कहाँ है **_?– (kahaan hai)**

3. **How many? –** कितने**? (kitane)**

4. **What's the price? –** कीमत क्या है**? (keemat kya hai)**

**5. Who are you –** तुम कौन हो**? (tum kaun ho)**

**6. Who? –** कौन**? (kaun?)**

**7. How much does this cost? –** यह कितने का है**? (yeh kitné ka hai?)**

**8. Where is the washroom? –** शौचालय कहाँ है**? (shauchalay kahan hai?)**

**9. What? –** क्या**? (kya?)**

**10. Which? –** कौन कौन से**? (kaun kaun se)**

**11. I want this –** मैं यह चाहता हूँ **(main yahi chahta hoon)**

**12. I would like to have__ –** मुझको __ चाहिए **(mujhko ___ chaahiyé).**

**13. I want to go to the market –** मैं बाज़ार जाना चाहता हूँ **(main bazar jana chahta hoon)**

**14. I want to make a phone call –** मैं फोन करना चाहता हूं **(main phone karan chahta hoon)**

**15. When? –** कब**? (kab)**

## Polite Phrases in Hindi

**1. Please –** कृपया **(krip-ya)**

**2. Thank You/ Thank you so much –** धन्यवाद **(dhanyavad)/** बहुत धन्यवाद **(bahut dhanyavaad)**

**3. You are welcome –** आपका स्वागत है **(aapka swagat hai)**

**4. Yes/ No –** हाँ / नही **(haan/ nahi)**

**5. Excuse me –** सुनिए **(Suniyé)**

**6. It's fine –** यह ठीक है **(yeh theek hai)**

**7. I am sorry –** माफ़ कीजिए **(maaf keejiyé)**

**8. Do you speak English? –** क्या आप अंग्रेज़ी बोलते हैं**? (kya aap angrezee bolate hain)**

**9. I don't speak Hindi –** मैं हिंदी नहीं बोलता हूँ **(main hindi nahin bolta hoon)**

**10. I don’t understand – मुझे समझ नहीं आया (mujhe samajh nahi aaya)**

**11. Maybe –  शायद (shaayad)**

**12. I don’t know – मुझको मालूम नहीं  (mujhe maloom nahi)**

## Days of the Week in Hindi

1. **Monday – सोमवार (somvaar)**
2. **Tuesday – मंगलवार (mangalvaar)**
3. **Wednesday – बुधवार (budhwar)**
4. **Thursday – गुरुवार (guruvaar)**
5. **Friday – शुक्रवार (shukrawar)**
6. **Saturday – शनिवार (shanivaar)**
7. **Sunday – रविवार (ravivaar)**

## 4th Phase

**ഹിന്ദി ചെറുകഥകൾ കുട്ടികൾക്ക് വായിക്കാനായി നൽകുന്നു**

**1.** दोस्त का महत्व

वेद गर्मी की छुट्टी में अपनी नानी के घर जाता है। वहां वेद को खूब मजा आता है , क्योंकि नानी के आम का बगीचा है। वहां वेद ढेर सारे आम खाता है और खेलता है। उसके पांच दोस्त भी हैं, पर उन्हें बेद आम नहीं खिलाता है।

एक  दिन की बात है, वेद को खेलते खेलते चोट लग गई। वेद के दोस्तों ने वेद  को उठाकर घर पहुंचाया और उसकी मम्मी से उसके चोट लगने की बात बताई, इस पर वेद को मालिश किया गया।

मम्मी ने उन दोस्तों को धन्यवाद किया और उन्हें ढेर सारे आम खिलाएं। वेद जब ठीक हुआ तो उसे दोस्त का महत्व समझ में आ गया था। अब वह उनके साथ खेलता और खूब आम खाता था।

नैतिक शिक्षा – दोस्त सुख-दुःख के साथी होते है। उनसे प्यार करना चाहिए कोई बात छुपाना नहीं चाहिए।

**2.** चींटी और कबूतर की कहानी

गर्मी के दिन थे। एक चींटी  पानी की तलाश में थी। कुछ समय इधर- उधर घुमने के बाद, वह एक झरने के पास आयी।  झरने तक  पहुंचने के लिए, उसे घास की एक तेज पत्ती पर चढ़ना पड़ा। यह रास्ता बनाते समय, वह फिसल गई और पानी में गिर गई।अगर  पास के पेड़ पर बैठा  कबूतर यह सब नहीं देखता, तो वह डूब सकती थी।  चींटी को परेशानी में  देखकर , कबूतर ने जल्दी ही एक पत्ता तोड़कर इसे मुश्किल में फंसी  चींटी के पास पानी में गिरा दिया। चींटी पत्ते  की तरफ चली गई और तुरंत उस पर चढ़ गई। जल्द ही, पत्ता बहकर सूखी जमीन पर पहुंच गया , और चींटी बाहर अ गयी। आखिर में वह सुरक्षित थी।

ठीक उसी  समय, वहां एक शिकारी अपने जाल को कबूतर पर फेंकने वाला था, वह उसे पकड़ना चाह्ता था।

चीटी ने अनुमान लगाया कि वह शिकारी  क्या करने वाला है , चींटी ने तभी  उसे एड़ी पर काट दिया। जैसे ही शिकारी को दर्द मह्सूस हुआ, उसके हाथ से जाल गिर गया। और तभी झट से कबूतर वहा से उड गया।कबूतर ने चींटी के जान बचा कर जो नेक काम किया था। आज उसी ने उसकी जान बचायी।

## 5th Phase
## Creative Activities

हिंदी दिवस हर साल **14** सितंबर को मनाया जाता है। देश की राष्ट्र भाषा हिंदी के प्रति इस दिन सम्मान भाव प्रकट करने के ध्येय से कई आयोजन किए जाते हैं।

***Hindi Assembly on September 14**

**(Prayer, pledge, news reading, speech, poem, quiz in hindi)**

*** Intra school Competitions as part of Hindi Pakhwada (september 14-28)**

**-Short story writing**
**-Poem writing**
**-Reading**
**-Speech**
**- Hindi song**
**-Handwriting**
**-Drawings or paintings**

***Inter school quiz competition on September 28**

( हिन्दी पखवाड़ा समापन)

## 2. കമ്മ്യൂണിക്കേറ്റീവ് ഹിന്ദി പ്രോഗ്രാം

**ദേശീയ ഭാഷയായ ഹിന്ദിയുടെ സാധ്യതകൾ വളരെ വലുതാണ്. രാജ്യത്തിന്റെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഹിന്ദി ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. ഹിന്ദി പ്രധാന ഭാഷയായി ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ നമ്മുടെ പൂർവ വിദ്യാർത്ഥികൾ നടത്തുന്ന വിദ്യാലയങ്ങൾ ധാരാളം ഉണ്ട്. ഉത്തരപ്രദേശ്, മധ്യപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന നമ്മുടെ പൂർവ്വവിദ്യാർഥികളും നാട്ടുകാരുമായിട്ടുള്ളവരുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. അവർ നടത്തുന്നതോ ജോലി ചെയ്യുന്നതോ ആയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുമായി ഓൺലൈനിൽ നേരിട്ട് സംവദിക്കുക വഴി നമ്മുടെ വിദ്യാർത്ഥികളുടെ ഹിന്ദിയിലുള്ള ആശയ വിനിമയ ശേഷി വളർത്തുന്നതിന് സഹായകമാകും. കൃത്യമായ ആസൂത്രണത്തോടുകൂടി സമയബന്ധിതമായി ഈ പ്രോഗ്രാം വളരെ വിജയകരമായി നമ്മുടെ സ്കൂളിൽ നടത്തുന്നതിന് സാധിക്കും. ഹിന്ദി അധ്യാപകരുടെ മേൽനോട്ടത്തിൽ ഈ പ്രവർത്തനത്തിന്റെ നടപ്പാക്കലും സാധ്യമാണ്.**

# ശാസ്ത്രം

## പഠനലക്ഷ്യങ്ങൾ

1. ശാസ്ത്രപഠനം കുട്ടിക്ക് അത്ഭുതത്തിൻെറ അനുഭവമാകണം. അതിനായി ശാസ്ത്രാവബോധവും ശാസ്ത്രീയമനോഭാവവും കുട്ടികളിൽ വളർത്തുക.
2. ശാസ്ത്രപരീക്ഷണങ്ങളിൽ പങ്കാളിയാകാൻ അവസരം കൊടുക്കുക.
3. കുട്ടികൾക്ക് ശാസ്ത്രാനുഭവം ലഭിക്കുന്ന തരത്തിൽ ശാസ്ത്ര ലാബ് സജ്ജമാക്കുക.
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളിലെത്തിക്കുക.
5. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുക.

# പ്രവർത്തനങ്ങൾ

## 1. ശാസ്ത്ര ക്ളബ്ബ്

ശാസ്ത്രാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവരിലെ ശാസ്ത്ര അവബോധം വളർത്തുന്നതിനും നൂതന ശാസ്ത്രസാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുമായി ഒരു ക്ലബ്ബ് രൂപീകരിക്കാവുന്നതാണ്. ശാസ്ത്ര ലാബിന്റെ പ്രവർത്തനം സജീവമാക്കുന്നതിന് ഈ കുട്ടികളുടെ സേവനം പ്രയോജനപ്പെടുത്താം. ക്ളാസ് മുറികളിലും സ്കൂളിലും നടക്കുന്ന ശാസ്ത്രഗന്ധിയായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും ഈ ക്ലബ് അംഗങ്ങൾ ആയിരിക്കണം. സയൻസ് അധ്യാപകരുടെ നേതൃത്വത്തിൽ ശാസ്ത്ര സെമിനാറുകൾ, സയൻസ് പാർക്ക് സന്ദർശനം, ശാസ്ത്രദിനങ്ങളുടെ ആചരണം എന്നിവയെല്ലാം നേതൃത്വം നൽകുന്നതിന് ഈ ക്ലബ്ബ് അംഗങ്ങളെ ഒരുക്കാവുന്നതാണ്.

## 2. സയൻസ് ലാബ്

സ്കൂളിലെ സയൻസ് ലാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കുട്ടികളുടെ മനസ്സിൽ അത്ഭുതലോകം സൃഷ്ടിക്കുന്നതിനും ആകാംക്ഷയോടും ആശ്ചര്യത്തോടും കൂടി ശാസ്ത്ര മേഖലയെ നോക്കി കാണുന്നതിനും പഠന സംബന്ധമായ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്തു പഠിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ ഒരു ഹൈടെക് സയൻസ് ലാബ് സ്കൂളിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തിയാവണം പുത്തൻ സയൻസലാബ് നിർമ്മിക്കേണ്ടത്. സയൻസ് അധ്യാപകരുടെ അർപ്പണ മനോഭാവം ഇതിന് ആവശ്യമാണ്. സയൻസ് കണ്ടും കേട്ടും പഠിക്കുക എന്നതിനപ്പുറം ഒരു അനുഭവമാക്കി മാറ്റുന്നതിന് സയൻസ് ലാബിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. ശാസ്ത്ര വിഷയങ്ങളുടെ ആസ്വാദ്യകരമായ പഠനമാണ് ഇതുവഴി ലക്ഷ്യം വെക്കുന്നത്.

## 3. ഡിജിറ്റൽ പീരിയോഡിക് ടേബിൾ

കമ്പ്യൂട്ടർ ലാബിന്റെ സഹായത്തോടുകൂടി ഓരോ കുട്ടിയും സ്വന്തമായി പീരിയോഡിക് ടേബിൾ നിർമ്മിക്കട്ടെ. അതുവഴി ശാസ്ത്ര മൂലകങ്ങളെക്കുറിച്ചും അവയുടെ ഘടനയെക്കുറിച്ചും ഓരോ കുട്ടിക്കും മനസ്സിലാക്കുന്നതിന് സഹായിക്കും.

## 4. പാസ്കൽ നിയമം

ആധുനിക മനുഷ്യന്റെ എല്ലാ വളർച്ചയുടെയും പിന്നിൽ പ്രവർത്തിക്കുന്ന ഒരു നിയമമാണ് പാസ്കൽ നിയമം. അതിന്റെ പ്രവർത്തനം നേരിട്ട് കാണുന്നതിനും അനുഭവിച്ചറിയുന്നതിനും സ്കൂളിൽ അവസരം ഒരുക്കുന്നു. ചെറിയ ഒരു ചലനത്തിലൂടെ വലിയ എനർജി എങ്ങനെയാണ് ഉത്പാദിപ്പിക്കപ്പെടുന്നതെന്നും അതിന്റെ പ്രതിഫലനം എന്താണ് എന്നും അനുഭവിച്ച് അറിയുന്നതിനായി സ്കൂളിൽ ജെസിബി പോലെയുള്ള ഒരു ഹൈഡ്രോളിക്ക് എനർജി എൻജിൻ കൊണ്ടുവന്ന് സ്വയം പ്രവർത്തിപ്പിക്കുന്നതിനുള്ള അവസരം കുട്ടികൾക്ക് നൽകണം. അതുവഴി, കുട്ടികൾക്ക് ഈ നിയമം മനസ്സിലാക്കാൻ സാധിക്കും എന്നതിനപ്പുറം അവരുടെ മനസ്സിൽ ആകാംക്ഷയും അത്ഭുതവും ജനിപ്പിക്കുന്നതിന് സഹായകമാകും. ശാസ്ത്ര പഠനത്തിലുള്ള കുട്ടികളുടെ താൽപര്യം വളർത്തുന്നതിനും ഇത് സഹായിക്കും.

## 5. വിവിധ പ്രോജക്ടുകൾ

### a) സൗരോർജ്ജത്തിന്റെ ഉപയോഗം

ലോകത്തിലെ ഏറ്റവും വലിയ ഊർജ്ജസ്രോതസായ സൂര്യന്റെ ജ്വലനം, സൂര്യനിൽ സംഭവിക്കുന്ന മാറ്റങ്ങൾ, സൂര്യ കിരണങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്ന തന്മാത്രകൾ, അവയുടെ ഗുണദോഷഫലങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അറിയുന്നതിന് സഹായിക്കുന്നതാണ് ഈ പ്രോജക്ട്. സൗരോർജ്ജം എങ്ങനെ ശേഖരിക്കാം എന്നും അത് എങ്ങനെ നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്താം എന്നും അവയുടെ അനന്തമായ സാധ്യതകൾ എന്തൊക്കെയാണെന്നും കുട്ടികൾ അന്വേഷിച്ച് രേഖപ്പെടുത്തുന്നു. അതിന് ആവശ്യമായ പ്രോജക്ട് ക്ലാസ് അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് പൊതു ഇടത്തിൽ അവതരിപ്പിക്കാവുന്നതാണ്.

### b) സെൽഫോൺ റേഡിയേഷൻ

മാറിയ സാഹചര്യത്തിൽ മനുഷ്യനെ ഏറ്റവും അധികം ബാധിക്കുന്ന ഒന്നാണ് സെൽഫോൺ റേഡിയേഷൻ. സ്മാർട്ട് ഫോണിന്റെ യുഗത്തിൽ ജീവിക്കുമ്പോൾ അതിന്റെ ഗുണവശങ്ങളെക്കുറിച്ച് മാത്രമാണ് പലപ്പോഴും മനുഷ്യൻ ചിന്തിക്കുന്നത്. എന്നാൽ, നമ്മൾ അറിയാതെ നമ്മളിലേക്ക് എത്തുന്ന റേഡിയേഷൻ തരംഗങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും പഠിക്കുന്നതിനും അവ നമ്മുടെ ശരീരത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് അറിയുന്നതിനും ആവശ്യമായ ഒരു അന്വേഷണാത്മക പഠനമാണ് ഈ പ്രോജക്ട് വഴി ഉദ്ദേശിക്കുന്നത്. വിവിധ കമ്പനികൾ ഉത്പാദിപ്പിക്കുന്ന മൊബൈൽ ഫോണുകളുടെ റേഡിയേഷനിലെ ഏറ്റക്കുറച്ചിലുകൾ, അവ നമ്മുടെ ശരീരത്തെ ബാധിക്കുന്ന രീതി, റേഡിയേഷന്റെ ദോഷങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള മാർഗം എന്നിവയെക്കുറിച്ചെല്ലാം കുട്ടികൾക്ക് പഠനം നടത്താവുന്നതാണ്. തുടർന്ന്, ഒരു പ്രോജക്റ്റിന്റെ ഘടന പാലിച്ച് അവ രേഖപ്പെടുത്തുകയും കുട്ടികൾ അധ്യാപകരുടെ സഹായത്തോടുകൂടി കൃത്യമായ നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നതിന് ഈ പ്രോജക്ട് ഉപയോഗപ്രദമാകും. മാത്രമല്ല, ടെലിഫോൺ റേഡിയേഷന്റെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധ്യമുണ്ടാക്കുന്നതിന് സഹായിക്കുകയും ചെയ്യും.

### c) ഭക്ഷണത്തിലെ പ്രിസർവേറ്റീവുകൾ

മലയാളിയുടെ മാത്രമല്ല ലോകത്താകമാനമുള്ള മനുഷ്യരുടെ ഭക്ഷണരീതികളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഭക്ഷണം കേടുവരാതെ സൂക്ഷിക്കുന്നതിന് പലതരം പ്രിസർവ്വേറ്റുകൾ ഉപയോഗിക്കുന്നതായി നമുക്കറിയാം. അവയിൽ പലതിനും ഗുണത്തേക്കാളേറെ ദോഷമാണ് എന്നതാണ് വസ്തുത. ഏതെല്ലാം തരം പ്രിസർവേറ്ററുകളാണ് ലോകത്ത് ഉപയോഗിക്കുന്നതെന്നും അവയുടെ ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണെന്നും കണ്ടെത്തുന്നതിന് ഒരു പഠനം നടത്താവുന്നതാണ്. ഇത്തരം പഠനം തങ്ങൾ കഴിക്കുന്ന ഭക്ഷണത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ജനിപ്പിക്കുന്നതിന് സഹായിക്കും. മാത്രമല്ല, ജങ്ക് ഫുഡ്സ്, പാക്കറ്റ് ഫുഡ്സ്, ഫാസ്റ്റ് ഫുഡ്സ് എന്നിവയോടുള്ള കുട്ടികളുടെ അമിതമായ ഇഷ്ടം കുറയ്ക്കുന്നതിനും നാടൻ ഭക്ഷണവും വീട്ട് ഭക്ഷണവും കൂടുതൽ ഇഷ്ടപ്പെടുന്നതിനും ഇത് സഹായിക്കും. ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ശാസ്ത്ര ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഈ പഠനം നടത്താവുന്നതാണ്. ലഭിക്കുന്ന ഡാറ്റകൾ ക്രോഡീകരിക്കുകയും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി അവയെ പ്രോജക്ടാക്കി മാറ്റുകയും അവയിൽ കുട്ടികളുടെ നിരീക്ഷണങ്ങളും നിഗമനങ്ങളും രേഖപ്പെടുത്തുകയും ചെയ്താൽ തീർച്ചയായും കുട്ടികളുടെ ഭക്ഷണശീലത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ഈ പഠനം സഹായിക്കും.

## d) ഹോം ഇൻസുലേഷൻ

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി ഹോം ഇൻസുലേഷൻ നമ്മുടെ നാട്ടിൽ എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ചുള്ള ഒരു പഠന റിപ്പോർട്ടാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. ലോകത്താകെ വ്യാപകമായി ഉപയോഗിക്കുന്ന ഹോം ഇൻസുലേഷൻ രീതികളിൽ നിന്ന് വ്യത്യസ്തമായി നമ്മുടെ നാടിന്റെ കാലാവസ്ഥക്കും സാധാരണക്കാരുടെ ജീവിത സൗകര്യങ്ങൾക്കും ഇണങ്ങുന്ന രീതിയിലുള്ള ഹോം ഇൻസുലേഷൻ സാധ്യതകളാണ് ഇവിടെ പഠിക്കപ്പെടേണ്ടത്. പണ്ടൊക്കെ വീടുകളിൽ മണ്ണുകൊണ്ടുള്ള ഫ്ലോർ ടൈൽ, ഓടിനടിയിൽ പാകുന്ന വിരിപ്പോട് തുടങ്ങിയവ നമ്മുടെ വീടുകളുടെ ചൂടും തണുപ്പും നിയന്ത്രിക്കുന്നതിനായി ശാസ്ത്രീയമായി ഉപയോഗിച്ചിരുന്നു. ആ രീതികളൊക്കെ മാറി കോൺക്രീറ്റ് കെട്ടിടങ്ങൾ വന്നതോടുകൂടി ചൂട് നിയന്ത്രിക്കുന്നതിന് മനുഷ്യർ എ സി പോലുള്ള ഉപകരണങ്ങളാണ് ഉപയോഗിക്കുന്നത്. ഇത് ഉണ്ടാക്കുന്ന അന്തരീക്ഷ മലിനീകരണം, സാമ്പത്തികനഷ്ടം എന്നിവ പരിഹരിച്ചുകൊണ്ട് വ്യത്യസ്തമായ വഴികൾ തേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന പ്രോജക്റ്റാണ് ഇവിടെ ഹോം ഇൻസുലേഷൻ വഴി ഉദ്ദേശിക്കുന്നത്. രക്ഷിതാക്കളുടെയും വിദഗ്ധരുടെയും സഹായത്തോടുകൂടി ഈയൊരു അന്വേഷണം വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചാൽ അത് സ്കൂളിനും സ്കൂളിലെ ശാസ്ത്ര ക്ലബ്ബിനും മികച്ച ഒരു നേട്ടമായിരിക്കും എന്നതിൽ സംശയമില്ല.

## 6. സയൻസ് വർക്ക്ഷോപ്പ്

ക്ലാസ് മുറികളിൽ പഠിക്കുകയും ശാസ്ത്രലാബിൽ പരിചയപ്പെടുകയും ചെയ്ത ശാസ്ത്ര പരീക്ഷണങ്ങൾ പൊതുയിടത്തിൽ ആവിഷ്കരിക്കുന്നതിനും അവയെ കൂടുതൽ ആഴത്തിൽ പഠിക്കുന്നതിനും സഹായിക്കുന്ന സയൻസ് വർക്ക്ഷോപ്പ് സ്കൂളിൽ സംഘടിപ്പിക്കാവുന്നതാണ്. വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി ഈ സയൻസ് വർക്ക്ഷോപ്പ് കൂടുതൽ പ്രയോജനപ്രദമാക്കാൻ സാധിക്കും. ഇത് കുട്ടികളിലെ ശാസ്ത്ര അഭിരുചി വളർത്തുമെന്ന് മാത്രമല്ല, പുത്തൻ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളിലേക്കുവരെ അവരെ നയിക്കും എന്ന കാര്യത്തിൽ സംശയമില്ല. സയൻസ് വർക്ക്ഷോപ്പിൽ നടത്തുന്ന പരീക്ഷണങ്ങളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളും പുത്തൻ കണ്ടുപിടുത്തങ്ങളും സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കാണുന്നതിനും അനുഭവിക്കുന്നതിനും അവസരം ഒരുക്കേണ്ടതാണ്.

## 7. കമ്മ്യൂണിറ്റി സയൻസ് മ്യൂസിയം

സ്കൂളിൽ ഒരു സയൻസ് മ്യൂസിയം ഒരുക്കുക. ഇതിനെ ഒരു കമ്മ്യൂണിറ്റി സയൻസ് മ്യൂസിയമായി കണക്കാക്കുന്നതാണ് നല്ലത്. സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ശാസ്ത്ര പഠനങ്ങളും ശാസ്ത്ര നിർമ്മിതികളും ഈ മ്യൂസിയത്തിൽ സൂക്ഷിക്കുവാൻ സാധിക്കും. പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രാദേശിക ശാസ്ത്ര കുതുകികൾ എന്നിവരുടെ ശാസ്ത്ര സംബന്ധിയായ വസ്തുവകകൾ സൂക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ഈ മ്യൂസിയം ഉപയോഗിക്കാവുന്നതാണ്. സ്കൂളിലെയും സമീപ സ്കൂളുകളിലെയും വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സ്കൂൾ സന്ദർശിക്കുന്ന മറ്റു വ്യക്തികൾ എന്നിവർക്കെല്ലാം ഈ മ്യൂസിയം കാണുന്നതിനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും അവസരം ഒരുക്കണം.

## 8. കാലാവസ്ഥാനിരീക്ഷണ കേന്ദ്രം

സ്കൂൾ ക്യാമ്പസിൽ ഒരു കാലാവസ്ഥ നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുക. ഒരു സോളാർ പാനൽ സ്ഥാപിച്ച് അതിൽ നിന്ന് ലഭിക്കുന്ന എനർജി ഉപയോഗപ്പെടുത്തി ഈ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതുവഴി കുട്ടികൾക്ക് കാലാവസ്ഥയെ കുറിച്ചും കാലാവസ്ഥാവ്യതിയാനത്തെ കുറിച്ചും കൂടുതൽ ധാരണ ലഭിക്കും. മാത്രമല്ല പ്രാദേശികമായി കാലാവസ്ഥയെ കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്തുകൾക്കും മറ്റും നൽകുന്നതിനും ഇതുവഴി സാധിക്കും.

## 9. ഓർഗാനിക് വിൻഡ് മിൽ (കാറ്റാടി യന്ത്രം)

സ്കൂളിൽ ഒരു കാറ്റാടി യന്ത്രം നിർമ്മിക്കുക. ഓർഗാനിക് വസ്തുക്കളായ മരപ്പലക, പാള മുതലായവ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്കൂൾ ക്യാമ്പസിൽ ഒരു കാറ്റാടി യന്ത്രം നിർമ്മിക്കാവുന്നതാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സയൻസ് ക്ലബ്ബിന്റെ നേതൃത്വം ഉണ്ടാകണം. എനർജി ഉൽപാദന രംഗത്തെ നൂതന സാങ്കേതിക വിദ്യയായ വിൻഡ് മില്ലിൻറെ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികൾക്ക് പഠിക്കുന്നതിനും വീടുകളിലും ക്ലാസ് മുറികളിലുമുള്ള എനർജി പ്രയോഗത്തിലും അവയുടെ ദുരുപയോഗത്തിലും കുട്ടികൾ ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുന്നതിനും ഇത്തരത്തിലുള്ള ഒരു പ്രവർത്തനം സഹായിക്കും.മാത്രമല്ല, സ്കൂൾ കോമ്പൗണ്ടിൽ ഒരു കാറ്റാടി യന്ത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് കുട്ടികളുടെ മനസ്സിൽ പോസിറ്റീവായ എനർജി ഉത്പാദിപ്പിക്കുന്നതിനും സഹായകമാകും.

## 10. ജൈവവൈവിധ്യ ഉദ്യാനം

വൈവിധ്യങ്ങളായ ജൈവ വസ്തുക്കൾ കൊണ്ട് സമ്പന്നമാണ് നമ്മുടെ നാട്. നാട്ടിലെ വ്യത്യസ്ത പ്രദേശങ്ങളിൽ ലഭ്യമാകുന്ന സസ്യലതാദികളുടെ സംഭരണവും സംരക്ഷിക്കലും വഴി സ്കൂൾ പരിസരത്ത് ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നത് സാധിക്കും. ഇത് പ്രപഞ്ചത്തിലെ ജൈവിക വൈവിധ്യത്തെ കുട്ടികൾ തിരിച്ചറിയുന്നതിനും അവ സംരക്ഷിക്കുന്നതിനുള്ള താല്പര്യം കുട്ടികളിൽ ജനിപ്പിക്കുന്നതിനും സഹായിക്കും. സ്കൂൾ ഓഡിറ്റോറിയത്തിന്റെ പിറകുവശത്ത് തരിശായി കിടക്കുന്ന ഭൂമി മണ്ണിട്ട് നികത്തി ജൈവവൈവിധ്യ ഉദ്യാനത്തിനായി ക്രമീകരിക്കാവുന്നതാണ്. ഇതൊരു കൃത്രിമ വനമാക്കി മാറ്റാവുന്നതുമാണ്. സ്കൂൾ ക്യാമ്പസിൽ നിലവിൽ 80 ലധികം ചെറുതും വലുതുമായ വ്യത്യസ്ത വൃക്ഷങ്ങൾ ഉണ്ട്. എങ്കിലും, കുട്ടികൾക്ക് ചെന്നിരിക്കാവുന്നതും ചിത്രശലഭങ്ങൾക്ക് പറന്ന് നടക്കാവുന്നതുമായ ഒരു ജൈവ വൈവിധ്യ പാർക്ക് ആയിരിക്കണം നമ്മുടെ ലക്ഷ്യം.

## 11. ഔഷധസസ്യത്തോട്ടം

വ്യത്യസ്തതരം ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാധിക്കുന്ന തരത്തിൽ സ്കൂളിൽ ഒരു ഔഷധസസ്യത്തോട്ടം നിർമ്മിക്കണം. ഔഷധസസ്യ തോട്ടത്തിൽ ലഭ്യമാക്കാവുന്നത്ര ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും അവയുടെ പേര്, ഔഷധഗുണം എന്നിവ എഴുതി പ്രദർശിപ്പിക്കുന്നതിനും ആവശ്യമായ ക്രമീകരണം നടത്തണം. സ്കൂളിലെ ഏതെങ്കിലും ഒരു സന്നദ്ധ സംഘടനയുടെ സഹകരണത്തോടുകൂടി സയൻസ് ക്ലബ്ബിന് ഈ പ്രവർത്തനം ഏറ്റെടുക്കാവുന്നതാണ്. ഔഷധസസ്യങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിനും അവയെക്കുറിച്ചുള്ള അറിവ് പുതുതലമുറയ്ക്ക് കൈമാറുന്നതിനും പറ്റുമെങ്കിൽ, ഔഷധസസ്യങ്ങളുടെ വിൽപനയും സസ്യത്തോട്ടത്തിന് നേതൃത്വം നൽകുന്ന സന്നദ്ധ സംഘടനകൾ വഴി ചെയ്യാവുന്നതാണ്.

## 12. പച്ചക്കറി കൃഷി

എളുപ്പത്തിൽ കൃഷി ചെയ്യാവുന്നതും സംരക്ഷിക്കാവുന്നതുമായ പച്ചക്കറികൾ സ്കൂൾ ക്യാമ്പസിൽ കൃഷി ചെയ്യുന്നതിന് ആവശ്യമായ പച്ചക്കറി കൃഷിത്തോട്ടം നിർമ്മിക്കുക. സ്കൂളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ആയ എസ് പി സി (സ്റ്റുഡന്റ് പോലീസ് കേഡറ്റ്), ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, റെഡ് ക്രോസ്, പരിസ്ഥിതി ക്ലബ്, ശാസ്ത്ര ക്ലബ് തുടങ്ങിയവയുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷിത്തോട്ടം നിർമ്മിക്കാവുന്നതാണ്. ഓരോ സംഘടനകൾക്കും ആവശ്യമായ സ്ഥലം നിശ്ചയിച്ച് പ്രത്യേക ഇനം പച്ചക്കറികൾ ഓരോ ഗ്രൂപ്പിനും നിശ്ചയിച്ചു വേണം പച്ചക്കറി കൃഷിത്തോട്ടം നിർമ്മിക്കാൻ. രക്ഷിതാക്കളുടെ സഹകരണവും ഇക്കാര്യത്തിൽ ഉറപ്പുവരുത്താവുന്നതാണ്. ഉച്ചഭക്ഷണ പദ്ധതിയിലേക്ക് വകയിരുത്താവുന്നതും അധികമായി ഉത്പാദിപ്പിക്കുന്നവ ഉൽപാദകരായ വിദ്യാർഥികൾക്ക് സൗജന്യ നിരക്കിൽ നൽകാവുന്നതുമാണ്. ജൈവ പച്ചക്കറിത്തോട്ടമായിരിക്കണം നിർമിക്കേണ്ടത്.

# സാമൂഹ്യശാസ്ത്രം

## പഠനലക്ഷ്യങ്ങൾ

1. ചരിത്രാവബോധവും ജനാധിപത്യമൂല്യങ്ങളും മുഴുവൻ കുട്ടികളിലും ഉറപ്പിക്കുന്ന വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
2. സാമൂഹ്യശാസ്ത്ര ലാബ് തയ്യാറാക്കുക.
3. ജനാധിപത്യത്തിൽ അധിഷ്ഠിതമായ സാംസ്കാരിക അവബോധം സൃഷ്ടിക്കുക.
4. ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കുട്ടികളുടെ ആശയാവിഷ്കാരത്തിന് അവസരം നൽകുക.
5. മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ അവബോധം സൃഷ്ടിക്കുക.

# പ്രവർത്തനങ്ങൾ

## 1. സാമൂഹ്യശാസ്ത്ര ക്ലബ്ബ്

സാമൂഹ്യ ശാസ്ത്ര പഠനത്തിൽ കൂടുതൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് കൂടുതൽ പഠന അവസരങ്ങൾ ഒരുക്കുന്നതിനുമായി സാമൂഹ്യശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ ഒരു സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന് രൂപം നൽകുക. സാമൂഹിക അവബോധം, ജനാധിപത്യ ചിന്ത, ക്ലാസ് മുറിയിലെ അവസരസമത്വം, ക്ലാസ് മുറിക്ക് പുറത്തും സ്കൂളിനു പുറത്തുമുള്ള സാമൂഹിക-ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കൽ, സാമൂഹ്യശാസ്ത്രമേളയിൽ ഉയർന്നശേഷികളുടെ പ്രദർശനം ഒരുക്കൽ തുടങ്ങിയവ ചെയ്യുന്നതിന് ഈ ക്ലബ് അംഗങ്ങൾക്ക് സാധിക്കണം. അതിനായി, ക്ലബ് അംഗങ്ങളെ ഒരുക്കുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

## 2. സാമൂഹ്യ ശാസ്ത്ര ലാബ്

ചരിത്ര പ്രാധാന്യമുള്ള വസ്തുക്കൾ, സാമൂഹ്യ ശാസ്ത്ര പഠനത്തിന് സഹായിക്കുന്ന രേഖകൾ, സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി സ്കൂളിൽ ഒരു സാമൂഹ്യശാസ്ത്ര ലാബ് ഒരുക്കുക. ലഭ്യമാകുന്ന വസ്തുക്കൾ, ചരിത്രരേഖകൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ, ലേഖനങ്ങൾ, വ്യത്യസ്തതരം മണ്ണുകൾ, പാറകൾ, ആയുധങ്ങൾ തുടങ്ങിയവ സൂക്ഷിക്കുന്നതിനും അവയുടെ പ്രത്യേകതകൾ എഴുതി പ്രദർ ശിപ്പിക്കുന്നതിനും ഈ ലാബ് ഉപയോഗിക്കാവുന്നതാണ്. ലോകപ്രശസ്ത ചരിത്രകാരന്മാരെ പരിചയപ്പെടുത്തുന്നതിനും അവരുടെ പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നതിനും ലാബ് ഉപയോഗിക്കാം. പ്രാദേശിക ചരിത്രരേഖകൾ, കാർഷിക ഉപകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും സൂക്ഷിക്കുന്നതിനും ലാബിൽ സൗകര്യം ഒരുക്കണം. ഇത്തരത്തിൽ, സാമൂഹികശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട എന്തും സൂക്ഷിക്കുന്നതിനും ചരിത്ര-സാമൂഹ്യശാസ്ത്ര പഠനം സുഗമമാക്കുന്നതിനും സാമൂഹ്യശാസ്ത്ര ലാബിൻറെ പ്രവർത്തനം സഹായിക്കും.

## 3. ഫീൽഡ് ട്രിപ്.

ചരിത്രപരവും ഭൂമിശാസ്ത്രപരവുമായി പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് കുട്ടികളുടെ യാത്ര സംഘടിപ്പിക്കുന്നത് നല്ലതാണ്. ഉദാഹരണമായി കേളകം പഞ്ചായത്തിലെതന്നെ ശാന്തിഗിരി മേഖലകളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി അനുഭവപ്പെടുന്ന ഭൂമിയുടെ വിള്ളൽ പ്രതിഭാസം (പൈപ്പിംഗ്) കാണുന്നതിനും പഠിക്കുന്നതിനും അവിടേക്ക് യാത്ര നടത്താവുന്നതാണ്. അതുപോലെതന്നെ, കേരളത്തിലോ കേരളത്തിനു പുറത്തോ ഉള്ള ചരിത്ര പ്രാധാന്യമുള്ള മ്യൂസിയങ്ങൾ, പ്രദേശങ്ങൾ എന്നിവ സന്ദർശിക്കുന്നതിനും പഠിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കാവുന്നതാണ്. പഠനയാത്രകൾ വിനോദയാത്രകളായി മാറുന്ന ഇക്കാലത്ത് സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന ഇത്തരം യാത്രകൾ പഠനയാത്രകൾത്തന്നെയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 4. മോക് പാർലമെന്റ്

ജനാധിപത്യ രാജ്യമായ ഭാരതത്തിന്റെ പാർലമെന്ററി സിസ്റ്റം വളരെ പ്രശസ്തമാണ്. പാർലമെന്ററി സിസ്റ്റം നേരിട്ട് കാണുന്നതിനുള്ള അവസരം ഈ പ്രായത്തിൽ കുട്ടികൾക്ക് ലഭിക്കുക വിരളമാണ്. ആയതിനാൽ, സ്കൂളിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ പാർലമെന്ററി സിസ്റ്റം ആവിഷ്കരിക്കുന്നത്

കുട്ടികൾക്ക് വളരെയേറെ പ്രയോജനം ചെയ്യും. ജനാധിപത്യ പ്രക്രിയയിൽ പാർലമെന്റ് വഹിക്കുന്ന പങ്ക് നേരിട്ട് അനുഭവിക്കുന്നതിനുള്ള അവസരവും ഇതുവഴി കുട്ടികൾക്ക് ലഭിക്കും.

## 5. കലാരൂപങ്ങൾ അവതരിപ്പിച്ചുള്ള ചരിത്ര പഠനം.

സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ചരിത്ര പ്രാധാന്യമുള്ള കലാരൂപങ്ങൾ സ്കൂളിൽ അവതരിപ്പിച്ച് കുട്ടികളുടെ ചരിത്ര പഠനത്തെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഉദാഹരണത്തിന്, പ്രശസ്ത എഴുത്തുകാരൻ കെ ജെ ബേബിയുടെ ഏകപാത്രാഭിനയ നാടകമായ 'കുഞ്ഞിമായിൻ എന്താണ് പറഞ്ഞത്' പോലെയുള്ള നാടകങ്ങളോ മറ്റ് കലാരൂപങ്ങളോ അവതരിപ്പിച്ച് കുട്ടികളുടെ ചരിത്ര പഠനത്തെ ആസ്വാദ്യകരമാക്കി തീർക്കുന്നതിന് സാധിക്കും. കുട്ടികൾക്ക് ചരിത്ര പഠനത്തോടുള്ള താല്പര്യക്കുറവ് പരിഹരിക്കുന്നതിന് ഇത്തരം പരിശ്രമങ്ങൾ പ്രയോജനപ്പെടുന്നതാണ്. ചരിത്ര സിനിമകളുടെ പ്രദർശനവും അതിന്മേലുള്ള ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും. അതുവഴി, വിവരങ്ങൾ തേടുന്നതിനും അവ ആവിഷ്കരിക്കുന്നതിനും കുട്ടികൾക്ക് അവസരം ലഭിക്കുന്നതാണ്. ഇത്തരം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിയുള്ള സാമൂഹ്യ ശാസ്ത്ര പഠനം കുട്ടികളിലെ ചരിത്ര ബോധത്തെയും സാമൂഹിക അവബോധത്തെയും ഉണർത്തുന്നതിന് സഹായകമാകും.

## 6. പുരാതന ഉപകരണങ്ങളുടെ പ്രദർശനം.

പഴയതും മനുഷ്യ ചരിത്രത്തിൽ നിർണായക സ്ഥാനം വഹിച്ചിട്ടുള്ളതുമായ ഉപകരണങ്ങളുടെ പ്രദർശനം സ്കൂളിൽ നടത്തുന്നത് നന്നായിരിക്കും. കാർഷികോപകരണങ്ങൾ, പഴയകാല യുദ്ധോപകരണങ്ങൾ, നന്നങ്ങാടികൾ, പഴയകാല ഗൃഹോപകരണങ്ങൾ, വിവിധ രാജ്യങ്ങളുടെ നാണയങ്ങൾ, കറൻസികൾ, താളിയോല ഗ്രന്ഥങ്ങൾ, എഴുത്താണികൾ, പഴയകാല റേഡിയോകൾ, ക്യാമറകൾ, ടെലിവിഷനുകൾ തുടങ്ങി ചരിത്ര പ്രാധാന്യമുള്ള വസ്തുക്കൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നത് കുട്ടികളിലെ ചരിത്രാവബോധം വളർത്തുന്നതിന് സഹായിക്കും. മാത്രമല്ല, അവയൊക്കെ സൂക്ഷിക്കേണ്ടതിൻെറയും വരും തലമുറയ്ക്ക് പരിചയപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യവും മനസ്സിലാക്കുന്നതിന് ഇത്തരം പ്രദർശനങ്ങൾ കുട്ടികൾക്ക് ഉപകരിക്കും.

## 7. മണ്ണിര കമ്പോസ്റ്റ്

സ്കൂളിൽ ഒരു മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കാനുള്ള സംവിധാനം ഒരുക്കാം. കരിയില, ചാണകം മുതലായവ ജൈവവസ്തുക്കളായി ഉപയോഗിക്കാവുന്നതാണ്. സയൻസ് ക്ലബ്ബിലെ കുട്ടികൾക്ക് ഇതിന് നേതൃത്വം നൽകാൻ സാധിക്കും. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ദൂഷ്യഫലങ്ങളെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കുന്നതിനും ജൈവ വളങ്ങളുടെ പ്രാധാന്യത്തെപ്പറ്റി അറിവ് നൽകാനും ഇത് സഹായകരമാകും. ഇതിൽ നിന്നും പ്രേരണ ഉൾക്കൊണ്ട് വീടുകളിലും ഈ പദ്ധതി നടപ്പാക്കാൻ കുട്ടികൻ മുൻകൈ എടുക്കുന്നതാണ്. ഈ മണ്ണിര കമ്പോസ്റ്റ് സ്കൂൾ പച്ചക്കറി തോട്ടത്തിലേക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

# ഗണിതം

## <u>പഠനലക്ഷ്യങ്ങൾ</u>

1. അടിസ്ഥാന ഗണിത ക്രിയകൾ മുഴുവൻ കുട്ടികൾക്കും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
2. സെക്കണ്ടറി തലത്തിൽ നേടേണ്ട ഗണിത ശേഷികൾ ഉറപ്പുവരുത്തുക.
3. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ മുഴുവൻ കുട്ടികളിലും വളർത്തുക.
4. ആസ്വാദ്യകരമായ ഗണിതപഠനം ക്ളാസ് മുറിയിൽ ഉറപ്പുവരുത്തുക

# പ്രവർത്തനങ്ങൾ

## 1. അടിസ്ഥാന ഗണിത ശേഷി വികസനം

അടിസ്ഥാന ഗണിത ക്രിയകൾ മുഴുവൻ കുട്ടികൾക്കും ലഭിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. കുട്ടികളുടെ ഗണിത ശേഷി അളക്കുന്നതിന് ആവശ്യമായ വർക് ഷീറ്റ് ഓരോ കുട്ടിക്കും നൽകുന്നു. ഒരാഴ്ചയ്ക്കുശേഷം അവ കുട്ടികളിൽ നിന്നും തിരികെ വാങ്ങി ഓരോ കുട്ടിയെയും കൃത്യമായ നിരീക്ഷണം നടത്തി അടിസ്ഥാന ഗണിത ക്രിയാശേഷി നേടിയിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.

ക്ലാസിലെ മുഴുവൻ കുട്ടികളെയും അഞ്ചോ ആറോ ഗ്രൂപ്പുകളായി തിരിക്കുന്നു. വർക്ക് ഷീറ്റ് പരിശീലനത്തിൽ നിന്ന് അടിസ്ഥാന ഗണിതക്രിയാശേഷി നേടിയിട്ടുള്ള കുട്ടികളെയും നേടാത്ത കുട്ടികളെയും ഉൾപ്പെടുത്തിയാണ് ഗ്രൂപ്പ് തിരിക്കേണ്ടത്. തുടർന്ന്, അടിസ്ഥാന ഗണിത ക്രിയാശേഷി നേടിയിട്ടുള്ള കുട്ടികളുടെ സഹായത്തോടു കൂടി മറ്റ് കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു. രാവിലെ **30** മിനിറ്റും ഉച്ചയ്ക്ക് **15** മിനിറ്റും സമയം ഇതിനുവേണ്ടി കണ്ടെത്താനായി സാധിക്കും. ക്ലാസ് ലീഡർ ആയിരിക്കണം ക്ലാസിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

## 2. ഗണിത ക്ലബ്ബ്

ഗണിതത്തിൽ താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി സ്കൂളിൽ ഒരു ഗണിത ക്ലബ്ബ് രൂപീകരിക്കാവുന്നതാണ്. ഗണിത ക്ലബ്ബിൽ അംഗങ്ങളാകുന്ന കുട്ടികൾക്ക് ഗണിത ശില്പശാല, ഗണിതശാസ്ത്ര പ്രദർശനത്തിന് ആവശ്യമായ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണം, സ്കൂൾ ഗണിത ലാബിന്റെ നിയന്ത്രണം എന്നിവയ്ക്ക് നേതൃത്വം കൊടുക്കാവുന്നതാണ്. ഗണിതശാസ്ത്ര അംഗങ്ങൾക്ക് മെന്റൽ എബിലിറ്റിയിൽ പരിശീലനം നൽകാവുന്നതാണ്. ഗണിത ക്ലബ്ബ് അംഗങ്ങൾ ക്ലാസ് മുറിയിലെ ഗണിത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാവുന്നതാണ്.

## 3. അബാക്കസ് പരിശീലനം

ക്രിയാമാർഗങ്ങളിലൂടെ മാത്രം എന്ന ഗണിതചിന്താരീതിയിൽ മാറ്റം വരുത്തി മനോവ്യാപാരത്തിലൂടെ(മനക്കണക്ക്) ഉത്തരത്തിലെത്തുന്ന രീതി പഠിപ്പിക്കാൻ ക്ലാസിൽ നിന്ന് രണ്ട് കുട്ടികളെ തിരഞ്ഞെടുത്ത് അബാക്കസ് പരിശീലനം നൽകുന്നു. ഈ കുട്ടികളെ ഉപയോഗപ്പെടുത്തി ക്ലാസിലെ മറ്റു കുട്ടികൾക്കും പരിശീലനം നൽകാവുന്നതാണ്. ഇതുവഴി കുട്ടികൾക്ക് ഗണിതത്തോടുള്ള താല്പര്യം വളർത്താൻ സാധിക്കും.

## 4. സ്കൂൾ ഗണിതലാബ്

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത രൂപങ്ങളും കുട്ടികളിൽ ഗണിത ചിന്തകൾ വളർത്താൻ സഹായിക്കുന്ന പഠനോപകരണങ്ങളും ഉൾപ്പെടുത്തി സ്കൂളിൽ ഒരു ഗണിത ലാബ് സജ്ജീകരിക്കാവുന്നതാണ്. ഗണിത ലാബിൽ സംഖ്യകളുടെ വിസ്മയം, ഗണിത കളികൾ,... എന്നിവയെല്ലാം ആകർഷകമായ രീതിയിൽ പ്രദർശിപ്പിക്കുന്നത് നന്നായിരിക്കും. കുട്ടികൾ തന്നെ ഉണ്ടാക്കി കൊണ്ടുവരുന്ന ഗണിത രൂപങ്ങളും ലാബിൽ പ്രദർശിപ്പിക്കാവുന്നതാണ്.

## 5. ഡിജിറ്റൽ മാത്സ് മാഗസിൻ

ക്ലാസ് തലത്തിൽ മാത്തമാറ്റിക്സ് പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കാവുന്ന ഒന്നാണ് ഡിജിറ്റൽ മാത്സ് മാഗസിൻ. ഗണിത ഫോർമുലകൾ, കണക്കിലെ കളികൾ, ജ്യോമിതീയരൂപങ്ങൾ, കണക്ക് വിഷയമായി കുട്ടികൾ എഴുതുന്ന കഥകൾ, കവിതകൾ, ശേഖരിക്കുന്ന പഴഞ്ചൊല്ലുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് ക്ലാസ് അടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ് ഈ ഡിജിറ്റൽ മാഗസിൻ. അവയിലെ മികച്ച ഉത്പന്നങ്ങൾ ഉൾച്ചേർത്ത് സ്കൂൾതലത്തിലും മാഗസിൻ നിർമ്മിക്കാവുന്നതാണ്.

## 6. ഗണിത പ്രദർശനം

ക്ലാസ് തലത്തിൽ മാത്തമാറ്റിക്സ് പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കാവുന്ന ഡിജിറ്റൽ മാത്സ് മാഗസിനിൻ ഉൾപ്പെടുത്തിയതും അല്ലാത്തതുമായ ഗണിത രൂപങ്ങളുടേയും ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെയും, ജ്യോമിതീയരൂപങ്ങൾ, കണക്ക് വിഷയമായി കുട്ടികൾ എഴുതുന്ന കഥകൾ, കവിതകൾ, ശേഖരിക്കുന്ന പഴഞ്ചൊല്ലുകൾ, പ്രൊജക്റ്റുകൾ തുടങ്ങിയവയുടെയും പ്രദർശനം സ്കൂളിൽ ഒരുക്കാവുന്നതാണ്. കൂടാതെ, ലോക ശ്രദ്ധ നേടിയ ചരിഞ്ഞ ഗോപുരം, ബുർജ് ഖലീഫ, കുത്തബ് മിനാർ, ഡൽഹിയിലെ ജൻഡർ മന്ദിർ തുടങ്ങിയവയുടെയെല്ലാം മോഡലുകൾ നിർമ്മിച്ച്, അവയിൽ ഉൾക്കൊണ്ടിരിക്കുന്ന ഗണിതശാസ്ത്രം വ്യക്തമാക്കുന്ന വിവരണങ്ങളോടുകൂടിയുള്ള പ്രദർശനമായിരിക്കണം ഒരുക്കേണ്ടത്. അതോടൊപ്പം, വിദ്യാസമ്പന്നരല്ലെന്ന് നമ്മൾ കരുതുന്ന, എന്നാൽ, വിദ്യാസമ്പന്നരേക്കാൾ കൃത്യമായ ഗണിതബോധമുള്ള വെൽഡർ, വയർമാൻ, പ്ളംബർ, ബിൽഡിങ് കോൺട്രാക്ടർ, മേസ്തിരിമാർ, ആശാരിമാർ തുടങ്ങിയവരുടെ അനുഭവങ്ങൾ, ചിത്രങ്ങൾ, വർക്കിംങ് മോഡലുകൾ തുടങ്ങിയവയും പ്രദർശിപ്പിക്കുന്നതാണ്.

# വിവര സാങ്കേതികവിദ്യ

## പഠനലക്ഷ്യങ്ങൾ

1. വിവര സാങ്കേതികവിദ്യയിൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അടിസ്ഥാന ധാരണ ഉറപ്പാക്കുക.
2. ലിറ്റിൽ കൈറ്റ്സിൻെറ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക.
3. ക്ലാസ് റൂം പഠനത്തിൽ വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
4. കമ്പ്യൂട്ടർ ലാബ് വെർച്ച്വൽ ക്ലാസ് റൂം ആക്കുക
5. ഭാഷാപഠനവും വിഷയപഠനവും ഡിജിറ്റലൈസ് ചെയ്യുക.

# പ്രവർത്തനങ്ങൾ

## 1. ഐ ടിയിൽ അധ്യാപക പരിശീലനം

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വിവരസാങ്കേതികവിദ്യയിൽ അടിസ്ഥാന ധാരണ ഉറപ്പാക്കുന്നതിന്റെ മുന്നോടിയായി സ്കൂളിലെ മുഴുവൻ അധ്യാപകർക്കും വിവരസാങ്കേതികവിദ്യയിൽ നൂതനമായ പരിശീലന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുക. ഐടിയിൽ അടിസ്ഥാന ധാരണ നേടി മുഴുവൻ അധ്യാപകരും ക്ലാസ് റൂം വിനിമയത്തിൽ വിവരസാങ്കേതികവിദ്യയെ പൂർണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. മാറിയ സാഹചര്യത്തിൽ ഐ ടി അധിഷ്ഠിത ക്ളാസ് റൂം പഠനം കുട്ടിയുടെ അവകാശമാണ്. അത് ക്ളാസ് മുറിയിൽ ഉറപ്പുവരുത്തണം. കുട്ടികളുടെ പഠന പ്രക്രിയയിൽ അവരെ പുതുവഴിയിലേക്ക് നയിക്കുന്നതിന് ഐ ടി അധിഷ്ഠിത പഠനം കാരണമായിത്തീരും.

## 2. വിവരസാങ്കേതികവിദ്യയിൽ വിജ്ഞാന മേള

സ്കൂളിലെ മുഴുവൻ കുട്ടികളിലും വിവരസാങ്കേതിക വിദ്യയുടെ അടിസ്ഥാന ധാരണകൾ ഉറപ്പിക്കുന്നതിനായി ഒരു ഐടി വിജ്ഞാന മേള പ്രഖ്യാപിക്കുക. സ്കൂൾ തുറക്കുന്ന ആദ്യ മാസം തന്നെ നിശ്ചിതദിവസം നീണ്ടുനിൽക്കുന്ന ഒരു മേളയായിരിക്കണം ഇത്. ഇതുവഴി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വിവരസാങ്കേതികവിദ്യാപഠനം നിർദ്ദേശിക്കുന്ന പ്രകാരം കമ്പ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുക എന്നുള്ളതാണ് ഉദ്ദേശം. കമ്പ്യൂട്ടറിൻറെ അനുബന്ധ ഉപകരണങ്ങൾ, ആപ്ലിക്കേഷൻസ്, സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, ഇവ തമ്മിലുള്ള വ്യത്യാസം, കമ്പ്യൂട്ടർ കൈകാര്യം ചെയ്യേണ്ട രീതി, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ടൈപ്പിംഗ്, പേജ് സെറ്റിംഗ്സ്, പിഡിഎഫ് നിർമ്മിക്കൽ തുടങ്ങി കമ്പ്യൂട്ടർ ഉപയോഗവുമായി ബന്ധപ്പെട്ട പ്രധാന മേഖലകളെ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയും അതിൽ പരിശീലനം നൽകുകയും ചെയ്യുക. അതുവഴി മുഴുവൻ കുട്ടികൾക്കും സാങ്കേതികവിദ്യയോട് കൂടുതൽ ആഭിമുഖ്യം ഉണ്ടാകുന്നതിനും താല്പര്യത്തോടുകൂടി ഐ ടി പഠിക്കുന്നതിനും സഹായിക്കും.

## 3. വെർച്ച്വൽ ക്ലാസ്സ് റൂം

സ്കൂളിൽ ഒരു വെർച്വൽ ക്ലാസ്സ് റൂം സെറ്റ് ചെയ്യേണ്ടതാണ്. നിലവിലുള്ള ഐടി റൂം അതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ശാസ്ത്ര വിഷയങ്ങൾ, സാമൂഹികശാസ്ത്രം തുടങ്ങിയവയിൽ കുട്ടികൾക്ക് പുത്തൻ പഠനാനുഭവം ലഭിക്കുന്നതിന് ഇത് സഹായിക്കും. അതുവഴി ക്ലാസ് റൂം ശാസ്ത്ര ലാബായി മാറുകയും അനുബന്ധ ചിത്രങ്ങളും പരീക്ഷണങ്ങളും കുട്ടികൾക്ക് ഡിജിറ്റലായി ആസ്വദിക്കുന്നതിന് സഹായകമാവുകയും ചെയ്യും.

## 4. ഡിജിറ്റലൈസ്ഡ് പഠനത്തിന്റെ സാധ്യതകൾ

ക്ലാസ് റൂം പഠനം ഡിജിറ്റലൈസ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക. ഡിജിറ്റലൈസ് ചെയ്യുന്നത് വഴി കുട്ടികൾക്ക് പഠനത്തോടുള്ള താൽപര്യം വർദ്ധിക്കുന്നതിന് സഹായിക്കും. അറിവ് നിർമ്മാണ പ്രക്രിയയിൽ ഇന്റർനെറ്റിന്റെ ഉപയോഗം കാര്യക്ഷമമാക്കുന്നതും നല്ലതാണ്. ക്ലാസ് മുറി ഒരു വിവരവിനിമയ മുറിയായി മാറുന്ന കാലമാണ് നമ്മുടെ മുമ്പിലുള്ളത്. ബോധന കേന്ദ്രം പാഠപുസ്തകത്തിൽ നിന്ന് വിവര സാങ്കേതിക വിദ്യയിലേക്ക് വഴിമാറുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. പുതിയ കാലത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിന് നമ്മുടെ കുട്ടികൾക്ക് അവസരം ലഭിക്കണം. ലോകം മുന്നേറുന്നത് അനുഭവിച്ചറിയുന്നതിനും അതിനനുസൃതമായ ആത്മവിശ്വാസത്തോടുകൂടി അറിവ് നിർമ്മാണ പ്രക്രിയയിൽ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് ഇടപെടുന്നതിനും ഉള്ള അവസരം നമ്മുടെ കുട്ടികൾക്കും ലഭിക്കണം. ഇത്തരം സാധ്യതകൾ ക്ലാസ് മുറികളിലേക്ക് കൊണ്ടുവരുന്നതിന് ഡിജിറ്റലൈസ്ഡ് പഠന രീതി സഹായകമാകും. സ്കൂളിലെ മുഴുവൻ ക്ലാസ് മുറികളിലും ഇത് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

# കലാപരിശീലനം

## പഠനലക്ഷ്യങ്ങൾ

1. കലാരംഗത്ത് തൽപരരായ കുട്ടികളെ അവരുടെ താൽപര്യത്തിനനുസരിച്ച് സംഗീതം, സാഹിത്യം, പ്രസംഗം തുടങ്ങിയ മേഖലകളിലേക്ക് തിരിച്ച് ആവശ്യമായ പരിശീലനം നൽകുക.
2. ഓരോ കുട്ടിയുടെയും സർഗാത്മകശേഷികൾ കണ്ടെത്തുക.
3. സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിന് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും അവസരം നൽകുക.
4. ആത്മവിശ്വാസത്തോടെ സർഗ്ഗശേഷികൾ ആവിഷ്കരിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുക.

# പ്രവർത്തനങ്ങൾ

സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദിയുമായി സഹകരിച്ച് കലാരംഗത്ത് വിവിധ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുകയാണ് ലക്ഷ്യം. സംഗീതം, സാഹിത്യം, പ്രസംഗം, ചിത്രരചന എന്നിങ്ങനെ വിവിധ മേഖലകളിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരെ വ്യത്യസ്ത ഗ്രൂപ്പുകളാക്കി മാറ്റി ആവശ്യമായ പരിശീലനം നൽകുക.

## 1. സർഗ്ഗ ശില്പശാല

സ്കൂളിലെ കുട്ടികളുടെ സർഗ്ഗശേഷികൾ കണ്ടെത്തുന്നതിന് ഒരു ശില്പശാല സംഘടിപ്പിക്കാം. അതുവഴി പാടാൻ കഴിവുള്ള കുട്ടികൾ, എഴുതാൻ കഴിവുള്ള കുട്ടികൾ, വരയ്ക്കാൻ കഴിവുള്ള കുട്ടികൾ, നൃത്തം ചെയ്യാൻ കഴിവുള്ള കുട്ടികൾ എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുക.

## 2. സംഗീത ക്ലബ്ബ്

സംഗീതത്തിൽ കഴിവും താല്പര്യവുമുള്ള കുട്ടികളുടെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഒരു സംഗീത ക്ലബ്ബിന് രൂപം നൽകി പ്രവർത്തിക്കാവുന്നതാണ്. സംഗീത അധ്യാപകനായിരിക്കണം അതിന്റെ ചുമതല. സംഗീത ശില്പശാലകൾ സംഘടിപ്പിക്കുക, സംഗീതവുമായി ബന്ധപ്പെട്ട നൂതന സാധ്യതകൾ പരിചയപ്പെടുത്തുക, പുത്തൻ പാട്ടുകൾ പഠിച്ച് വാദ്യോപകരണങ്ങളുടെ സഹായത്തോടെയും അല്ലാതെയും പാടുന്നതിന് അവസരം ഒരുക്കുക, സ്കൂൾതരത്തിൽ മ്യൂസിക് ട്രൂപ്പിന് രൂപം നൽകുക, സ്കൂളിലെ വിവിധ പൊതു പരിപാടികളോട് അനുബന്ധിച്ച് ഗാനമേള പോലുള്ള സംഗീത സദസ്സുകൾ ഒരുക്കുക തുടങ്ങി ധാരാളം കാര്യങ്ങൾ ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെയ്യാവുന്നതാണ്.

## 3. സ്കൂൾ റേഡിയോ

സംഗീത ക്ലബ്ബിന്റെ നേതൃത്വത്തിൽ ആരംഭിച്ച് പ്രവർത്തിക്കാവുന്ന ഒരു സംവിധാനമാണ് സ്കൂൾ റേഡിയോ. എല്ലാദിവസവും രാവിലെയും ഉച്ചയ്ക്കും റേഡിയോ പ്രക്ഷേപണം ചെയ്യാവുന്നതാണ്. സംഗീതത്തിനായിരിക്കും കൂടുതൽ പ്രാധാന്യം നൽകുന്നത്. കൂടാതെ, വാർത്തകൾ, മിമിക്രി പോലുള്ള കലാരൂപങ്ങൾ എന്നിവയും ഉൾപ്പെടുത്താവുന്നതാണ്. സ്കൂൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ വാട്സ്ആപ്പ് ഗ്രൂപ്പ് വഴിയും യൂട്യൂബ് ചാനൽ വഴിയും രക്ഷിതാക്കളിലും എത്തിക്കാൻ സാധിക്കും. ഇപ്പോൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്ന ന്യൂസ് റീഡേഴ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളും സ്കൂൾ റേഡിയോയുമായി ചേർത്ത് കൊണ്ടുപോകാവുന്നതാണ്.

## 4. പ്രസംഗ കളരി

നന്നായി സംസാരിക്കാൻ കഴിയുക എന്നത് ഒരു കഴിവാണ്. അത്തരം കഴിവുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകിയാൽ നല്ല പ്രാസംഗികരെ സൃഷ്ടിക്കാൻ സാധിക്കും. പ്രസംഗകലയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ഒരു പ്രസംഗ കളരി സംഘടിപ്പിക്കാവുന്നതാണ്. ഈ പ്രസംഗ കളരിയിൽ ശാസ്ത്രീയമായി എങ്ങനെ പ്രസംഗകലയെ സമീപിക്കണം എന്ന വിവരം കുട്ടികൾക്ക് കൊടുക്കണം. വ്യത്യസ്ത വിഷയങ്ങൾ നൽകി പ്രസംഗം എഴുതി

തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും അവസരം നൽകാവുന്നതാണ്. ഇത്തരത്തിൽ അവതരണം നടത്തുമ്പോൾ നന്നായി പ്രസംഗിക്കുന്നവരെ കണ്ടെത്തുകയും അവർക്ക് തുടർന്ന് പ്രോത്സാഹനം നൽകുകയും ചെയ്യണം. ഇടയ്ക്കിടയ്ക്ക് അവർ ഒത്തുകൂടുന്നതിനും പ്രസംഗിക്കുന്നതിനും അവസരം ഒരുക്കണം. അവർ നടത്തുന്ന മികച്ച പ്രസംഗങ്ങൾ സ്കൂൾ അസംബ്ലി, പൊതുപരിപാടികൾ എന്നിവയിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്യണം. ഇത്തരം കുട്ടികളെ ഉപജില്ല-ജില്ല മത്സരങ്ങളിലും പങ്കെടുപ്പിക്കുന്നതിന് സാധിക്കും.

## 5. നൃത്തവിദ്യാ മന്ദിർ

നൃത്തകല പഠിക്കുന്നതിനും അവതരിപ്പിക്കുന്നതിനും താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവരുടെ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകുന്നതിന് ആവശ്യമായ ഒരു നൃത്തവിദ്യാ മന്ദിർ സ്കൂളിൽ ആരംഭിക്കാവുന്നതാണ്. പുറത്തുനിന്നുള്ള പ്രഗൽഭരായ നൃത്ത അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്ക് ഏറ്റവും നല്ല പരിശീലനം നൽകുന്നതിന് സാധിക്കും. ഏതെങ്കിലും രണ്ടോ മൂന്നോ ഇനം മാത്രം തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നതായിരിക്കും ഉചിതം. ഇത്തരം ഘട്ടത്തിൽ ഏറ്റവും ആവശ്യമുള്ള ഇനം ഏതാണ് എന്ന് കണ്ടെത്തുകയും ആ ഇനത്തിൽ ഏറ്റവും നല്ല പരിശീലകനെക്കൊണ്ട് പരിശീലിപ്പിക്കുകയും ചെയ്യണം. അത്തരം പരിശീലനം സ്കൂളിന്റെ കലാരംഗത്തെ മികച്ച പ്രകടനങ്ങളിലേക്ക് വഴിയൊരുക്കും.

# കായിക പരിശീലനം

## പഠനലക്ഷ്യങ്ങൾ

1. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മാനസിക ശാരീരിക ആരോഗ്യം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക.
3. എയ്റോബിക്സ്, സൂംബ, കരാട്ടെ, യോഗ എന്നിവയിൽ മുഴുവൻ കുട്ടികൾക്കും പരിശീലനം നൽകുക.
4. സ്കൂളിന്റെ ലഭ്യമായ സൗകര്യങ്ങൾ മുഴുവനും പ്രയോജനപ്പെടുത്തുക.
5. ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ, ഹോക്കി തുടങ്ങിയവയിൽ തൽപരരായ മുഴുവൻ കുട്ടികൾക്കും പരിശീലനം നൽകാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
6. സ്കൂളിലെ സന്നദ്ധ സംഘടനകളുടെ സഹായസഹകരണത്തോടുകൂടി ക്യാമ്പസിനെ മാലിന്യമുക്തമാക്കാനും ഹരിതാഭമാക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക

# പ്രവർത്തനങ്ങൾ

## 1. നീന്തൽ പരിശീലനം

എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക. നവംബർ മാസത്തിൽ ബാവലിപ്പുഴയിൽ താൽക്കാലിക തടയണ കെട്ടി മൂന്ന് മാസം പരിശീലനം നൽകാം. ആൺ കുട്ടികൾക്ക് രാവിലെയും പെൺ കുട്ടികൾക്ക് വൈകുന്നേരവും എന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്. ഇതുവഴി കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാം എന്ന മാത്രമല്ല, ഒരു അപകടസാധ്യതയും ഒഴിവാക്കാനാകും.

## 2. ചെസ്സ് പരിശീലനം

കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചക്ക് ചെസ് പരിശീലനം ഉത്തമമാണ്. ആയതിനാൽ, തൽപര്യമുള്ള മുഴുവൻ കുട്ടികൾക്കും ചെസ് പരിശീലനം നൽകുന്നതാണ്.

## 3. പ്രഥമ ശുശ്രൂഷ പരിശീലനം

അടിയന്തര സാഹചര്യങ്ങളിൽ എന്തൊക്കെ എങ്ങനെ ചെയ്യണം എന്ന് കുട്ടികളെ പരിശീലിപ്പിക്കുക. പ്രഥമ ശുശ്രൂഷാരീതികളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുകയും ശാസ്ത്രീയമായി എങ്ങനെ അത് ചെയ്യാം എന്ന് കൃത്യമായി കാണിച്ചു കൊടുക്കുകയും ചെയ്യുക. തലകറങ്ങി വീണാൽ, ഹൃദയാഘാതം ഉണ്ടായാൽ, വൈദ്യുതാഘാതം ഏറ്റാൽ, ആഹാര സാധനങ്ങളും മറ്റും വായിലോ മൂക്കിലോ കുടുങ്ങിയാൽ, രക്തസ്രാവം ഉണ്ടായാൽ, ഒടിവ്-ചതവ് ഉണ്ടായാൽ, ഭക്ഷ്യവിഷബാധയേറ്റാൽ തുടങ്ങി അടിയന്തിര ഘട്ടങ്ങളിൽ എങ്ങനെ പെരുമാറണം എന്ന് കുട്ടികളെ പഠിപ്പിക്കുക. അതിനായി പ്രത്യേക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം. മോക്ക്ഡ്രിൽ നടത്തി കുട്ടികൾക്ക് അത്തരം സന്ദർഭങ്ങൾ അനുഭവവേദ്യമാക്കി കൊടുക്കണം.

## 4. ഹെൽത്ത് ഡയറി

കുട്ടികളുടെ ശാരീരിക ക്ഷമത വിവിധ ഏകകങ്ങൾ ഉപയോഗിച്ച് പരിശോധിക്കുകയും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും നിലനിർത്തുന്നതിനും ഓരോ കുട്ടിക്കും പ്രത്യേക നിർദ്ദേശങ്ങൾ നൽകുകയും, കൃത്യമായ ഇടവേളകളിൽ അത് പരിശോധിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. ആരോഗ്യപ്രവർത്തനങ്ങൾ കുറിച്ച് വെക്കുന്ന ഒരു ഡയറി സൂക്ഷിക്കുകയും ചെയ്യുക.

## 5. അടിയന്തിര ജീവിതസാഹചര്യങ്ങൾ പരിചയപ്പെടുത്തുക.

തീപിടുത്തം, ഭൂമികുലുക്കം, വാഹനാപകടം, വന്യമൃഗങ്ങളുടെ ആക്രമണം, കലാപം ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിനായി മോക്ക് ഡ്രില്ലുകൾ സംഘടിപ്പിച്ച് കുട്ടികളെ ബോധവൽക്കരിക്കുക.

## 6. നോട്ടീസ് ബോർഡ്

കുട്ടികളെ സ്പോർട്സിലേക്ക് ആകർഷിക്കുന്നതിനായി സ്പോർട്സുമായി ബന്ധപ്പെട്ട വാർത്തകൾ, കായിക താരങ്ങളുടെ നേട്ടങ്ങൾ, ജന്മദിനം, അവരുടെ മോട്ടിവേഷണൽ വാക്കുകൾ, കൗതുകകരമായ വാർത്തകൾ, ആരോഗ്യം കാത്തുസൂക്ഷിക്കാനുള്ള ടിപ്പുകൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് ഒരു നോട്ടീസ് ബോർഡ് സ്ഥാപിക്കാവുന്നതാണ്. ഈ സ്പോർട്സ് നോട്ടീസ് ബോർഡ് മെയിന്റയിൻ ചെയ്യുന്നതിനായി കുട്ടികളെ തന്നെ ഏൽപ്പിക്കാം. അതിനായി സ്പോർട്സ് ക്ലബ്ബ് അംഗങ്ങളായ കുട്ടികളെ തെരഞ്ഞെടുക്കാവുന്നതാണ്.

## 7. സ്പോർട്സ് ഡേ ക്വിസ്

സ്പോർട്സ് ഡേയുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ നടത്തുക. ദേശീയ-അന്തർദേശീയ കായികദിനങ്ങൾ, പ്രമുഖ കായിക താരങ്ങളുടെ ജന്മദിനം, ഒളിംബിക്സ് പോലുള്ള അന്താരാഷ്ട്ര മത്സരവേളകൾ എന്നിവയോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ നടത്താവുന്നതാണ്.

## 8. കൈത്താങ്ങാകുക.

വിവിധ കായിക ഇനങ്ങളിൽ മുന്നിട്ട് നിൽക്കുന്നവർക്കും താല്പര്യമുള്ളവർക്കുമായി വിവിധ സ്പോർട്സ് അക്കാദമികൾ ഏതൊക്കെയാണ്, അവയിൽ എത്തിച്ചേരാൻ എന്ത് ചെയ്യണം എന്നിവയെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കി കൊടുക്കുക. ദേശീയ, അന്തർദേശീയ നിലവാരത്തിലുള്ള കായിക സ്ഥാപനങ്ങളെ പരിചയപ്പെടുത്തുകയും അവയുടെ അഡ്മിഷനെക്കുറിച്ചും മറ്റും ബോധവൽക്കരിക്കുക.

## 9. സ്പോർട്സ് ക്ളബ്ബ്

സ്പോർട്സിനോട് താല്പര്യമുള്ളവരെ ഉൾപ്പെടുത്തി സ്പോർട്സ് ക്ലബ് രൂപീകരിക്കുകയും ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യാം. സ്കൂളിലെ വിവിധ കായിക പരിപാടികൾക്ക് നേതൃത്വം നൽകാനും മേൽനോട്ടം വഹിക്കാനും ആശയങ്ങൾ രൂപീകരിച്ച് കുട്ടികളിലേക്ക് എത്തിക്കാനും കൂടുതൽ കുട്ടികളുടെ പങ്കാളിത്ത ഉറപ്പുവരുത്താനും കഴിയുന്ന വിധത്തിലാവണം ക്ലബ്ബിന്റെ രൂപഘടനയും പ്രവർത്തനവും.

## 10. പുത്തൻ മേച്ചിൽപ്പുറങ്ങൾ

കുട്ടികൾക്ക് അത്ര പരിചയം ഇല്ലാത്തതും എന്നാൽ, കൂടുതൽ സാധ്യതകളുള്ളതുമായ വിവിധ ഗെയിമുകൾ കണ്ടെത്തി പരിശീലനം നൽകുക. ആ മേഖലയിലേക്ക് എത്തുന്നവരെ ഉന്നത നിലവാരത്തിലേക്ക് വളർത്തിയെടുക്കുക.

## 11. എല്ലാവർക്കും എന്നും വ്യായാമം

എല്ലാ ദിവസവും ക്ലാസ് തുടങ്ങുന്നതിനു മുന്നോടിയായി പ്രാർത്ഥനയ്ക്ക് മുൻപോ ശേഷമോ രണ്ടോ മൂന്നോ മിനിറ്റ് അടിസ്ഥാന വ്യായാമമുറകൾ ചെയ്യുക. ക്ലാസിൽ കൂടുതൽ ഉന്മേഷത്തോടെ ഇരിക്കുന്നതിനും പഠനത്തിൽ ശ്രദ്ധിക്കുന്നതിനും ഇത് സഹായകരമാകും.

## 12. ക്ളാസ് തല സ്പോർട്സ് ലീഡർ

ഓരോ ക്ലാസിലെയും കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സ്പോർട്സിനോട് താല്പര്യമുള്ള കുട്ടികളെ സ്പോർട്സ് ലീഡർമാരായി തിരഞ്ഞെടുക്കാവുന്നതും അവരെ ഉൾപ്പെടുത്തി സ്കൂൾ സ്പോർട്സ് ക്ളബ്ബ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതുമാണ്.

## 13. നവ മാധ്യമങ്ങളിലൂടെ പുതുയുഗത്തിലേക്ക്

സ്കൂളിലെ വിവിധ കായിക പരിപാടികളുടെ വിവരങ്ങൾ, ചിത്രങ്ങൾ, വീഡിയോകൾ എന്നിവ എല്ലാവരിലേക്കും എത്തിക്കുന്നതിനായി സ്കൂളിലെ സ്പോർട്സ് ക്ളബ്ബിൻെറ പേരിൽ ഇൻസ്റ്റാഗ്രാം, ഫെയ്സ്ബുക്ക് അക്കൗണ്ടുകൾ ക്രിയേറ്റ് ചെയ്തു പ്രദർശിപ്പിക്കാവുന്നതാണ്. ഇത് പങ്കെടുക്കുന്ന കുട്ടികൾക്ക് അംഗീകാരമാവുകയും മറ്റു കുട്ടികൾക്ക് പ്രചോദനമാവുകയും സ്കൂളിൻെറ യശസ് ഉയരുന്നതിന് കാരണമാകുകയും ചെയ്യും

# പ്രവർത്തി പരിചയം

## പഠനലക്ഷ്യങ്ങൾ

1. നിർമ്മാണാത്മക മേഖലയിൽ കഴിവും താല്പര്യവുമുള്ള മുഴുവൻ കുട്ടികൾക്കും അവസരങ്ങൾ കൊടുക്കുക.
2. ഭാവന, സർഗാത്മകത, നിർമ്മാണ ശേഷി എന്നിവയിൽ കഴിവുള്ള മുഴുവൻ കുട്ടികൾക്കും അവസരങ്ങൾ കൊടുക്കുക.
3. വിഷയപഠനവുമായി പ്രവർത്തിപരിചയത്തെ ബന്ധിപ്പിക്കുക.
4. പേപ്പർ ക്രാഫ്റ്റ്, ബീഡ്സ് വർക്ക്, കുടനിർമ്മാണം, പാഴ് വസ്തുക്കളിൽ നിന്നുള്ള പഠനോപകരണ നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്, ഫേബ്രിക് പെയിന്റിംഗ്, അഗർബത്തി നിർമ്മാണം തുടങ്ങി ഓരോ കുട്ടിയുടെയും കഴിവുകളും താല്പര്യവും കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

# പ്രവർത്തനങ്ങൾ

## 1. പ്രവർത്തിപരിചയ ക്ലബ്ബ്

പ്രവർത്തി പരിചയത്തിൽ താല്പര്യമുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി സ്കൂളിൽ ഒരു പ്രവർത്തിപരിചയ ക്ലബ്ബിന് രൂപം നൽകുക. പ്രവർത്തി പരിചയത്തിൽ താൽപര്യവും കഴിവും ഉള്ള അധ്യാപകർക്ക് ക്ലബ്ബിന്റെ ചുമതല നൽകാവുന്നതാണ്. ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും കുട്ടികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്യാവുന്നതാണ്. ഇതുവഴി കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും സാധിക്കും.

## 2. പ്രവർത്തി പരിചയ ശില്പശാല

സ്കൂളിലെ നിർമ്മാണാത്മകശേഷിയുള്ള മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു പ്രവർത്തി പരിചയ ശില്പശാല സംഘടിപ്പിക്കുക. പ്രവർത്തിപരിചയമേളയിൽ ഡിപ്പാർട്ട്മെന്റ് ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ മേഖലകളിലും കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകാൻ പ്രാപ്തരായവരെ കണ്ടെത്തി ശില്പശാല വിജയിപ്പിക്കാവുന്നതാണ്. ശിൽപശാലയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തുടർ പരിശീലനം നൽകേണ്ടതാണ്. അവരായിരിക്കണം പിന്നീട് ഉപജില്ലാ-ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കേണ്ടത്. ശില്പശാല രണ്ടോ മൂന്നോ ദിവസങ്ങളിലായി ക്രമീകരിക്കാവുന്നതാണ്. ഇതിനായി, സ്കൂളിലെ സന്നദ്ധ സംഘടനകളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.

## 3. സ്കൂൾ ആർട്ട് ഗാലറി

സ്കൂളിലെ കലാഭിരുചിയുള്ള കുട്ടികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവരെ പ്രോത്സാഹിപ്പികികുന്നതിനും സ്കൂളിൽ ഒരു ആർട്ട് ഗാലറി ഒരുക്കാവുന്നതാണ്. സ്കൂൾ ആർട്ട് ഗാലറിയിൽ കുട്ടികളുടെ എല്ലാത്തരം കലകളുടേയും പ്രദർശനം ഒരുക്കുന്നത് നല്ലതാണ്. പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ, ഓയിൽ പെയിൻറിംഗ്, ഡിജിറ്റൽ പെയിൻറിംഗ്, വെജിറ്റബിൾ പ്രിൻറിംഗ്, പേപ്പർ ക്രാഫ്റ്റ്, മെറ്റൽ എൻഗ്രേവിംഗ്, ത്രെഡ് പാറ്റേൺ, ക്നിറ്റിംഗ് വർക്ക് തുടങ്ങി കുട്ടികളുടെ ഏതുതരം കലകളുടേയും ആവിഷ്കാരത്തിനന്റെ പ്രദർശനം ഒരുക്കാവുന്നതാണ്. ഒരു കുട്ടിയുടേത് മാത്രമായോ ഒരു ക്ലാസിലെ കലാഭിരുചിയുള്ള കുട്ടികളുടേത് ഒരുമിച്ചോ പ്രദർശനം ഒരുക്കേണ്ടതാണ്. കൂടാതെ, സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ, പ്രാദേശിക കലാകാരന്മാർ, പ്രശസ്തരായ കലാകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ, ശില്പങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും സ്കൂൾ ആർട്ട് ഗാലറിയിൽ ഒരുക്കുന്നത് നല്ലതാണ്. എല്ലാ പ്രദർശനങ്ങളും സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സമീപ സ്കൂളുകളിലെ കുട്ടികൾക്കും സ്കൂളിലെ രക്ഷിതാക്കൾക്കും നാട്ടുകാർക്കും കാണുന്നതിന് അവസരം ഒരുക്കേണ്ടതാണ്.

<u>മറ്റ് നൂതന സാധ്യതകൾ</u>

## 1. School App

സ്കൂളിന് സ്വന്തമായ ഒരു ആപ്പ് ഡെവലപ്പ് ചെയ്യുക. സ്കൂളിനു വേണ്ടി ഒരു ആപ്പ് ക്രിയേറ്റ് ചെയ്യുന്നതിന് താല്പര്യവും കഴിവുമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകുക. അവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ ഉൾപ്പെടുത്തി സ്കൂളിനുവേണ്ടി ഒരു ആപ്പ് നിർമ്മിക്കുക. ഈ ആപ്പിലൂടെ സ്കൂളിന്റെ മുഴുവൻ പ്രവർത്തനങ്ങളും പ്രത്യേകിച്ച്, കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ, ശാസ്ത്ര പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ, കണ്ടെത്തലുകൾ, പഠനങ്ങൾ എന്നിവയെല്ലാം ഈ ആപ്പിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൂർവവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവരെല്ലാം ഈ ആപ്പ് ഡൗൺലോഡ് ചെയ്യുന്നത് വഴി സ്കൂളിനെക്കുറിച്ചുള്ള വിവരങ്ങൾ, സ്കൂളിലെ വിദ്യാർഥികളുടെ നിലവാരം എന്നിവ മനസിലാക്കാൻ പൊതുസമൂഹത്തിന് സഹായകമാകും.

## 2. School Website

സ്കൂളിന്റെ പേരിൽ സ്വന്തമായി ഒരു വെബ്സൈറ്റ് ആരംഭിക്കുക. ഈ വെബ്സൈറ്റിൽ സ്കൂളിലെ കുട്ടികളുടെ പ്രവർത്തനങ്ങൾ, പ്രാദേശിക വികസന സൂചികകൾ, പ്രാദേശിക ടൂറിസം സാധ്യതകൾ, പ്രാദേശിക സംരംഭങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്താവുന്നതാണ്. ഇതുവഴി, സ്കൂളിന്റെ ഇമേജ് ബിൽഡ് ചെയ്യാം എന്നതിനപ്പുറം, ലോകത്തിൻെറ ഏത് കോണിലിരുന്നും കേളകത്തെക്കുറിച്ച് അന്വേഷിക്കുന്നവർക്ക് ഈ നാടിന്റെ എല്ലാ മുഖങ്ങളും അടുത്തറിയുന്നതിന് സഹായകമാവുകയും ചെയ്യും.

## 3. Facebook page

സ്കൂളിന് സ്വന്തമായി ഒരു ഫേസ്ബുക്ക് പേജ് നിർമ്മിക്കാം. ഈ പേജിലൂടെ സ്കൂളിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളുടെയും വീഡിയോകൾ, വാർത്തകൾ എന്നിവ അപ്‌ലോഡ് ചെയ്യാവുന്നതും ഫേസ്ബുക്ക് അക്കൗണ്ടുള്ള പൂർവവിദ്യാർത്ഥികൾ, നാട്ടുകാർ, മറ്റ് അഭ്യോദയകാംക്ഷികൾ എന്നിവർക്ക് സ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിന് സഹായകമാവുകയും ചെയ്യും. കൂടാതെ, കുട്ടികളുടെ പ്രവർത്തനങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് വഴി അവർക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നതിനും ഇത് സഹായകമാകും.

## 4. School Instagram

സ്കൂളിന്റെ പേരിൽ സ്വന്തമായി ഒരു ഇൻസ്റ്റഗ്രാം പേജ് ആരംഭിക്കണം. ഇൻസ്റ്റഗ്രാമിൽ കൂടുതൽ താല്പര്യമുള്ള പുതു തലമുറയിലെ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും സ്കൂളിനെക്കുറിച്ചും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ അറിയുന്നതിന് ഇത് സഹായകമാകും. സ്കൂൾ ഇൻസ്റ്റഗ്രാമിൽ സ്കൂളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഫോട്ടോകൾ വീഡിയോകൾ എന്നിവ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

# ഉപസംഹാരം

കേളകം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം അടുത്ത 5 വർഷത്തേക്ക് ഏറ്റെടുത്ത് നടത്താൻ ആഗ്രഹിക്കുന്ന പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. നമ്മുടെ സ്കൂളിന്റെ നിലവിലുള്ള സാഹചര്യം പരിഗണിച്ചും നമ്മുടെ സ്കൂളിലേക്ക് എത്തിപ്പെടുന്ന കുട്ടികളുടെ കുടുംബ – സാമൂഹിക പശ്ചാത്തലം മനസിലാക്കിയും അവർക്ക് ലഭ്യമാക്കാവുന്ന ഏറ്റവും നല്ല വിദ്യാഭ്യാസം ലക്ഷ്യം വെച്ചുകൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ട് കൊണ്ടുപോകുന്നത്. ഭാഷാവിഷയങ്ങൾക്കും ശാസ്ത്ര വിഷയങ്ങൾക്കും കലാകായികമേഖലയ്ക്കും തുല്യപ്രാധാന്യം നൽകുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കണം എന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിനാവശ്യമായ റിസോഴ്സ് അധ്യാപകർ നമ്മുടെ സ്കൂളിൽ ഉണ്ട്. അതോടൊപ്പം, മാനേജ്മെൻറ്, പിടിഎ, എം പി ടി എ, എസ് എം സി, എൽ എസ് ജി തുടങ്ങിയവയുടെ സഹകരണവും ഞങ്ങൾക്ക് ലഭിക്കും എന്ന വിശ്വാസം ഉണ്ട്. സ്കൂളിന്റെ അഭ്യുദയകാംക്ഷികളായ മുഴുവൻ വ്യക്തികളെയും ചേർത്തുനിർത്തികൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ, ഈ പ്രയത്നം വിജയിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

2022-27 കാലഘട്ടത്തിൽ നമ്മുടെ സ്കൂളിന് അഭൂതപൂർവ്വമായ മുന്നേറ്റം നടത്താനായി സാധിക്കും. 1964 ൽ സ്ഥാപിതമായ നമ്മുടെ സ്കൂളിൻെറ 60ാം വാർഷികം 2024 ൽ വിപുലമായി ആചരിക്കേണ്ടതുണ്ട്. സ്കൂളിന്റെ ചരിത്രവും സാമൂഹിക സ്ഥാനവും അടയാളപ്പെടുത്തുന്ന ഒരു സുവനീർ ഈ കാലഘട്ടത്തിൽ നമുക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കണം. അറുപത് വർഷങ്ങൾക്ക് മുമ്പ് ഈ നാട്ടിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം സ്വപ്നം കണ്ട പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ സാരഥികളെ ആദരിക്കുവാൻ നമുക്ക് സാധിക്കണം. ഈ സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലമായും പണമായും കായികമായും സഹകരിച്ച വ്യക്തിത്വങ്ങളെ ഓർക്കുകയും ആദരിക്കുകയും ചെയ്യണം. കഴിഞ്ഞ ആറ് ന്യൂറ്റാണ്ട് കാലം ഈ സ്കൂളിനെ മുന്നോട്ട് കൊണ്ടുപോയ പ്രധാനാധ്യാപകരെയും അധ്യാപകരേയും ആദരിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ, സ്കൂളുമായി ബന്ധപ്പെട്ട മുഴുവൻ വ്യക്തിത്വങ്ങളെയും അനുസ്മരിക്കുവാനും ആദരിക്കുവാനുമുള്ള അവസരമായി ഇത് മാറണം.

അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ട് വെച്ചിരിക്കുന്ന പ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിന് ആവശ്യമായ പണം കണ്ടെത്തേണ്ടതുണ്ട്. 5 വർഷം കൊണ്ട് 55 പ്രവർത്തനങ്ങൾക്ക് 7,77,000 രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. നിലവിലെ ഭൗതിക സാഹചര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതും ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ചിട്ടുള്ള ആർട്ട് ഗാലറി, ഗണിത ലാബ്, സാമൂഹ്യശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ്, കമ്മ്യൂണിറ്റി സയൻസ് മ്യൂസിയം എന്നിവ സജ്ജീകരിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ നമുക്ക് ആവശ്യമാണ്. അതോടൊപ്പം, കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്ക് അനുവദിച്ച് കിടക്കുന്ന അടൽ ടിങ്കറിംഗ് ലാബ് സജ്ജീകരിക്കുന്നതിനുള്ള സൗകര്യവും സ്കൂളിൽ ഒരുക്കേണ്ടതുണ്ട്. ചുരുക്കത്തിൽ,

നിലവിലെ ഭൗതീക സാഹചര്യങ്ങൾക്ക് പുറമെ **6** മുറികൾ**(20*20** വലുപ്പത്തിൽ**)** ഒരുക്കിയാൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളെല്ലാം ഭംഗിയായി നടത്താൻ നമുക്ക് സാധിക്കും.

ഹൈസ്കൂൾ തലത്തിൽ അടിസ്ഥാന വിദ്യാഭ്യാസമാണ് കുട്ടികൾക്ക് ലഭിക്കുന്നത്. കുട്ടികൾ എല്ലാ വിഷയങ്ങളിലും പ്രാഥമികമായ അറിവ് നേടുന്നതോടൊപ്പം കലാപരവും കായികവും സർഗാത്മകവുമായ മുഴുവൻ കഴിവുകളും കണ്ടെത്തി വികസിപ്പിക്കുന്നതിനും ഈ കാലഘട്ടം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ, അക്കാദമിക മാസ്റ്റർ പ്ലാനിൽ അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം അക്കാദമികേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. മലയാളവും ഇംഗ്ലീഷും ഹിന്ദിയും സ്കൂളിലെ മുഴുവൻ കുട്ടികളും പഠിക്കുന്നുണ്ട്. ഈ മൂന്ന് ഭാഷകളുടെയും ഉപയോഗവും ഉയർന്ന വിനിമയശേഷി വികസനവും ഉറപ്പുവരുത്തുവാൻ നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു. അതിന് ഈ മാസ്റ്റർ പ്ലാനിൽ ആവശ്യമായ പരിഗണന കൊടുത്തിട്ടുണ്ട്. ശാസ്ത്ര വിഷയങ്ങളിലും അടിസ്ഥാന ധാരണ ഉറപ്പിക്കുന്നതോടൊപ്പം അഭിരുചിയുള്ള കുട്ടികൾക്ക് ശേഷിവികസനത്തിനും പ്രകടനത്തിനും മതിയായ പ്രാധാന്യം കൊടുക്കുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂൾ ഒരു വിവര വിജ്ഞാന വിനിമയ ഹബ്ബായി മാറണം. അത്യാധുനിക കാലഘട്ടത്തിൽ വിദ്യ അഭ്യസിക്കുന്ന കുട്ടികൾക്ക് ഏറ്റവും നൂതനമായ വിജ്ഞാന സാധ്യതകൾ പ്രയോജനപ്പെടുത്തുവാനും അതുവഴി, പുതിയ കാലത്തിന് ചേർന്ന വിദ്യാസമ്പന്നരായ വിദ്യാർഥികളെ വളർത്തിയെടുക്കാനും നമ്മുടെ സ്ഥാപനത്തിന് സാധിക്കണം. ദേശീയ വിദ്യാഭ്യാസ ഏജൻസിയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പും മുന്നോട്ടുവെക്കുന്ന എല്ലാ വിദ്യാഭ്യാസ പ്രക്രിയയിലൂടെയും കുട്ടികളെ നയിക്കാനും പൗരസ്ത്യ സുവിശേഷ സമാജത്തിൻെറ വിദ്യാഭ്യാസലക്ഷ്യം സഫലമാക്കാനും സ്കൂളിലെത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്താനും നമ്മുടെ വിദ്യാലയത്തിന് സാധിക്കണം. ഇത്തരം മഹത്തായ ലക്ഷ്യങ്ങൾ സഫലമാക്കുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വഴിയൊരുക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

**നന്ദി...**

# പിന്നണിയിൽ

| | |
|---|---|
| എം വി മാത്യു | :പ്രധാനാധ്യാപകൻ |
| ഷൈന എം ജി | :എസ് ആർ ജി കൺവീനർ |
| ജോസഫ് കെ സി | :മലയാളം |
| കുസുമം പി എ | :ഇംഗ്ലീഷ് |
| ജീന മേരി തങ്കച്ചൻ | :ശാസ്ത്രം |
| ഫാ. എൽദോ ജോൺ | :സാമൂഹ്യശാസ്ത്രം |
| ലിജിമോൾ ജോർജ് | :ഗണിതം |
| ഷീന ജോസ് ടി | :പ്രവർത്തിപരിചയം |
| അനൂപ്കുമാർ പി വി | :കല |
| വിപിൻ ആന്റണി | :കായികം |

**ശുഭം...**